# ജീവനും വെളിച്ചവും

തിരുവനന്തപുരം അതിരൂപത പ്രസിദ്ധീകരണം

2010 മെയ്
പുസ്തകം-34
ലക്കം-5
വില 10 രൂപ



രക്ഷാധികാരി

മോസ്റ്റ് റവ. ഡോ. സൂസപാക്യം എം.

സഹ രക്ഷാധികാരി

മോൺ. യൂജിൻ എച്ച് പേരേര

ഉപദേശക സമിതി

മോൺ. വിൽഫ്രഡ് ഇ.
മോൺ. ജോൺ ഡി.ബോസ്കോ
മോൺ. നിക്കോളാസ് റ്റി.
റവ. ഫാ. ഹയസിന്ത് എം.നായകം
റവ. ഫാ. ജയിംസ് കുലാസ്
റവ. ഫാ. സാബാസ് ഇഗ്നേഷ്യസ്
റവ. ഫാ. ജെറോം നെറ്റോ
റവ. ഫാ. ജെറോം ഫെർണാണ്ടസ്
റവ. ഫാ. പത്രോക്രഷ്യസ്
റവ. ഫാ. ഷാജിൻ ജോസ്

പത്രാധിപ സമിതി

ഫാ. തിയോഡേഷ്യസ്
ഫാ. പോൾ സണ്ണി
ഫാ. ജസ്റ്റിൻ ജൂഡിൻ
ഡോ. ഐറിസ്
പിറ്റർ കട്ടികാട്ട്
ലിസ്ബ യേശുദാസ്
ടെറിൻ ലോറൻസ്
ഷൈജു അലക്സ്

പത്രാധിപർ

ഫാ. മെൽക്കൺ

സഹ പത്രാധിപർ

അഗസ്റ്റിൻ കണിപ്പിള്ളി

ഓഫീസ് നിർവ്വഹണം

സിസ്റ്റർ. ലില മുഴയിൽ dsp

അഡ്വർട്ടൈസ്മെന്റ് & മാർക്കറ്റിംഗ്

തോംസൺ ലോറൻസ്

ഡിസൈനിംഗ് & ലേഔട്ട്

ജോതി



ആനിമേഷൻ സെന്റർ, വെള്ളയമ്പലം
തിരുവനന്തപുരം-695 003
ഫോൺ: 2724001, 2313895, 2311620
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com












## ലേഖനങ്ങൾ


6 **മൊബൈൽ കാല ഭീതികൾ**
സാജൻ എവുജിൻ

10 **മൊബൈലും അതിന്റെ ദുരുപയോഗവും**
ഡോ. ഗിരീഷ്

12 **പത്തും പ്ല ടുവും കഴിഞ്ഞു ഇനിയെന്ത്?**
ജി.ആർ. അനിൽ

18 **ഒരു വികാരിയച്ചന്റെ കത്ത്**
ഫാ.ലെനിൻ ഫെർണാണ്ടസ്

22 **ദൈവഹിതം പൂർത്തിയാക്കി കൃതാർത്ഥതയോടെ**
ഡോ. സി.ജോസഫ്

25 **ഐ.പി.എൽ ന്റെ ഇടനാഴിയിൽ സംഭവിച്ചത്**
അഗസ്റ്റിൻ

28 **പുതിയനിയമത്തിൽ ക്രിസ്തുവിന്റെ പൗരോഹിത്യം**
ഡോ. ലോറൻസ് കുലാസ്


## കവിത


9 **പേരറിയാത്ത ഒരമ്മ**
സുനിത അലക്സ്

21 **എല്ലാം മിഥ്യ**
അനിൽകുമാർ ഡി.

28 **പൗരോഹിത്യ ചിന്ത**


## സ്ഥിരം പംക്തികൾ


16 **തിരിച്ചറിവ്**

30 **വാർത്തകൾ വിശേഷങ്ങൾ**

33 **നീർച്ചാലുകൾ**

38 **വചനജ്വാല**

40 **ഇളം തൂവൽ**

42 **ചിത്രവും ചരിത്രവും**



# ഉദ്ധരണികൾ

*ഹൃദയവും ഹൃദയവും തമ്മിലുള്ള ഐക്യമാണ് സ്നേഹം.* **വി. അഗസ്റ്റിൻ**

*എന്റെ സ്വർഗ്ഗവും ദൈവവിളിയും സ്നേഹമാണ്.*
**വി. കൊച്ചുത്രേസ്യ**

*സ്നേഹം വേദനിപ്പിക്കും എന്നാൽ മന:പൂർവ്വമല്ല*
**ലത്തീൻ പഴമൊഴി**

*സ്നേഹമാണ് സമാധാനത്തിന്റെ ആത്മാവ്*
**പോൾ ആറാമൻ മാർപ്പാപ്പ**

*അധികം പേർക്കും മറ്റുള്ളവരെ വെറുക്കാൻ വേണ്ടത്ര കാരണങ്ങളുണ്ട് എന്നാൽ സ്നേഹിക്കാൻ വേണ്ടത്രയില്ല താനും.* **അജ്ഞാതം**

*ലോകത്തിൽ നടമാടുന്ന അനീതിയുടെയും അക്രമത്തിന്റെയും പ്രധാന കാരണം സ്നേഹ ദാരിദ്ര്യമാണ്.*
**വി. മദർ തെരേസ**

*സംശയം പ്രവേശിക്കുന്ന വാതിലിലൂടെ സ്നേഹം പുറത്തുകടക്കും* **ഇംഗ്ലീഷ് പഴമൊഴി**

*സ്നേഹമാണ് ഈ ലോകത്തെ സൃഷ്ടിച്ചത് അതിന് ഈ ലോകത്തെ കീഴടക്കാനുള്ള ശക്തിയുണ്ട്.*
**ഗ്രീക്ക് പഴമൊഴി**

*സ്നേഹമാണ് വിശുദ്ധി പ്രാപിക്കുന്നതിനുള്ള ഒരേ ഒരു മാർഗ്ഗം.* **വി. കൊച്ചുത്രേസ്യ**

*സ്നേഹത്തിന് നിയമങ്ങളില്ല.* **വി. ജെറോം**

# പ്രതികരണങ്ങൾ

### കഥകളും സംസാരിക്കട്ടെ

വേറിട്ടൊരു വായനാനുഭവം പ്രദാനം ചെയ്തുകൊണ്ട് ജീവനും വെളിച്ചവും അവതരിപ്പിച്ച ദീപാ മാത്യുവിന്റെ ഒരു കഥാകാരിയുടെ അന്ത്യം എന്ന കഥയ്ക്ക് അഭിവാദനങ്ങൾ. പുതിയൊരവതരണ ശൈലിവായിച്ചെടുക്കാൻ ഈ കഥ സഹായകമായതിൽ സന്തോഷം. ഇത്തരം സൃഷ്ടികൾക്ക് ജീവനും വെളിച്ചവും ഇനിയും വെളിച്ചം നൽകട്ടെ. ആശംസകളോടെ

*സാലി, ക്രിസ്തുരാജപുരം*

### വിവാഹ ദൂർത്ത് സജീവ ചർച്ചയ്ക്ക് വിഷയമാകണം

വിവാഹ ധൂർത്തിനെ അധികരിച്ചുള്ള ഏപ്രിൽ ലക്കം ജീവനും വെളിച്ചവും ശ്രദ്ധേയമായി. കെ.ആർ മല്ലികയുടെ വേദനയുടെ സംവരണം എന്ന ലേഖനം വിവാഹ കമ്പോളത്തിലെ വില പേശലിലേക്ക് വെളിച്ചം വീശുന്നു. ദാമ്പത്യം എന്നത് സഹവർത്തിത്വത്തിന്റേയും കൂട്ടായ പ്രയത്നത്തിന്റെയും ഒത്തു ചേരലിലാണ് ശോഭിതമാകുന്നത് എന്ന് ലേഖിക സമർത്ഥിക്കുന്നു. നല്ലൊരാശയം പങ്കുവയ്ക്കാൻ കഴിഞ്ഞ ലേഖികയ്ക്കും ജീവനും വെളിച്ചത്തിനും അഭിനന്ദനങ്ങൾ.

*സ്റ്റെല്ലാ, കണ്ണാന്തുറ*

### കുറിക്കുകൊള്ളുന്ന മുഖവിചാരങ്ങൾ

ജീവനും വെളിച്ചവും ഇടവേളകളില്ലാതെ എന്നെ തേടിയെത്തുന്നു. പ്രത്യേകിച്ച് മുഖവിചാരം എടുത്തു പറയേണ്ട ഒന്നുതന്നെയാണ്. ഭാരപ്പെടുന്ന വിവാഹം മുനയുള്ള എഡിറ്റോറിയലായിരുന്നു. സമൂഹം കണ്ണുതുറക്കട്ടെ, ചിന്തിക്കട്ടെ

*ശുശീലാ ജോ, പുതിയതുറ*

### നല്ല കഥ

ഏറെക്കാലത്തിനുശേഷം ഏപ്രിൽ ലക്കത്തിൽ വന്ന ദീപാമാത്യുവിന്റെ ഒരു കഥാകാരിയുടെ അന്ത്യം എന്ന കഥ മികച്ചതായി അനുഭവപ്പെട്ടു. ഇത്തരം കഥകൾ വീണ്ടും പ്രതീക്ഷിക്കുന്നു.

*ആന്റണി പൂന്തുറ*

### *വായനക്കാരുടെ ശ്രദ്ധയ്ക്ക്*

**ജീവനും വെളിച്ചവും മാസികയുടെ വരിസംഖ്യ കുടിശിഖയായവർ പണം അടച്ച് ജീവനും വെളിച്ചവും മാസികയോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

**നിങ്ങളുടെ വരിസംഖ്യ തീരുന്ന തീയതി മാസികയുടെ റാപ്പറിൽ അഡ്രസ്സിനു താഴെ ചേർത്തിട്ടുണ്ട്. സഹകരണം പ്രതീക്ഷിച്ചുകൊണ്ട്.**

*എഡിറ്റർ*

E d i t o r i a l






# ഇലക്ട്രോണിക് അടിമകളാകുന്ന സ്ക്രീനേജ് തലമുറ

കമ്പ്യൂട്ടറും, മൊബൈൽ ഫോണും, റ്റി.വി. ചാനലുകളുമില്ലത്തെ ഒരു ലോകം ഇന്ന് നമ്മുടെ ചിന്തയ്ക്ക് അതീതമാകുന്നു. പ്രാണവായുവും, ശുദ്ധജലവും പോലെ ഇവ നമ്മുടെ നിത്യോപയോഗ സാധനങ്ങളായി. ഇവ ഇല്ലാതെ ജീവിതം മുന്നോട്ട് പോകില്ല എന്ന സ്ഥിതിയായി. അതിനെക്കാളുപരി വൈദ്യുത കാന്തിക തരംഗങ്ങൾ തീർക്കുന്ന അദൃശ്യവലയത്തിനുള്ളിലാണ് നാം. എത്ര ഒഴിവാക്കാൻ ശ്രമിച്ചാലും അതിനുസമ്മതിക്കാതെ ഒരു വലിയ നെറ്റുവർക്കുമായി ബന്ധിപ്പിച്ചുകൊണ്ട് വൈദ്യുത കാന്തിക തരംഗങ്ങൾ നമ്മെ പിൻതുടരുന്നു. ലോകത്തിന്റെ ഏതുകോണിൽ പോയൊളിച്ചാലും നിങ്ങൾ എവിടെയാണെന്ന് അത് മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കും. എന്നാൽ എത്ര വലിയ ആൾക്കൂട്ടത്തിനകത്ത് നില്ക്കുമ്പോഴും ആ അദൃശ്യവലയത്തിന്റെ സഹായത്തോടെ ലോകം മുഴുവനും എതിർക്കുന്ന സൗഹൃദങ്ങളെ നിലനിർത്താൻ നിങ്ങൾക്കാകും. സ്വകാര്യതയുടേയും പരസ്യജീവിതത്തിന്റേയും വൈവിധ്യമാർന്ന വിരുദ്ധധ്രുവങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് ഭൂമിയിൽ ജീവിക്കുന്ന ഓരോ മനുഷ്യനിലേക്കും വൈദ്യുത കാന്തിക മേഖലകളുടെ സ്വാധീനം വളരുന്നത്. നമ്മുടെ ശാരീരിക, മാനസികാവസ്ഥകളെ ഈ തരംഗങ്ങൾ എങ്ങനെ ബാധിക്കും എന്ന ചിന്ത അതിനൊപ്പം തന്നെ വളരുന്നുണ്ട്.

ഒരു പക്ഷേ നൂറ്റാണ്ടിലെ ഏറ്റവും കരുത്തരായ ഏകാധിപതികൾ എസ്.എം.എസും മൊബൈൽ നെറ്റ് ലോകവുമാണ്... അതിനപ്പുറം മറ്റെന്തെങ്കിലുമുണ്ടോ എന്ന് സംശയം തോന്നുന്നു. നേരിൽ കണ്ടാൽ മിണ്ടാൻ വാക്കുകൾക്കും പഞ്ഞം. മൊബൈൽ ചെവിയിൽ ചേർന്നാൽ പിന്നെ സംസാരം നിർത്താൻ അടി കൊടുക്കണമെന്ന സ്ഥിതി. വീഡിയോ ഗെയിമുകളെ മറക്കണ്ടാ... ഓടിയും ചാടിയും ഇടയ്ക്കു വീണുമരത്തിൽ കയറിയും കുസൃതി കാട്ടിയും മിടുമിടുക്കരായി വളരേണ്ട കുട്ടികൾ കംപ്യൂട്ടറിനു മുന്നിൽ ചടഞ്ഞിരിപ്പായി.

പ്രശ്നങ്ങൾ ചിലപ്പോൾ ഗുരുതരമാകുന്നു. മൊബൈൽ ഫോണിലൂടെ മറ്റുള്ളവരുടെ സ്വകാര്യതകൾ പ്രചരിപ്പിക്കുക. അത് ആത്മഹത്യവരെ നീളുന്ന പ്രശ്നങ്ങളുണ്ടാക്കുന്നു. ഒപ്പം തെറ്റായ വഴികളിലേക്കു നയിക്കുന്ന സൈറ്റുകൾ ധാരാളമുണ്ട് ഇന്റർനെറ്റിൽ പലതും കുട്ടികളിൽ തീവ്രവികാരങ്ങൾ ഉണ്ടാക്കുന്നവയാണ്.

ഇന്റർനെറ്റിന്റെയും 'മൊബൈൽ ഫോണിന്റെയും എല്ലാ ഗുണങ്ങളും' മനസ്സിലാക്കിക്കൊണ്ടു തന്നെ പഴയ ആ ചൊല്ല് കടമെടുക്കട്ടെ, 'അധികമായാൽ അമൃതും വിഷം'. നല്ല രീതിയിലാണു കുട്ടികൾ ഇന്റർനെറ്റും മൊബൈൽ ഫോണും ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്താൻ രക്ഷിതാക്കൾ ശ്രദ്ധിക്കണം. കുട്ടികളുടെ പെരുമാറ്റ രീതിയിൽ മാറ്റങ്ങളുണ്ടോ എന്നും നിരീക്ഷിക്കണം. ശരിയും തെറ്റും വിവേചിച്ചറിയാനും, ശരിയായ തീരുമാനമെടുക്കാനുമുള്ള ശേഷി നമ്മുടെ കുട്ടികൾക്ക് ഉണ്ടാക്കാൻ നമ്മുടെ വിദ്യാഭ്യാസസംവിധാനത്തിനു സാധിക്കണം.



പത്രാധിപർ



ലേഖനം

സാജൻ എവൂജിൻ

# മൊബൈൽക്കാല ഭീതികൾ

ഉപകാരി ഉപദ്രവകാരിയായി, മധുരസംഗീതത്തിന്റെ അകമ്പടിയിൽ വാർത്തകളും വിശേഷങ്ങളും എത്തിച്ചിരുന്ന കൊച്ചുയന്ത്രം ഇപ്പോൾ പേടിസ്വപ്നം. മൊബൈൽ ഫോൺ കേരളസമൂഹത്തിൽ ഇന്ന് വില്ലൻ കഥാപാത്രമാണ്. സ്ത്രീകളുടെ മാനംകെടുത്തുന്ന, കുട്ടികളെ വഴിതെറ്റിക്കുന്ന, കുടുംബഭദ്രത തകർക്കുന്ന അപകടകാരി.

ആരാണ് ഈ സ്ഥിതി വരുത്തിവച്ചത്? നമ്മുടെ സ്വപ്നങ്ങളിൽ അശ്ലീലത്തിന്റെയും ആഭാസത്തിന്റെയും മായം കലർത്തിയത് ആരാണ്? വിവരവിനിമയ വിപ്ലവം 'പ്രബുദ്ധരുടെ നാടിനെ' ഇത്രയും ദയനീയമായ അവസ്ഥയിൽ എത്തിച്ചതിന്റെ കാരണങ്ങൾ അന്വേഷിക്കാം.

ഏതു ആശയവും സാങ്കേതികവിദ്യയും അനായാസം കൈപ്പിടിയിൽ ഒതുക്കാൻ ശേഷിയുള്ളവരാണ് മലയാളികൾ. ഇതിന്റെ പേരിൽ സ്വകാര്യമായ അഹങ്കാരവും നമുക്കുണ്ട്. എന്നാൽ വിവേകശൂന്യമായ മുന്നേറ്റം അപകടത്തിലേക്ക് നീങ്ങും. ലാൻഡ്ഫോണുകളുടെ വ്യാപനം കേരളത്തിൽ മന്ദഗതിയിലായിരുന്നു. മാത്രമല്ല, ലാൻഡ്ഫോൺ ഒരു കുടുംബത്തിന്റേയോ ഓഫീസിന്റെയോ കൂട്ടായ നിയന്ത്രണത്തിലാണ്. മൊബൈൽ അങ്ങനെയല്ല. ലോകത്തെയാകെ വ്യക്തികളിലേക്ക് ചുരുക്കുന്ന സംവിധാനമാണ് മൊബൈൽഫോൺ. തികഞ്ഞ സ്വകാര്യതയിൽ കൊഞ്ചലിന്റെ ഭാഷയാണ് മൊബൈലുകൾക്ക്. സാമൂഹിക നിയന്ത്രണം മിക്കവാറും അസാധ്യം. ഒറ്റപ്പെട്ട തുരുത്തുകളിലേക്ക് നീങ്ങാൻ വെമ്പൽ കാട്ടുന്ന യുവജനങ്ങൾക്ക് സാങ്കേതിക വിദ്യ സമ്മാനിച്ച ഉപാധിയായിരുന്നു മൊബൈൽഫോൺ.

സ്നേഹശൂന്യമായ ലോകത്തിൽ മറഞ്ഞിരുന്നും തനിച്ചിരുന്നും സമൂഹത്തെ കൈകാര്യം ചെയ്യാനാണ് നാം ശ്രമിക്കുക. എല്ലാ പ്രവർത്തനവും സ്വാർത്ഥപരമായ നേട്ടങ്ങളിലും ലാഭക്കൊതിയിലും കേന്ദ്രീകരിക്കുന്നു. ലൈംഗികതയുടെ കാര്യത്തിലും ഈ വഴിമാറ്റം സംഭവിച്ചിരിക്കുന്നു. സ്ത്രീപുരുഷ ബന്ധത്തിന്റെ മനോഹരമായ പങ്കുവയ്ക്കലാണ് ഉത്തമലൈംഗികത. കച്ചവട താത്പര്യങ്ങളും കുടുംബങ്ങളിലെ അരക്ഷിതാവസ്ഥയും ചേർന്ന് ലൈംഗികതയെ അശ്ലീലമാക്കിമാറ്റി. ആരുടെ ശരീരവും പണസമ്പാദനത്തിനുവേണ്ടി ഉപയോഗിക്കാമെന്ന ചിന്ത കമ്പോളശക്തികൾ പ്രചരിപ്പിക്കുന്നു. ലാഭക്കൊതി മനുഷ്യത്വത്തെയും മനുഷ്യാവകാശങ്ങളെയും ചവിട്ടിമെതിക്കുന്നു.

ലോകസുന്ദരി മത്സരങ്ങളും മോഡലിങ്ങും ചാനൽ വിക്രിയകളും ചേർന്ന് മനസ്സുകളെ വിഭ്രാന്തമായ അവസ്ഥയിൽ എത്തിച്ചു. ഇതോടൊപ്പം ഐടി മാനിയാക്കുകളും ഇ-ഭ്രാന്തന്മാരും അഴിഞ്ഞാടുമ്പോൾ ജീവിതം കുമിളകൾ പോലെ പൊട്ടുകയാണ്. സ്വന്തമായി ഉല്പാദനം നടത്താൻ ശേഷിയില്ലാത്ത രംഗമാണ് വിവരസാങ്കേതികവിദ്യ. അതുകൊണ്ടുതന്നെ ലോകമെമ്പാടുമുള്ള ഐടി-സൈബർ വ്യവസായങ്ങൾക്ക് പിടിച്ചുനിൽക്കണമെങ്കിൽ അനാശാസ്യ വഴികൾ തേടണം. അശ്ലീലവ്യവസായം സൈബർലോകത്ത് തഴച്ചുവളരുന്നതിന്റെ സാമ്പത്തിക കാരണം ഇതാണ്. അമേരിക്കയിലെ ഇന്റർനെറ്റ് ഉപഭോക്താക്കളിൽ നടത്തിയ സർവെകളിൽ കണ്ടെത്തിയ വിവരങ്ങൾ ഞെട്ടിക്കുന്നതാണ്. വിജ്ഞാനത്തിന്റെ അതിരില്ലാത്ത ലോകമാണ് ഇന്റർനെറ്റ് തുറന്നിട്ടിരിക്കുന്നതെങ്കിലും ഈ ആവശ്യത്തിനായി ഇന്റർനെറ്റ് സെർച്ച് ചെയ്യുന്നവരുടെ എണ്ണം തുച്ഛമാണ്. അമേരിക്കയിൽ വിജ്ഞാന-വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി മൂന്നുശതമാനം പേർ മാത്രമാണ് ഇന്റർനെറ്റ് ഉപയോഗിക്കുന്നത്. 63 ശതമാനം പേർ ഇക്കിളിയുടെ ലോകത്താണ് രമിക്കുന്നത്. സൈബർരതി ഇന്ന് ഭീകരമായ മനോരോഗമായി മാറിയിരിക്കുന്നു.

കേരളത്തിൽ മൊബൈൽ ഫോണുകൾക്ക് സംഭവിച്ച ദുര്യോഗവും സമാനമാണ്. മൂന്നേകാൽ കോടി മലയാളികൾക്ക് രണ്ടുകോടിയിലേറെ മൊബൈൽ കണക്ഷൻ. എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും മൊബൈൽ കൂപ്പൺ വിൽക്കുന്ന സ്റ്റോറുകൾ. ക്യാമറ, വീഡിയോ, ബ്ലൂടൂത്ത്, ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈലുകൾ കുട്ടികൾ പോലും കളിപ്പാട്ടം പോലെ ഉപയോഗിക്കുന്നു. ഒരാൾക്ക് തന്നെ ഒന്നിലേറെ മൊബൈൽ കണക്ഷനുകൾ. വ്യക്തിത്വം പോലും ഇരട്ടിയായി മാറുന്നു.

ചന്തകളിലും ആരാധനാലയങ്ങളിലും വിദ്യാലയങ്ങളിലും ഒരേപോലെ മൊബൈൽ കരയുന്നു. ഒളിക്യാമറകൾ ഇതിനുപുറമെ. ഒരു വലിയ വലയിൽ കുടുങ്ങിയിരിക്കുകയാണ് കേരളം. ഇത് പൊട്ടിച്ചുകടക്കാൻ നന്നേ ബുദ്ധിമുട്ടാണ്. സാംസ്കാരികമായ അധിനിവേശവും മൊബൈൽ യുഗത്തിന്റെ പ്രശ്നമാണ്. പണ്ട് കീഴടക്കിയ രാജ്യത്തെ ഗ്രന്ഥശാലകൾ കത്തിച്ചശേഷം ഫാസിസ്റ്റുകൾ അശ്ലീലസാഹിത്യം പ്രചരിപ്പിക്കുമായിരുന്നു. വിവേകവും പ്രബുദ്ധതയും നഷ്ടമാകുമ്പോൾ സാംസ്കാരിക അധിനിവേശം എളുപ്പത്തിൽ നടത്താൻ കഴിയും.

അശ്ലീലതയുടെ അടിമകളും സൈബർരതിയിൽ ആനന്ദം കണ്ടെത്തുന്നവരുമാണ് സ്ത്രീകളുടെ ടോയ്‌ലറ്റ് ചിത്രങ്ങൾ പോലും പകർത്താൻ മുതിരുന്നത്. സ്ത്രീയെ ഭോഗവസ്തുവായി മാത്രം കാണുന്ന പ്രവണതയാണ് പോർണോഗ്രാഫി-അശ്ലീലതയ്ക്ക് അടിസ്ഥാനം. പോർണോഗ്രാഫിയുടെ വ്യാപനം യാദൃശ്ചികമല്ല. അമിതലൈംഗികതയിലും ആസക്തികളിലും മയങ്ങിക്കിടക്കുന്ന ജനതയെ അധിനിവേശശക്തികൾക്ക് സ്വാധീനിക്കാനും കീഴടക്കാനും എളുപ്പമാണ്. നൈസർഗികപ്രണയം നിഷേധിച്ച് യുവതലമുറയെ ഭോഗാസക്തിയിലേക്ക് നയിക്കാനാണ് നവഉദാരവൽക്കരണത്തിന്റെ വക്താക്കൾ ശ്രമിക്കുന്നത്. മുഖ്യധാരാമാധ്യമങ്ങളിൽ പൊതുവേ ഇതിന്റെ ആരവങ്ങളും ആഘോഷങ്ങളുമാണ്. ലൈംഗികതയെ വിനോദവും വ്യവസായവും സംസ്കാരവുമായി മാറ്റിമറിച്ചിരിക്കുന്നു. വൻകിട കമ്പനികളുടെ സാമൂഹിക പ്രവർത്തനങ്ങളിൽ പ്രധാനം ഗർഭനിരോധന ഉറകളുടെ വിതരണമാണ്. എയ്ഡ്സ് പ്രതിരോധപ്രവർത്തനം എന്ന പേരിലാണ് ഈ വിക്രിയ. എത്ര തലതിരിഞ്ഞ രീതിയിലാണ് കാര്യങ്ങളുടെ പോക്ക്.

സൈബർ വിപ്ലവത്തിലെ അനാശാസ്യപ്രവണതകൾക്കെതിരെ അമേരിക്കയിലും യൂറോപ്പിലും ചൈനയിലും കൂട്ടായ്മകൾ ശക്തമാണ്. ടെലിവിഷൻ യുഗത്തിൽനിന്ന് ഇന്റർനെറ്റിൽ എത്തുകയും മൊബൈൽ ഫോൺ ഈ ശൃംഖലയിൽ ചേരുകയും ചെയ്തിരിക്കെ സമൂഹം നേരിടുന്ന വെല്ലുവിളികൾ വലുതാണ്. ഇവ നേരിടാൻ പര്യാപ്തമായ സംവിധാനം ഒരുക്കുന്നതിനെക്കുറിച്ച് കേരളത്തിലെ പൊതുസമൂഹം ഇനിയും ചിന്തിച്ചുതുടങ്ങിയിട്ടില്ല. സൈബർനിയമങ്ങളും സൈബർപൊലീസും മാത്രംകൊണ്ട് പ്രശ്നം പരിഹരിക്കാൻ കഴിയില്ല. സൈബർ കുറ്റകൃത്യങ്ങൾ ഈ പ്രശ്നത്തിന്റെ ഒരു ഭാഗം മാത്രം. കുറ്റകൃത്യങ്ങളിൽ തന്നെ പുറത്തുവരുന്നവ തുലോം കുറവാണ്. സർവതലസ്പർശിയായ പ്രവർത്തനങ്ങൾ വഴി മാത്രമേ മുന്നോട്ടുപോകാൻ കഴിയൂ. ശാസ്ത്രം രക്ഷകനോ ശിക്ഷകനോ എന്ന ചോദ്യം പഴയതാണ്. വിവരസാങ്കേതികവിദ്യയുടെ കാര്യത്തിലും ഇതേ ചോദ്യം ഉയരുന്നത് സ്വാഭാവികം. ഇന്റർനെറ്റ് വഴി ആർക്കും എന്തും പ്രചരിപ്പിക്കാമെന്നും നിയമത്തിനു പിടികൊടുക്കാതെ ഇത് സാധിക്കാമെന്നും കരുതുന്നവരും വാദിക്കുന്നവരുമുണ്ട്. ഇത് മിക്കവാറും ശരിയാണ്. മറുവശത്ത് സൈബർനിയമങ്ങൾ ശക്തമാക്കിയാൽ പൊലീസിനും ഭരണകൂടത്തിനും അമിതാധികാരം ലഭിക്കുമെന്ന ആശങ്കയും. ഇത് അടിച്ചമർത്തലിനും ഭരണകൂട രാഷ്ട്രീയത്തിന് അപ്രമാദിത്വം ലഭിക്കുന്നതിനും ഇടയാക്കും.

ഇനി നമുക്കുമുമ്പേ ഈ മേഖലയിൽ നടന്നവരുടെ അനുഭവങ്ങൾ പരിശോധിക്കാം. വികസിതരാജ്യങ്ങളിൽ പൊതുസമൂഹം ഇന്ന് നേരിടുന്ന പ്രധാനപ്രശ്നങ്ങളിൽ



ഒന്നാണ് ഗാഡ്ജറ്റ് അഡിക്ഷൻ. കമ്പ്യൂട്ടറിനും ഇന്റർനെറ്റിനും മൊബൈലിനും അടിമകളായ യുവജനങ്ങൾക്ക് സാമൂഹികജീവിതം അസാധ്യമായി മാറിയിരിക്കുന്നു. അമേരിക്കയിൽ എട്ടിൽ ഒരാൾ ചികിത്സ ആവശ്യമായ വിധത്തിൽ ഇന്റർ നെറ്റിന് അടിമകളാണ്. ഇപ്പോൾ ടീനേജേഴ്സല്ല, സ്ക്രീനേജേഴ്സാണ് ഉള്ളതെന്ന് മാനസിക രോഗവിദഗ്ധർ പറയുന്നു. പ്രായോഗിക ജീവിതജ്ഞാനം കുറഞ്ഞ, ഓർമയും വികാരങ്ങളും നാശോന്മുഖമായ, സംസാരിക്കാൻപോലും തയ്യാറാകാത്ത യുവജനങ്ങൾ. ചുണ്ടുകൾക്കുപകരം ഇവരുടെ ആശയവിനിമയ മാർഗം മൗസുകളാണ്. മൊബൈൽ ഫോണുകളിൽ ഇന്റർനെറ്റ് സൗകര്യം വന്നതോടെ ഈ സ്വകാര്യതുരുത്തുകൾ കൂടുതൽ ചുരുങ്ങിയിരിക്കുന്നു. ശാരീരികവും മാനസികവുമായി ദുർബലരായ മനുഷ്യരാണ് ഇതുവഴി രൂപംകൊള്ളുന്നത്.

സദാനേരവും കമ്പ്യൂട്ടറുകൾക്കുമുന്നിൽ കഴിയാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്ന രക്ഷിതാക്കൾ കുറവല്ല. ഇവനെക്കൊണ്ടു ഒരു ശല്യവുമില്ല, എപ്പോഴും കമ്പ്യൂട്ടറിനു മുന്നിൽ ഇരുന്നുകൊള്ളും. ചിലർ കുട്ടികളെ പുകഴ്ത്തുന്നതു കേൾക്കാം. വിവരസാങ്കേതിക വിദ്യയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ടു തന്നെ പറയട്ടെ, കമ്പ്യൂട്ടർ ഒരിക്കലും മനുഷ്യന് പകരമാവില്ല. സൈബർലോകത്ത് മാത്രം വിഹരിക്കുന്നവർക്ക് പൂർണമനുഷ്യരായി വളരാനും കഴിയില്ല. മാത്രമല്ല, ഇന്റർനെറ്റ് അടിമകളെ പരിചരിക്കുവാൻ പുതിയ ലഹരിവിമുക്ത കേന്ദ്രങ്ങൾ തുടങ്ങേണ്ടിയുംവരും. അമേരിക്കയെ തന്നെ ഇക്കാര്യത്തിലും അനുകരിക്കേണ്ടിവരും.

സ്പെയിനിലെ യുവജനങ്ങളിൽ അഞ്ചിൽ രണ്ടുപേരും മൊബൈൽ ഫോണിന് അടിമകളാണ്. രാജ്യത്തെ 40 ശതമാനം യുവജനങ്ങളും പ്രതിദിനം നാല് മണിക്കൂറിലേറെ മൊബൈൽ ഫോണിൽ സംസാരിക്കുന്നവരാണെന്ന് ഇതുസംബന്ധിച്ചു പഠനം നടത്തിയ ഗ്രനഡ സർവ്വകലാശാലയിലെ പ്രൊ. ഫ്രാൻസിസ്ക ലോപ്പസ് വെളുപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ ഫോൺ ലഹരി

ഒരാളെ മാനസികമായാണ് കീഴ്പ്പെടുത്തുന്നത്. യുക്തി സഹമായ രീതിയിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് ആരോഗ്യകരമാണെന്ന് പറയുമ്പോൾ തന്നെ മണിക്കൂറുകളോളം ഇതിൽ കൊഞ്ചിക്കുഴയുന്നത് ജീവിതത്തിന്റെ താളം തെറ്റിക്കുമെന്ന് അവർ ചൂണ്ടിക്കാട്ടുന്നു.

ഒരാൾ മൊബൈൽ ഫോണിന് അടിമയായോ എന്ന് അറിയാൻ പത്ത് ലക്ഷണങ്ങളാണ് വിദഗ്ധർ കണ്ടെത്തിയിട്ടുള്ളത്. 1) ടോയ്‌ലറ്റിൽ മൊബൈൽ ഫോൺ ഉപയോഗിക്കുക. 2). കീശയിൽ മൊബൈൽ ഫോൺ എടുത്തു വയ്ക്കുവാൻ മറന്നുപോയെന്ന് ബോധ്യമാകുന്ന നിമിഷം പരിഭ്രാന്തനാവുക 3). കണ്ടുമുട്ടുന്നവരോട് മൊബൈൽ ഫോണിനെക്കുറിച്ച് മാത്രം സംസാരിക്കുക. 4). സെറ്റ് കാണാതാകുമ്പോൾ സുഹൃത്തിനെ നഷ്ടപ്പെട്ട ദുഃഖം അനുഭവപ്പെടുക. 5). പൂർണ്ണമായ ബാറ്ററി ചാർജ്ജ് ഒരു ദിവസം പോലും തികയാതെ വരിക. 6). മൊബൈൽ ഫോൺ ബില്ലടയ്ക്കാൻ പണം കണ്ടെത്താനായി മറ്റ് ആവശ്യങ്ങൾ വെട്ടിച്ചുരുക്കുക. 7). ഫോണിനെ മാത്രം ലാളിക്കുക. 8). എല്ലാ കാര്യങ്ങൾക്കും മൊബൈൽ അലാമിനെ ആശ്രയിക്കുക. 9). ഹാൻഡ് സെറ്റിലുള്ള എല്ലാ അനുബന്ധ സൗകര്യങ്ങളും പ്രയോജനപ്പെടുത്തുക. 10). മൊബൈലിനേക്കാൾ കൂടുതൽ പണം അനുബന്ധസാമഗ്രികൾക്കായി വിനിയോഗിക്കുക എന്നിവ. ഭക്ഷണം കഴിക്കാനുള്ള പണം എടുത്തുപോലും മൊബൈൽ ഫോൺ കൂപ്പൺ വാങ്ങുന്നവർ നമുക്ക് ചുറ്റുമുണ്ടെന്ന് ഓർക്കുക.

ഇലക്ട്രോണിക്സും കമ്പ്യൂട്ടറുകളും ഉപഗ്രഹസാങ്കേതികവിദ്യയും തള്ളിപ്പറയാൻ നമുക്ക് കഴിയില്ല. എന്നാൽ സാങ്കേതിക വളർച്ചയുടെ പേരിൽ മനുഷ്യനെ തള്ളിപ്പറയുന്നത് സ്വന്തം കൊലക്കയർ മുറുക്കുന്നതിന് തുല്യമാണ്. വിജ്ഞാനവും വിവരവും കൈമാറാൻ കമ്പ്യൂട്ടറുകളെ മാത്രം ആശ്രയിച്ചാൽ മനുഷ്യന്റെ ചേതന നഷ്ടമാകും. യന്ത്രങ്ങളെ നമുക്കുവേണ്ടി ചിന്തിക്കാൻ അനുവദിക്കരുത്.

## മൊബൈൽ ഫോൺ കാൻസറിനു കാരണമോ?

ഇന്ന് മനുഷ്യനെ അലട്ടിക്കൊണ്ടിരിക്കുന്ന രോഗങ്ങളിലൊന്നാണ് കാൻസർ. ശരീരത്തിലെ കോശങ്ങൾ ക്രമാതീതമായി വിഭജിച്ച് പെരുകി മുഴകളായി ബാക്കി കോശങ്ങൾക്കു ലഭിക്കേണ്ട പോഷകാഹാരങ്ങളെ മുഴുവനും സ്വന്തമാക്കി ശരീരത്തിന്റെ നിലനിൽപിനുതന്നെ അപകടകരമായി വളരുന്ന അവസ്ഥയാണ് കാൻസർ. കോശങ്ങളുടെ വിഭജനത്തെ ക്രമബദ്ധമായി നിയന്ത്രിച്ചു നിർത്താനുള്ള സംവിധാനം നമ്മുടെ ശരീരത്തിൽ ഉൾച്ചേർന്നിട്ടുണ്ട്. ചില പ്രത്യേക ജീനുകളെക്കൊണ്ടാണ് ഈ നിയന്ത്രണവ്യവസ്ഥ സാധ്യമാക്കുന്നത്. ഈ ജീനുകളിൽ വളരെ ചെറിയ തകരാറുകൾ ഉണ്ടായാൽപ്പോലും ആ നിയന്ത്രണ വ്യവസ്ഥയ്ക്ക് കൃത്യമായി പ്രവർത്തിക്കാനാവില്ല. ഇത്തരം ജീനുകൾക്കു വരുന്ന വളരെ ചെറിയ തകരാറുകളാണ് കാൻസറിന്റെ വളർച്ചയിലേയ്ക്ക് നയിക്കുന്നത്. വ്യത്യസ്തങ്ങളായ കാരണങ്ങൾ കൊണ്ട് ഇപ്പറഞ്ഞ ജീനുകൾക്ക് തകരാറുകളുണ്ടാകുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ജൈവകോശങ്ങളുടെ ഡി.എൻ.എ. പകർപ്പെടുക്കുന്ന പ്രക്രിയയെ സ്വാധീനിക്കാൻ കഴിയുന്ന വ്യത്യസ്ത പദാർത്ഥങ്ങളും ഘടകങ്ങളുമാണ്. ഇത്തരം പദാർത്ഥങ്ങളെ കാർസിനോജനുകൾ എന്നാണ് വിളിക്കുന്നത്.



നിത്യജീവിതത്തിൽ നാം ഉപയോഗിക്കുന്ന പല വസ്തുക്കളിലും കാർസിനോജനുകളുണ്ട്. നിരന്തരമായി റേഡിയോ തരംഗങ്ങൾ കോശങ്ങളിൽ വീണുകൊണ്ടിരുന്നാൽ കോശങ്ങളിലെ ചൂട് അല്പാല്പമായി ഉയരും. നിരന്തരമായ ഈ ചൂടാകൽ കോശവിഭജനസമയത്തെ ക്രോമസോമുകളുടെ കോപ്പിയെടുക്കൽ പ്രക്രിയയിൽ താളക്കേടുകൾ ഉണ്ടാകാൻ കാരണമാകുന്നു എന്നാണ് അനുമാനിക്കപ്പെടുന്നത്. ഒപ്പം ഡി.എൻ.എ. നാടയ്ക്ക് മുറിവുണ്ടാകുന്നു. കാൻസറിലേക്ക് വളരാൻ സാധ്യതയുള്ള തരത്തിലുള്ള ജിനോടോക്സിക്, നോൺ ജിനോടോക്സിക് പാർശ്വഫലങ്ങൾ കോശങ്ങൾക്കകത്ത് ഇത്തരം റേഡിയേഷനുകൾ സൃഷ്ടിക്കുന്നുണ്ട് എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ഹൈ പവർ ഇലക്ട്രിക് ലൈനിനു താഴെ സൃഷ്ടിക്കപ്പെടുന്ന ഇലക്ട്രോ മാഗ്നെറ്റിക് ഫീൽഡ് കാർസിനോജനുകളുടെ കൂട്ടത്തിൽ പെടുത്താൻ ലോകാരോഗ്യ സംഘടന തീരുമാനിച്ചിട്ടുണ്ട്. മൊബൈൽ ടവറുകളിൽ നിന്നുള്ള റേഡിയേഷൻ നാം സൂക്ഷിക്കേണ്ടതു തന്നെ.

മൊബൈൽ ഫോൺ റേഡിയേഷൻ കാൻസറുണ്ടാക്കില്ല എന്ന അനുമാനത്തിലെത്തിയിട്ടുള്ള ബഹുഭൂരിപക്ഷം പഠനങ്ങൾക്കും ഫണ്ട് ചെയ്തിട്ടുള്ളത് ടെലികമ്മ്യൂണിക്കേഷൻ കമ്പനികളാണ്. സ്വതന്ത്രമായോ സർക്കാർ ഫണ്ട് ഉപയോഗിച്ചോ നടത്തിയിട്ടുള്ള പഠനങ്ങൾ ബഹുഭൂരിപക്ഷവും കണ്ടെത്തിയ ഫലങ്ങൾ റേഡിയേഷനുകൾ കോശങ്ങളെ സാരമായി ബാധിക്കുന്നുണ്ടെന്നാണ്.

(കടപ്പാട്: ജീവൻ ജോബ് തോമസ്, മാതൃഭൂമി)

കവിത

സുനിതാ അലക്സ്

# പേരറിയാത്ത ഒരമ്മ

അനന്തമായ ഒരു യാത്രയുടെ
നാഴികക്കല്ലെന്നോണം
എന്തിലോ കാലുതട്ടി
ഒരു ചിലമ്പിച്ച ശബ്ദം
പ്രത്യേകിച്ചു ജിജ്ഞാസ ഒന്നും ഉരുത്തിരിഞ്ഞില്ലെങ്കിലും
ആ തുണ്ടു കഷ്ണം കയ്യിലെടുത്തു
ഒരു നിലക്കണ്ണാടിയുടെ
ഉടഞ്ഞ കഷ്ണം
ആരോ ഉപേക്ഷിച്ചു കളഞ്ഞ,
പൊടി, പിടിച്ചു നിറം മങ്ങിയ
പശ പുരണ്ട ഒരു കണ്ണാടിക്കഷ്ണം.
കൈകൊണ്ടു ഒന്നു തുടച്ച്
വെറുതേ പാളി നോക്കി
എന്നെ തെല്ലു നടുക്കിക്കൊണ്ട്
ഒരു അപരിചിത മുഖം.
കണ്ണുകൾക്ക് താഴെ കറുപ്പുനിറം,
പാറിപ്പറന്നമുടിയിഴകളില്
അവിടവിടെ ക്ഷണിക്കപ്പെടാത്ത അതിഥിയെപ്പോലെ
വെള്ളിയിഴകള്.
അസ്വസ്ഥതയോടെ നിലത്തേക്ക്
അതു വലിച്ചെറിഞ്ഞു.
പിറുപിറുപ്പോടെ രണ്ടു ചുവടുകൾ വച്ചപ്പോൾ
തിരിഞ്ഞുനോക്കാതിരിക്കാൻ കഴിഞ്ഞില്ല.
"അമ്മത്തൊട്ടിലിൽ" ഉപേക്ഷിച്ചുപോയ
പിഞ്ചു പൈതലിനെപ്പോലെ
അത് എന്നെ ദയനീയമായി ഉറ്റുനോക്കി.
അനിയന്ത്രിതമായ കുറ്റബോധത്തോടെ
അതിനെ കൈക്കലാക്കുമ്പോൾ
കൈകൾ വിറയ്ക്കുന്നപോലെ തോന്നി.
വസ്ത്രാഞ്ചലത്തിലമർത്തിത്തുടച്ചു.
അതിൽ അവ്യക്തമായി തന്റെ കുഞ്ഞിനെ
മാറോട് അണച്ചു പിടിച്ചിരിക്കുന്ന-
ഭയപ്പാടോടെ ലോകത്തെ ഉറ്റുനോക്കുന്ന
ഒരമ്മയെ കണ്ടു.
മറ്റെല്ലാം മറന്നു.
കണ്ണാടിയിലെ
എപ്പോഴോമറന്നുപോയ
രൂപത്തെ ഓർത്തെടുക്കാനായി
ഒരു ശ്രമം.
ഓരോ തവണ കഴുകി എടുക്കുമ്പോഴും
ഓരോ രൂപം തെളിഞ്ഞുവന്നു.
ഒരു ഭാര്യ, കാമുകി, മകള്
പക്ഷേ എത്ര ശ്രമിച്ചിട്ടും ഒരു പേര്
ഓർമ്മിച്ചെടുക്കാൻ കഴിയാതെ
മനസ്സ് അസ്വസ്ഥമായിക്കൊണ്ടിരുന്നു.
ഒരു പക്ഷേ പലരും പകുത്തുകൊണ്ടുപോയ
ബാക്കിക്കഷ്ണങ്ങൾ
കിട്ടിയിരുന്നെങ്കിൽ
ഒന്ന് ഓർത്ത് നോക്കാമായിരുന്നു.
ആർക്കും വേണ്ടാത്ത തുണ്ടുകഷ്ണങ്ങളായി
എവിടെയൊക്കെയോ ആരും ശ്രദ്ധിക്കപ്പെടാതെ
ഉപേക്ഷിക്കപ്പെട്ടതാണെങ്കിലും
തിരിച്ചറിഞ്ഞാൽ.
ആരെങ്കിലുമൊക്കെ തിരിച്ചു തരുമോ?
അന്വേഷണം എങ്ങും എത്താതെ
നിലകൊണ്ടപ്പോള്
നീലക്കണ്ണാടിക്കഷ്ണം കണ്ടെത്തിയ
വഴിയിലേക്കു തിരിച്ചുപോയി.
കല്ലിലും മണ്ണിലും മണലിലും കുപ്പയിലും
ഒക്കെ തിരഞ്ഞുകൊണ്ടേയിരുന്നു.
ഒരിക്കലും അവസാനിക്കാത്ത അന്വേഷണമായ്.
ദിവസങ്ങൾ ആഴ്ചകളായി
ആഴ്ചകൾ മാസങ്ങളായി
മാസങ്ങൾ വർഷങ്ങളായി
നീങ്ങിക്കൊണ്ടിരുന്നതറിയാതെ
അതു തുടർന്നുകൊണ്ടിരുന്നു.



ലേഖനം

ഡോ. ഗിരീഷ്

# മൊബൈലും അതിന്റെ ദുരുപയോഗവും

**നൈ**ന നഗരമധ്യത്തിൽ പ്രവർത്തിക്കുന്ന പ്രശസ്തമായ ഒരു സി.ബി.എസി. സ്കൂളിലെ 10-ാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്. 15-വയസ്സുമാത്രമേ പ്രായമുള്ളൂ എങ്കിലും ഒരു മധുരപ്പതിനേഴുകാരിയുടെ ആകാരവും നല്ല സൗന്ദര്യവുമുള്ള കുട്ടി. ഉറക്കമില്ലായ്മയും ഉത്കണ്ഠയും ദേഷ്യവുമുള്ള എപ്പോഴും ഒറ്റക്കിരിക്കാൻ ഇഷ്ടപ്പെടുന്ന ഒരു രോഗിയായിട്ടാണ് നൈനയെ അവളുടെ അമ്മ എന്റെ അടുക്കൽ കൊണ്ടുവരുന്നത്. മനഃശാസ്ത്ര പരമായ സമീപനത്തിലൂടെ ഞാൻ ഏറെനേരം നൈനയുമായി സംസാരിച്ചു. എന്നാൽ അമ്മയുടെ അസാന്നിധ്യത്തിലാണ് നൈന അവളുടെ മനസ്സു തുറന്നത്. കാരണം മറ്റുള്ളവരിൽ നിന്നും മറച്ചു വയ്ക്കാൻ അവൾ ഇഷ്ടപ്പെടുന്ന സംഭവങ്ങളാണ് അവളെ ഇത്തരം ഒരു അവസ്ഥക്ക് അടിമയാക്കിയത്.

സുന്ദരിയായ നൈനയോട് താല്പര്യം തോന്നിയ യുവാക്കളൊക്കെ അവൾക്ക് ഓരോ മൊബൈൽ സെറ്റ് വാങ്ങിനൽകി. ഒന്നല്ല നാലുപേർ. ആദ്യമാദ്യം നാലുപേരേയും കബളിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ നൈന രാത്രി പതിനൊന്നിനുശേഷം സമയം നിശ്ചയിച്ച് മൊബൈലിൽ സംസാരിച്ചു തുടങ്ങി. ഓരോ കോളുകളും മണിക്കൂറുകൾ നീണ്ടു. മാത്രവുമല്ല ക്രമേണയത് യുവാക്കളുമായുള്ള പ്രണയമായി മാറി. നാലു പേരെയും പിരിയാനാവാത്ത അവസ്ഥ മാത്രമല്ല മൊബൈലിലെ ബന്ധം ക്രമേണ ശാരീരിക ബന്ധത്തിലേക്കും കടന്നു. സംഭവം സ്കൂൾ അധികൃതരറിഞ്ഞു. കൂട്ടുകാരറിഞ്ഞു. എങ്ങനെയെങ്കിലും ഈ ബന്ധങ്ങളിൽ നിന്ന് പിന്മാറണമെന്ന് നൈന ആഗ്രഹിച്ചു പക്ഷെ രാത്രിയാകുമ്പോൾ അവൾ വീണ്ടും മൊബൈലുകളുടെ റിംഗ് ടോണിനുവേണ്ടി കാതോർക്കും. ആകാംഷയും ഉത്കണഠയും അവളുടെ മനസ്സിനെ അസ്വസ്ഥമാക്കി. ഒരിക്കൽ പാതിരാത്രി കഴിഞ്ഞെപ്പോഴൊ എണീറ്റ അമ്മ നൈനയുടെ മുറിയിൽ നിന്ന് അടക്കിപ്പിടിച്ചുള്ള വർത്തമാനം കേട്ട് നടത്തിയ അന്വേഷണവും പരിശോധനയുമാണ് ബഡ്ഡിനടിയിൽ സൂക്ഷിച്ചിരുന്ന നാല് മൊബൈൽ സെറ്റുകൾ സഹിതം സംഭവം വീട്ടുകാരറിയാൻ ഇടയായത്.

നൈനയുടെ കഥ ഇതാണെങ്കിൽ ദീപകിന്റെ കഥ മറ്റൊന്നാണ്. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് റാങ്കിനടുത്തു മാർക്കുണ്ടായിരുന്ന ദീപക് പ്രശസ്തമായ ഒരു സ്കൂളി

ലാണ് പ്ലസ് ടു വിനു ചേർന്നത്. എൻട്രൻസ് പരീക്ഷ എഴുതി മെഡിസിനു ചേരുകയായിരുന്നു ലക്ഷ്യം. ഗൾഫിലായിരുന്ന ദീപകിന്റെ അച്ഛൻ നാട്ടിൽ വന്നപ്പോൾ മകന്റെ ആഗ്രഹപ്രകാരം ആധുനിക സംവിധാനമുള്ള ഒരു മൊബൈൽ സെറ്റാണ് സമ്മാനമായി നൽകിയത്. ഒരിക്കൽ ദീപകിന്റെ ഫോണിലേക്ക് ഒരു മിസ്ഡ് കോൾ വന്നു. ദീപക് തിരിച്ചു വിളിച്ചു. അതൊരു ടീച്ചറിന്റെ നമ്പറായിരുന്നു. ഹോസ്റ്റലിൽ താമസിച്ച് ഒരു കോളേജിൽ ഗസ്റ്റ് ലക്ചററായി ജോലി നോക്കുകയാണ് യുവതിയായ ടീച്ചർ. സ്വയം പരിചയപ്പെടുത്തിയ ടീച്ചർ ദീപകിന്റെ സ്വരം മനോഹരമായിരിക്കുന്നുവെന്ന ആമുഖത്തോടെയാണ് സംസാരിച്ചു തുടങ്ങിയത്. പിന്നീട് ആ സൗഹൃദം അശ്ലീല സംഭാഷണത്തിലേക്ക് വഴി മാറി. ടീച്ചർ മാത്രമല്ലാ അവരുടെ സഹപ്രവർത്തകരും ദീപകുമായി അശ്ലീല സംഭാഷണത്തിന് സമയം കണ്ടെത്തിയതോടെ ദീപകിന്റെ രാത്രി നിദ്രാവിഹീനങ്ങളായി. ഈ സൗഹൃദങ്ങൾ ദീപകിനേയും ഒരു പ്രത്യേകതരം രോഗത്തിന് അടിമയാക്കി. അങ്ങനെയാണ് ദീപക്കും ചികിത്സതേടുന്നത്.

ഈ രണ്ടു സംഭവങ്ങളും വെളിവാക്കുന്ന ഒരു കാര്യമുണ്ട് മൊബൈൽ ഫോൺ ഇന്റർനെറ്റ്, ലഹരി വസ്തുക്കൾ എന്നിവ പോലെതന്നെ ഒരു അഡിക്ഷൻ ഉണ്ടാക്കുന്നുവെന്നത്. എല്ലാവർക്കും ഒരു അഡിക്ഷൻ സ്വഭാവമുണ്ട്. അത് പോസിറ്റീവും നെഗറ്റീവുമാകാം. വായനയോട്, പഠനത്തോട്, ഉണ്ടാകുന്ന താല്പര്യത്തെ പോസിറ്റീവ് അഡിക്ഷനായി കാണാം. എന്നാൽ മദ്യപാനം, പുകവലി, മൊബൈൽ ദുരുപയോഗം എന്നിവ നെഗറ്റീവ് അഡിക്ഷനാണ്. യുവജനങ്ങളിൽ പ്രത്യേകിച്ച് കൗമാര പ്രായക്കാരിൽ ലൈംഗികതയും പ്രണയവും വളരെയേറെ ജിജ്ഞാസ ഉളവാക്കുന്ന ഒന്നാണ്. ഈ ജിജ്ഞാസയെ തെറ്റായ രീതിയിലേക്ക് തിരിച്ചുവിടാൻ സഹായിക്കുന്ന ഈ വലിയ ലോകത്തിലെ ചെറിയ ജാലകമാണ് മൊബൈൽ. എസ്. എം.എസ് മെസ്സേജുകളും മിസ്ഡ് കോളുകളും അപകടം പതിയിരിക്കുന്നവയാണെന്നറിയാമെങ്കിലും അതെന്തെന്നും അവയുടെ ഉറവിടം ഏതെന്നും അറിയാനുള്ള ജിജ്ഞാസ വർദ്ധിപ്പിക്കുന്നു. ഈ ജിജ്ഞാസകളാണ് പലപ്പോഴും അപകടങ്ങൾക്ക് കാരണമാകുന്നത്. മൊബൈൽ ഫോൺ വ്യക്തിപരവും സ്വകാര്യതകളുടെ ഭാഗവുമായി സൂക്ഷിക്കാൻ കഴിയുന്നുവെന്നതാണ് മറ്റൊരു വസ്തുത. അതേസമയം ലാൻഡ് ഫോണുകൾ പൊതുവായി ഉപയോഗിക്കപ്പെടുന്നതിനാൽ ഇത്തരം അപകടങ്ങൾക്ക് സാധ്യതയില്ലാ. ആധുനിക സൗകര്യങ്ങളുള്ള മൊബൈലുകളാണ് താരതമ്യേന കൂടുതൽ അപകടകാരികൾ. രതിവൈകൃതങ്ങൾ, സ്വയം നഗ്നത പ്രദർശിപ്പിച്ച് സായൂജ്യംമടയുന്ന രീതി, (എക്സിബിഷനിസം), മറ്റുള്ളവരുടെ സ്വകാര്യത ഒളിച്ചിരുന്നു കാണുകയും മൊബൈലിൽ പകർത്തുകയും ചെയ്യുന്ന പ്രവണത ഇവയ്ക്കെല്ലാം ഇത്തരം മൊബൈലുകൾ പ്രേരകമാകുന്നു. ഇത് സാമൂഹ്യ വിരുദ്ധരുടെ കൈയ്യിൽപ്പെട്ടാലുള്ള അപകടം ഊഹിക്കാവുന്നതിലുമപ്പുറമാണ്.



പൊതുവേ ആശയ വിനിമയത്തോട് ഏറെ താല്പര്യം കാണിക്കുന്നവരാണ് സ്ത്രീകൾ. പ്രത്യേകിച്ച് അവരുടെ സ്വകാര്യതകൾ പങ്കുവയ്ക്കാൻ ഒരവസരം കിട്ടിയാൽ വിശ്വസിക്കാൻ ഒരാളെ കിട്ടിയാൽ അവർ സന്തോഷവതികളാകും. സ്ത്രീകളുടെ ഈ സ്വഭാവ വിശേഷത്തെയാണ് പലരും ദുരുപയോഗം ചെയ്യുന്നത്. നിരന്തരമായ മൊബൈൽ സംഭാഷണത്തിലൂടെ സ്ത്രീയുടെ സ്വകാര്യതയുടെ നല്ലൊരു കേൾവിക്കാരനാകുന്ന പുരുഷൻ തന്ത്രപൂർവ്വം അവളെ തന്റെ കെണിയിൽ വീഴ്ത്തിക്കഴിയുമ്പോഴാണ് അവൾ അബദ്ധം മനസ്സിലാക്കുക. അപ്പോഴേക്കും അവൾ പവിത്രമെന്ന് കരുതിയിരുന്നതെല്ലാം നശിച്ചിട്ടുണ്ടായിരിക്കും. ഇത്തരം ഒരു സാഹചര്യത്തിൽ മൊബൈൽ രക്ഷകനോ ശിക്ഷകനോ എന്നു ചോദിച്ചാലും നന്മയ്ക്കോ തിന്മയ്ക്കോ എന്നു ചോദിച്ചാലും ഒരു ഉത്തരമേയുള്ളൂ. മൊബൈൽ വൈദ്യുതി പോലെയാണ്. ശരിയായി ഉപയോഗിച്ചാൽ ഏറെ ഉപകാരിയും സഹായിയുമാണ്. അതേ സമയം തെറ്റായ രീതിയിൽ സമീപിച്ചാൽ അത് അപകടകാരിയുമാണ്. ഒരു വ്യക്തിയുടെ മനസ്സിന്റെ ഘടന വെളിപ്പെടുത്താൻ കഴിയുന്ന ഒരു ഉപകരണമാണ് മൊബൈൽ ഫോൺ. അതുകൊണ്ടു തന്നെ മൊബൈൽ ഫോൺ ഉപയോഗിക്കുമ്പോൾ പ്രത്യേകിച്ച് യുവാക്കൾക്ക് നൽകുമ്പോൾ ചിലകാര്യങ്ങൾ ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

1. **പതിനെട്ട് വയസിന് മുൻപ് കുട്ടികൾക്ക് മൊബൈൽ വാങ്ങിക്കൊടുക്കാതിരിക്കുക.**
2. **മൊബൈൽ ഉപയോഗിക്കാൻ വയസ് മാത്രം മാനദണ്ഡ മാക്കരുത് മാനസികപക്വത കൂടി നോക്കണം.**
3. **മൊബൈൽ ഫോൺ അനിവാര്യമെന്ന് കണ്ടാൽ ബ്ലൂടൂത്ത്, ക്യാമറ തുടങ്ങിയ സൗകര്യങ്ങൾ ഇല്ലാത്തവ തെരഞ്ഞെടുത്തു നൽകുക.**
4. **മൊബൈൽ കണക്ഷനുകൾ (സിം കാർഡ് വാങ്ങുമ്പോൾ) ഫ്രീകോൾ, ഫ്രീ എസ്.എം.എസ്, ഇന്റർനെറ്റ് പ്ലാൻ നൈറ്റ് പ്ലാൻ എന്നീ സൗകര്യങ്ങളോടുകൂടിയവ വാങ്ങാതിരിക്കുക.**
5. **വിദ്യാർത്ഥികളും യുവജനങ്ങളും ഉപയോഗിക്കുന്ന മൊബൈലിന്റെ കോൾ ദൈർഘ്യം, സ്ഥിരം നമ്പറുകൾ, എസ്.എം.എസ് മെസേജുകൾ, മിസ്ഡ് കോളുകൾ എന്നിവ മാതാപിതാക്കൾ ശ്രദ്ധിക്കുക.**

ലേഖനം

ജി.ആർ. അനിൽ

# പത്തും പ്ലസ്ടൂവും കഴിഞ്ഞു, ഇനിയെന്ത്

നല്ല ജീവിതശൈലിയ്ക്ക് അനുയോജ്യമായ ഒരു തൊഴിൽ കണ്ടെത്തുന്നതിന് കരിയറിൽ പ്ലാനിംഗ് ആവശ്യമാണ്. ഇന്ന് 3000 ത്തിലധികം കരിയറുകളിൽ പഠന സൗകര്യമുണ്ട്. ആയതിനാൽ വിദ്യാഭ്യാസം കരിയറിനെ മുൻനിറുത്തി ആവണം. കരിയർ കിട്ടാൻ വിദ്യാഭ്യാസ യോഗ്യത നേടേണ്ടതുണ്ട്. തനിക്ക് ഇഷ്ടപ്പെട്ടതും ഇണങ്ങിയതും കഴിവിനും സാഹചര്യത്തിനും സാമ്പത്തിക സ്ഥിതിക്കും അനുയോജ്യമായ ജോലിയിൽ പഠന മികവിലൂടെ എത്തിച്ചേരുന്നതാണ് കരിയർ പ്ലാനിംഗ്. അതിന് വിദ്യാർത്ഥികളുടെ വ്യക്തി താൽപര്യവും പരിമിതിയും ആൺപെൺ വ്യത്യാസവുമൊക്കെ സ്വയം മനസ്സിലാക്കണം. അതോടൊപ്പം പ്ലാനിംഗിൽ അധിഷ്ഠിതമായ നല്ല പരിശ്രമവും മനോഭാവവും ഇച്ഛാശക്തിയുമൊക്കെ കൂടെ വേണം.

കരിയർ എന്നതിന് തൊഴിലിനേക്കാൾ വ്യാപ്തിയാണുള്ളത്. തൊഴിൽ അഥവാ കരിയർ തനിക്ക് ഇണങ്ങിയതാവുമ്പോൾ ജീവിതവിജയം എളുപ്പമാകുന്നു. ഇഷ്ടപ്പെട്ട തൊഴിൽ നേടുന്നതും അനുയോജ്യമായ വധുവിനെ അഥവാ വരനെ ലഭിക്കുന്നതും ജീവിതവിജയത്തിന് ഏറെ ആവശ്യമുള്ള കാര്യമാണ്. അഭിരുചിയ്ക്ക് ഒത്ത തൊഴിലും ജീവിതപങ്കാളിയുമല്ല ലഭിക്കുന്നതെങ്കിൽ കാട്ടിക്കൂട്ടലും ഏച്ചുവയ്ക്കലുമായിരിക്കും ഫലം.

ഇന്ന് കേരളീയസമൂഹത്തിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് എന്നിവയോടുള്ള ഭ്രമം വിട്ടുമാറിയിട്ടില്ല. എൻട്രൻസ് പരീക്ഷയോടുള്ള താത്പര്യവും എൻട്രൻസ് കോച്ചിംഗും ഇത് വെളിവാക്കുന്നു. മാതാപിതാക്കളുടെയും അയൽക്കാരുടെയും ബന്ധുക്കളുടെയും വിദ്യാഭ്യാസമാർക്കറ്റിംഗ്സ്ഥാപനങ്ങളുടെയും അഭിപ്രായത്തിനും താത്പര്യത്തിനും വഴങ്ങി ഉപരിപഠനത്തിന് ഇറങ്ങിത്തിരിച്ച് വിദ്യാഭ്യാസം പെരുവഴിയിൽ ഇട്ടെറിഞ്ഞ് പോകുന്ന സമർത്ഥരായ വിദ്യാർത്ഥികളുടെ എണ്ണം ഇന്ന് കൂടിവരുന്നുണ്ട്. മക്കളെ ഡോക്ടറോ എഞ്ചിനീയറോ ആക്കുക എന്ന വാശി മാറിത്തുടങ്ങേണ്ടിയിരിക്കുന്നു. രക്തം കണ്ടാൽ പേടിക്കുന്നതും സേവനമനോഭാവമില്ലാത്തതുമായ കുട്ടിയെ ഡോക്ടറാക്കി



യാൽ "തൊഴിലാളി" ആയെങ്കിലായി എന്നേയുള്ളു. ആതുരസേവന രംഗത്തിന് പ്രത്യേകിച്ച് ഗുണമൊന്നും ഉണ്ടാവുകയുമില്ല. ഒരു നല്ല എഞ്ചിനീയർ/ഡോക്ടർ അതുപോലെ ഒരു നല്ല മെക്കാനിക് ഒരു നല്ല അദ്ധ്യാപകൻ എല്ലാം "നല്ലവർ" ഉണ്ടാകണമെങ്കിൽ വിദ്യാർത്ഥിക്ക് ഇണങ്ങിയ തൊഴിൽ, ഉപരിപഠന മേഖല വിദ്യാർത്ഥികൾ 8-ാം ക്ലാസ്സ്മുതൽ തുടങ്ങി പ്ലസ് ടൂ കഴിയുമ്പോൾ സ്വയം തെരഞ്ഞെടുത്തെങ്കിലേ വിജയിക്കൂ.

**തൊഴിലിന് ഒരു കോഴ്സ്**

പ്ലസ് ടൂവിനോ എസ്.എസ്.എൽ.സിയ്ക്കോശേഷം കോഴ്സ് തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്.

1. ഗുണനിലവാരം
2. സ്ഥാപനത്തിന്റെ മികവ്
3. കോഴ്സിന്റെ ചെലവ്
4. പഠനദൈർഘ്യം
5. പഠിച്ചാലുണ്ടാകുന്ന പ്രസക്തി
6 തൊഴിൽ സാദ്ധ്യത
7 അംഗീകാരം
8 വിദേശരാജ്യങ്ങളിൽ അംഗീകരിക്കുന്നുവോ
9 ഡിഗ്രി/ ഡിപ്ലോമ സർട്ടിഫിക്കറ്റ് ഇവയിൽ ഏതാണ്

**പത്താം ക്ലാസ്സ് കഴിഞ്ഞാൽ എന്ത്**

പത്താം ക്ലാസ്സിൽ ഉയർന്ന മാർക്കോടെ പാസാകുന്നവർ ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി പഠനത്തിന് തിരിക്കുന്നു. ഇന്ന് ഏകജാലക സംവിധാനത്തിലൂടെയാണ് അപേക്ഷ സമർപ്പിക്കുന്നത്. ഒരു ജില്ലയിൽ ഒരു അപേക്ഷ മതി. ജൂൺ മാസത്തിലാണ് പ്രവേശനം. സയൻസ്, ഹ്യുമാനിറ്റിസ്, കോമേഴ്സ് എന്നീ കോമ്പിനേഷനുകളിലാണ് പ്രവേശനം. ഈ തരംതിരിവ് വിവിധ ശാസ്ത്ര - ആർട്സ് - ബാങ്കിംഗ് മേഖലകളിലേക്ക് തിരിച്ചുവിടുന്നതിനുള്ള ഒരു പ്രധാന ടേണിംഗ് പോയിന്റാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് പ്രൊഫഷണൽ/ ഡിഗ്രി/ ഡിപ്ലോമ കോഴ്സുകളിലേക്ക് പ്ലസ്ടൂവിനുശേഷം തിരിയേണ്ടത് എന്നതിനാൽ ഏറെ പ്രസക്തി അർഹിക്കുന്നു. ഹയർ സെക്കണ്ടറിയിൽ ഒന്നാം ഭാഷ ഇംഗ്ലീഷും രണ്ടാംഭാഷ മലയാളം ഹിന്ദി/ സംസ്കൃതം / തമിഴ്/ ലാറ്റിൻ അങ്ങനെ പോകുന്നു. തുടർന്ന് സയൻസിൽ പ്രധാനമായി ഫിസിക്സ്/ കെമിസ്ട്രി/ മാത്സ്/ ബയോളജി 2. ഫിസിക്സ്/ കെമിസ്ട്രി/ മാത്സ്/ കമ്പ്യൂട്ടർ സയൻസ് 3. ഫിസിക്സ്/ കെമിസ്ട്രി/ മാത്സ്/ ഹോം സയൻസ് ഇങ്ങനെ 7 കോമ്പിനേഷനുകൾ ഉണ്ട്.

ഹ്യുമാനിറ്റിസിൽ

ഹിസ്റ്ററി/ എക്ണോമിക്സ്/ പൊളിറ്റിക്കൽ സയൻസ്/ ജോഗ്രഫി 2. ഹിസ്റ്ററി/ എക്ണോമിക്സ്/ പൊളിറ്റിക്കൽ സയൻസ്/ സോഷ്യോളജി 3.ഹിസ്റ്ററി/ എക്ണോമിക്സ്/ പൊളിറ്റിക്കൽ സയൻസ്/ സോഷ്യൽ വർക്ക് 4. ഹിസ്റ്ററി/ എക്ണോമിക്സ്/ പൊളിറ്റിക്കൽ സയൻസ്/ മ്യൂസിക് 5. ഹിസ്റ്ററി/ എക്ണോമിക്സ്/ പൊളിറ്റിക്കൽ സയൻസ്/ സ്റ്റാറ്റിസ്റ്റിക്സ് അങ്ങനെ ഇരുപത്തെട്ടോളം കോമ്പിനേഷനുകൾ ഉണ്ട്

കോമേഴ്സിൽ

1. ബിസിനസ്സ് സ്റ്റഡിസ്/ അക്കൗണ്ടൻസി/ ഇക്കണോമിക്സ്/ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് 2. ബിസിനസ്സ്



സ്റ്റഡിസ്/ അക്കൗണ്ടൻസി/ ഇക്കണോമിക്സ്/ മാത്തമറ്റിക്സ് 3. ബിസിനസ്സ് സ്റ്റഡിസ്/ അക്കൗണ്ടൻസി/ ഇക്കണോമിക്സ്/ സ്റ്റാറ്റിസ്റ്റിക്സ് 4. ബിസിനസ്സ് സ്റ്റഡിസ്/ അക്കൗണ്ടൻസി/ ഇക്കണോമിക്സ്/ പൊളിറ്റിക്കൽ സയൻസ്

എസ്.എസ്.എൽ.സിയ്ക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലാണ് സെലക്ഷൻ. സംവരണതത്വങ്ങളൊക്കെ പാലിച്ച് പൂർണ്ണമായും കുറ്റമറ്റരീതിയിലാണ് പ്ലസ്ടൂ പ്രവേശനം

വൊക്കേഷണൽ ഹയർ സെക്കണ്ടറിയെന്നാൽ ഹയർ സെക്കണ്ടറിയ്ക്ക് തുല്യമായി തൊഴിൽ പരിശീലനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് നടപ്പാക്കിയിരിക്കുന്നത്. പാർട്ട് I ഇംഗ്ലീഷും പാർട്ട് II ൽ തൊഴിലധിഷ്ഠിത വിഷയങ്ങളും (തിയറി പ്രാക്ടിക്കൽ) പാർട്ട് III ഐച്ഛിക വിഷയവുമായി തിരിച്ചിരിക്കുന്നു. വി. എച്ച്.സി. പാസ്സായവരെ പ്ലസ് ടൂ പാസ്സായതായി കണക്കാക്കി ഉപരിപഠനത്തിന് യോഗ്യരാക്കുന്നു. കൂടാതെ വൊക്കേഷണൽ കോമ്പിനേഷൻ പി.എസ്.സി.യിൽ തൊഴിലിനുള്ള യോഗ്യതയായി പരിഗണിക്കുന്നു. സംസ്ഥാനത്ത് 375 വി.എച്ച്. എസ്.സി. കളാണുള്ളത്. ഒരു കോഴ്സിൽ 25 പേർക്ക് എന്ന ക്രമത്തിലാണ് പ്രവേശനം.

ഇനി 10 കഴിഞ്ഞവർക്ക് 3 വർഷം കൊണ്ട് നേടാവുന്ന ഡിപ്ലോമയാണ് ജനറൽ പോളിടെക്നിക് കോഴ്സുകൾ. സാങ്കേതികവിദ്യാഭ്യാസ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണീ കോഴ്സുകൾ. ഡിപ്ലോമ ആയതിനാൽ ഇതിന് പ്രാധാന്യവുമുണ്ട്. വിദേശരാജ്യത്ത് പരിഗണനയുമുണ്ട്. എന്നാൽ എൻജിനീയറിംഗ് മേഖലയിൽ ലേറ്ററൽ എൻട്രിയിലൂടെ ഡിഗ്രിനേടാനും അവസരമുണ്ട്. തമിഴ്നാട്ടിൽ എസ്.എസ്.എൽ.സി. കാർക്ക് മൂന്നുവർഷവും പ്ലസ് ടൂ കഴിഞ്ഞവർക്ക് രണ്ടുവർഷവും കൊണ്ട് ഡിപ്ലോമ നേടാം. മിക്കവാറും എഞ്ചിനീയറിംഗ് ഡിഗ്രിയുടെ എല്ലാ ബ്രാഞ്ചുകളും പോളിയിൽ ലഭ്യമാണ്. 48 പോളിടെക്നിക് കോളേജുകൾ കേരളത്തിലുണ്ട്.



**ഐ.റ്റി.ഐ പരിശീലനം**

36 കോഴ്സുകളിലാണ് ഐ.റ്റി.ഐ. പരിശീലനം

1. ***എൻജിനീയറിംഗ് 2 വർഷ മെട്രിക് ട്രേഡുകൾ***
2. ***എൻജിനീയറിംഗ് 2 വർഷ നോൺ മെട്രിക് ട്രേഡുകൾ***
3 ***എൻജിനീയറിംഗ് 1 വർഷ മെട്രിക് ട്രേഡുകൾ***
4. ***എൻജിനീയറിംഗ് 1 വർഷ നോൺ മെട്രിക് ട്രേഡുകൾ***
5. ***3 വർഷ എൻജിനീയറിംഗ് റ്റൂൾ ആൻഡ് ഡൈ മേക്കിംഗ് എന്നിവയാണുള്ളത്. പൊതുമേഖലാസ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ തൊഴിൽ ലഭിക്കുന്ന "സർട്ടിഫിക്കറ്റ്" കോഴ്സുകളാണിത്.***

10–ാം ക്ലാസ്സിനുശേഷം വനിതകൾക്കായുള്ള ഹ്രസ്വ കാല തൊഴിലധിഷ്ഠിത കോഴ്സുകൾ, ഗവ. ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഫുഡ് ക്രാഫ്റ്റ് കോഴ്സുകൾ, ജെ.ഡി.സി., ഹെൽത്ത് ഇൻസ്പെകടർ ഡിപ്ലോമ എന്നിങ്ങനെ നിരവധി മേഖലകൾക്കിണങ്ങിയ തൊഴിൽ കോഴ്സുകളുണ്ട്

പ്ലസ് ടൂ പഠിക്കാൻ ഓപ്പൺ സ്ക്കൂളുകളിൽ അവസരങ്ങളൊക്കെയുണ്ട്.

10–ാം ക്ലാസ്സ് തോറ്റവർക്കും ധാരാളം തൊഴിൽപരിശീലന കോഴ്സുകളുണ്ട്

**+2 വിന് ശേഷം**

മെഡിക്കൽ വിദ്യാഭ്യാസം എം.ബി.ബി. എസ്. നാലര വർഷം

ബി.എസ്.സി. നഴ്സിംഗ് 4 വർഷം

ബി. ഫാം, ബി.എസ്.സി എം.എൽ.റ്റി. 4 വർഷം

ബി.എ.എം.എസ്., ബി. എച്ച്. എം. എസ്. 4 വർഷം

ഡി. എം.എൽ.റ്റി. ( ഡിപ്ലോമ ഇൻ മെഡിക്കൽ ലാബ് ടെക്നോളജി

ഡി.ആർ.റ്റി ഡിപ്ലോമ ഇൻ റേഡിയോളജിക്കൽ ടെക്നോളജി

ഡി.ഒ. എ ഡിപ്ലോമ ഇൻ ഒപ്താൽമിക്

ഡി.എച്ച്. സി ദന്തൽ ഹയ്ജെനിസ്റ്റ് സർട്ടിഫിക്കറ്റ്

ഡി.എം.സി ദന്തൽ മെഡിസിൻ സർട്ടിഫിക്കറ്റ്

ജി.എൻ.ഡി ജനറൽ നഴ്സിംഗ് ഡിപ്ലോമ

ഡി. ഫാം - ഫാർമസി ഡിപ്ലോമ കോഴ്സ്

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് കോഴ്സ്

ഫീമെയിൽ ഹെൽത്ത് വർക്കേഴ്സ് കോഴ്സ്

മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ കൂടാതെ നിരവധി മെഡിക്കൽ/ പാരാമെഡിക്കൽ ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സുകളും നിലവിലുണ്ട്.

**എഞ്ചിനീയറിംഗ്**

ഫിസിക്സ്, കെമിസ്ട്രി, മാത്സ് എന്നീ വിഷയങ്ങളിൽ താൽപര്യമുള്ളവർക്കുള്ളതാണ് എഞ്ചിനീയറിംഗ് പഠനം. സംസ്ഥാനത്തിനകത്തും പുറത്തും ഇന്ന് ധാരാളം പഠന സൗകര്യങ്ങളുണ്ട്. മെഡിക്കൽ/ എഞ്ചിനീയറിംഗ് മേഖലകളിൽ എൻട്രൻസ് പരീക്ഷയുടെ അടിസ്ഥാനത്തിലാണ് മെഡിക്കൽ കോളേജ്, എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് പ്രവേശനം. അത്യന്താധുനികമായതുൾപ്പെടെ അനവധി കോഴ്സുകൾ എഞ്ചിനീയറിംഗ് ബ്രാഞ്ചുകളിലായുണ്ട്. സോഫ്റ്റ്വെയർ എഞ്ചനീയറിംഗ് മേഖലയുടെ വളർച്ച വിദ്യാർത്ഥികളേയും ഉദ്യോഗാർത്ഥികളേയും ആകർഷിക്കുന്നു.

സയൻസ് കോമ്പിനേഷനുകളുമായി ബന്ധപ്പെട്ട് ബി. എസ്.സി. കോഴ്സുകൾ കേരളത്തിനകത്തും പുറത്തും ധാരാളമുണ്ട്. ന്യൂ ജനറേഷൻ ബി.എസ്.സി. കോഴ്സുകൾ ഇന്ന് ഏറെ പ്രാധാന്യമർഹിക്കുന്നു

ഹ്യൂമാനിറ്റിസ് പ്ലസ് ടൂ പഠിച്ചവർക്കും ഹിസ്റ്ററി, ഇക്കണോമിക്സ് സോഷ്യോളജി ഇംഗ്ലീഷ് ജേണലിസം, ടൂറിസം ട്രാവൽ എന്നീ മേഖലകളിൽ പരമ്പരാഗതവും അല്ലാത്തതുമായ നിരവധി കോഴ്സുകളുണ്ട്.

നിയമം, ട്രാവൽ, ടൂറിസം, ജേണലിസം ഹോട്ടൽ മാനേജ്മെന്റ്, ഇവന്റ് മാനേജ്മെന്റ് എന്നിങ്ങനെ നിരവധി പ്രൊഫഷണൽ കോഴ്സുകൾ കൂടാതെ ഐ.എ.എസ്., ഐ.പി.എസ്. പരീക്ഷകളിൽ തെരഞ്ഞെടുക്കപ്പെടുന്നതിലധികം ഹ്യൂമാനിറ്റിസ് മേഖലകളിൽ നിന്നാണ്.

കൊമേഴ്സെടുത്ത് പാസായവർക്ക് വ്യത്യസ്തമായ ഓപ്ഷനുകളുണ്ട്. ഡിഗ്രി/ പ്രൊഫഷണൽ കോഴ്സുകളിലേക്ക് പോകാനുള്ള അവസരങ്ങൾ ധാരാളം. ബാങ്കിംഗ് മേഖല എന്നും തൊഴിൽ സമ്പുഷ്ടമാണ്.

ബികോം (കൊമേഴ്സ്)

ബികോം (കമ്പ്യൂട്ടർ)

ബി.ബി.എ ( ബിസിനസ് അഡ്മിനിസ്ട്രേഷൻ)

ബി.ബി.എം ( ബിസിനസ് മാനേജ്മെന്റ്) അക്കൗണ്ടൻസി തുടങ്ങിയവയാണ് പ്രധാന ഡിഗ്രി കോഴ്സുകൾ

**കൊമേഴ്സുമായി ബന്ധപ്പെട്ട് പ്രൊഫഷണൽ കോഴ്സുകൾ**

കമ്പനി സെക്രട്ടറി (CS)

ചാർട്ടേഡ് അക്കൗണ്ടന്റ് (CA)

ഐ.സി.ഡബ്ലിയു. എ. ഐ ( ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് ആൻഡ് അക്കൗണ്ടിംഗ് ഓഫ് ഇൻഡ്യ)

പ്ലസ് ടൂ വിന് ഏതു വിഷയമെടുത്തു പഠിച്ചാലും അതുമായി ബന്ധപ്പെട്ട മെഡി/ എഞ്ചിനീയറിംഗ് /ട്രാവൽസ്/ ടൂറിസം/ ജേണലിസം/ നിയമം / ഹോട്ടൽമാനേജ്മെന്റ്/ സി.യു.എസ്. എ. റ്റി/ സി.എ../ എൻട്രൻസ് ടെസ്റ്റ് എന്നിങ്ങനെ കേരള അഖിലേന്ത്യാ എൻട്രൻസ് പരീക്ഷകൾ എല്ലാവർഷവും നടത്തി സംസ്ഥാനതലത്തിലും കേന്ദ്ര സ്ഥാപനങ്ങളിലും പ്രവേശനം നൽകി തൊഴിൽ പരിശീ

ലനം നൽകി വരുന്നു.

കോഴ്സുകൾ കണ്ടുപിടിക്കുന്നതിന് ഇന്ന് ധാരാളം പത്ര പംക്തികൾ, തൊഴിൽ മാസികകൾ തൊഴിൽ ആഴ്ച പ്പതിപ്പുകൾ, വെബ്സൈറ്റുകൾ, പി.എസ്.സി., യൂ.പി.എ സ്.സി. പ്രസിദ്ധീകരണങ്ങൾ, റ്റി.വി. പരിപാടികൾ എന്നി വയിലൂടെ ഉപരിപഠന - തൊഴിൽ അന്വേഷകർക്ക് വഴി കാട്ടിയായുള്ള ധാരാളം പരിപാടികൾ ഉണ്ട്.

ഓരോ തൊഴിൽ അന്വേഷകനും വിദ്യാർത്ഥിയും കാ ലഘട്ടത്തിനനുയോജ്യമായ തൊഴിലിലേയ്ക്കുള്ള യാത്രയ്ക്ക് ഇവയൊക്കെ ആശ്രയിക്കാവുന്നതാണ്. കരി യർ ഗൈഡൻസ് സെന്ററുകൾ മാതൃകയായി നിലകൊ ള്ളുന്നു. ഏതാനും തൊഴിൽ മേഖലകൾകൂടി പരിചയ പ്പെടുത്തുന്നു. ഡയറി ടെക്നോളജി, ഫുഡ് ടെക്നോള ജി, ഫിഷറീസ് ടെക്നോളജി, മാർക്കറ്റിംഗ് മാനേജ്മെന്റ്, ബയോടെക്നോളജി, ബയോ ഇൻഫർമാറ്റിക്സ്, ഡിസൈൻ കോഴ്സുകൾ, ഫാഷൻ ടെക്നോളജി, പ്ലാസ്റ്റിക് എഞ്ചിനീയറിംഗ്, ചിത്രകല, ഫൈൻ ആർട്സ്, പത്രപ്രവർത്തനം, (ദൃശ്യശ്രവ്യ കോഴ്സുകൾ) സാങ്കേ തിക കോഴ്സുകൾ, സിനിമാ പഠനത്തിനാവശ്യമായുള്ള കോഴ്സുകൾ, ആർട്ട് ആൻഡ് ഡിസൈൻ, ആർക്കിടെ ക്ചർ, ഗ്രാഫിക് ഡിസൈൻ, ഫൂട് വെയർ ടെക്നോള ജി, ലതർ ടെക്നോളജി, മർചന്റ് നേവി, ഫയർ ആൻഡ് സേഫ്റ്റി, പൈലറ്റ് പരിശീലനം, കായിക വിദ്യാഭ്യാസം, അദ്ധ്യാപക പരിശീലനം, റ്റി.റ്റി.സി., ബി.എഡ്, ലൈബ്രറി & ഇൻഫർമേഷൻ സയൻസ്, സംഗീതപഠനം, പുരാ വസ്തു പഠനം, മ്യൂസിയോളജി, പുരോഹിത പഠനം, സ്വർണ്ണനിർമ്മാണം, ജൂവലറി ഡിസൈൻ, ആനിമേഷൻ, ഏവിയേഷൻ, പരസ്യനിർമ്മാണം, ക്രിമിനോളജി, സാമൂഹ്യ പ്രവർത്തനം, ടീം മാനേജ് മെന്റ്, ഹോസ്പി റ്റാലിറ്റി, സൗണ്ട് എഞ്ചനീയറിംഗ്, പ്രിന്റിംഗ് ടെക്നോള ജി, കൃഷിശാസ്ത്രം, മത്സ്യ ശാസ്ത്രം, പരിസ്ഥിതി പഠ നം, മൃഗസംരക്ഷണ പഠനം, ഇംഗ്ലീഷ്, ഹിന്ദി, മറ്റ് ഭാഷാ പഠനം കോഴ്സുകൾ എന്നിങ്ങനെ ഓരോ സയൻസ്/ ഹ്യൂമാനിറ്റിസ്/ കൊമേഴ്സിന് തുടങ്ങിയ ഡിഗ്രി/ ഡിപ്ലോമ കോഴ്സുകൾ എല്ലാ കോമ്പിനേഷനുകൾക്കും പഠിക്കാവുന്ന കോഴ്സുകൾ ഇന്ന് നിരവധിയാണ്. സംസ്ഥാനത്തും അന്യസംസ്ഥാനത്തും ലഭിക്കുന്ന തൊഴിൽ വിദേശത്ത് ലഭിക്കുന്ന തൊഴിലുകൾ മൾട്ടി നാഷ ണൽ കമ്പനിയിൽ ലഭിക്കുന്ന തൊഴിലുകൾ, കേന്ദ്ര ഗവ. തൊഴിലുകൾ എന്നിങ്ങനെ സാധ്യത മനസിലാക്കി ഉപരി പഠനം നടത്തേണ്ടതാണ്. മറ്റ് സ്ഥാപനങ്ങളാൽ അംഗീക രിക്കുന്ന ഓരോ കോഴ്സിന്റെയും നിയന്ത്രണ ഏജൻസികളുടെ അംഗീകാരം മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ, നാഷണൽ കൗൺസിൽ ഫോർ റ്റീച്ചേഴ്സ് എഡ്യൂക്കേഷൻ, ആൾ ഇൻഡ്യ കൗൺസിൽ ടെക്നി ക്കൽ എഡ്യൂക്കേഷൻ ഇവയൊക്കെ മനസിലാക്കിയിരി ക്കണം. ഭാഷാ നിപുണത, തൊഴിൽ സാമർത്ഥ്യത്തിനാ യിട്ടുള്ള കഴിവുകൾ വിദൂര വിദ്യാഭ്യാസം വഴിയുള്ള സ്കിൽ ഡെവലപ്മെന്റ് കോഴ്സുകൾ ഇവയൊക്കെ തൊഴിൽ ലഭിച്ചതിന് ശേഷവും നേടാവുന്നതാണ്.

പഠന യോഗ്യത കൈവരിച്ചാൽ പി.എസ്.സി., യൂ.പി. എസ്.സി. മറ്റ് ബോർഡുകൾ, ബാങ്കിംഗ് റിക്രൂട്ട്മെന്റ് എന്നിവയിലേക്ക് മത്സര പരീക്ഷ, എസ്.എസ്.എൽ.സി. മുതൽ ഐ.എ.എസ്, ഐ.പി.എസ്. വരെയുള്ള നിരവധി ജോലികൾക്ക് നിശ്ചിത സിലബസ്, മത്സരപരീക്ഷ എന്നി വയിലൂടെ തെരഞ്ഞെടുക്കപ്പെടേണ്ടതാണ്. വ്യക്തിത്വ പരിശീലനം, ഭാഷാനൈപുണ്യം, മുഖാമുഖം തൊഴിൽപ രമായ മറ്റ് കഴിവുകൾ ഇവയൊക്കെ നോക്കി ഒരു കൃത്യ മായ പ്ലാനിംഗ് ഉണ്ടെങ്കിൽ ജീവിതത്തിൽ ഒരു നല്ല കരി യർ സമ്പാദിക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമി ല്ല. പ്ലസ് ടൂവിലെ തെരഞ്ഞെടുപ്പ്, ഡിഗ്രി, ഡിപ്ലോമ കോഴ്സ് തെരഞ്ഞെടുപ്പ് മറ്റ് തൊഴിൽ പരിശീലന കോഴ്സുകൾ തെരഞ്ഞെടുക്കൽ ഇവ ഓരോ വിദ്യാർത്ഥി ക്കും ഇണങ്ങിയതാകുമ്പോൾ ജീവിതവിജയവും തൊഴിൽവിജയവും എന്ന സ്വപ്നം അർത്ഥവത്തായി യാഥാർത്ഥ്യമാകുന്നു.

★






# സൗഖ്യം

**യേ**ശു പ്രവർത്തിച്ച അത്ഭുതങ്ങളിൽ ഭൂരിപക്ഷവും സൗഖ്യവുമായ് ബന്ധപ്പെട്ടവയാണ്. യേശുവിനറിയാം മുറിവേറ്റ ലോകം കൊതിക്കുന്നത് സൗഖ്യത്തിനുവേണ്ടിയാണെന്ന്. ലോകം മാത്രമല്ല ഞാനും.

ഇത്രയും നാൾ ജനം സംസാരിച്ചിരുന്നത് ആരോഗ്യവാന്മാരിലെ രോഗികളെ കുറിച്ചായിരുന്നു. കാലം മാറി, ഇന്ന് രോഗികളിലെ ആരോഗ്യവാന്മാരെപ്പറ്റിയാണ്, കാരണം ഇന്ന് ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ എല്ലാവരും രോഗികളാണ്.

ചില രോഗങ്ങൾ ശരീരത്തിന്റേതാണ്. മറ്റു ചിലതാകട്ടെ മനസ്സിന്റേത്; വീണ്ടും ചിലത് ആത്മാവിന്റേതും.

അവൻ മുടന്തന് സൗഖ്യം നൽകി. അന്ധന് കാഴ്ച നൽകി. ചെകിടന് കേൾവിയും മൂകന് സംസാരശേഷിയും പിശാചുബാധിതന് മോചനവും കുഷ്ഠരോഗിക്ക് സൗഖ്യവും തളർവാതരോഗിക്കു ബലവും നൽകി. ഇവയെല്ലാം ശാരീരിക രോഗങ്ങളിൽ നിന്നുള്ള സൗഖ്യമാണ്.

എന്നാൽ സൗഖ്യത്തിനായ് അവനെ സമീപിച്ച എല്ലാവർക്കും സൗഖ്യം ലഭിച്ചില്ല. ധനം സൗഖ്യം നൽകുമെന്ന് കരുതിയ ഒരു യുവാവ് യേശുവിനെ സമീപിച്ചു. അവന് സൗഖ്യം ലഭിച്ചില്ല. മറിച്ച് ധനം അവനെ ഒരു രോഗിയാക്കി. വിഷാദത്തോടെ അവൻ മടങ്ങിപ്പോയി. ചുങ്കക്കാരൻ മനസ്സിന് ശാന്തി ലഭിച്ചിറങ്ങിയപ്പോൾ ഫരിസേയനാകട്ടെ രോഗിയായി മടങ്ങിപ്പോയി. കാരണം അവന്റെ മനസ്സ് ശയ്യബദ്ധമായിരുന്നു. മനസ്സിന്റെ രോഗം ശരീരത്തിന്റെ രോഗത്തെക്കാൾ ആഴമേറിയതാണ്.

പത്ത് കുഷ്ഠ രോഗികൾക്ക് അവൻ സൗഖ്യം നൽകി. പക്ഷേ ഒരുവന് മാത്രമേ പൂർണ്ണസൗഖ്യം ലഭിച്ചുള്ളൂ. യേശുവിനെ സംബന്ധിച്ചിടത്തോളം ശരീരത്തിന് സൗഖ്യം നൽകുന്നത് ഒരു തുടക്കം മാത്രം. അത് മനസ്സിനേയും തുടർന്ന് ആത്മാവിനേയും സുഖപ്പെടുത്തണം. ഒരുവൻ മാത്രം നിറഞ്ഞമനസ്സോടെ മടങ്ങിവന്നപ്പോൾ അവന് ശാന്തത ലഭിച്ചു. തുടർന്ന് പൂർണ്ണസൗഖ്യം ലഭിച്ച ആത്മീയ സുഖത്തോടെ അവൻ മടങ്ങിപ്പോയി.

പാപിനിയായ സ്ത്രീയെ അവർ അവന്റെ അടുക്കലെത്തിച്ചു. അവൾക്കാകട്ടെ ആരോഗ്യമുണ്ടായിരുന്നു, സൗന്ദര്യമുണ്ടായിരുന്നു ശക്തിയുണ്ടായിരുന്നു എങ്കിലും അവൾ ഒരു രോഗിയായിരുന്നു. അവളുടെ രോഗം സുഖപ്പെട്ടപ്പോൾ അവളെ അവിടെ എത്തിച്ചവർ രോഗികളായി മടങ്ങിപ്പോയി.

ആരോഗ്യമുള്ളിടത്തോളം കാലം വൈദ്യനെപ്പറ്റി ആരോർക്കാൻ? എന്നാൽ രോഗികളെ കണ്ടെത്തി ചികിത്സിച്ച ഒരു വൈദ്യനുണ്ട്, അവനാണ് ക്രിസ്തു. മറ്റു വൈദ്യന്മാർ ശരീരത്തിന് ബലം നൽകുമ്പോൾ ഈ വൈദ്യനാകട്ടെ ശരീരത്തിനും മനസ്സിനും ആത്മാവിനും ഒരേ സമയം ബലം നൽകുന്നു. അവനറിയാമായിരുന്നു, ആരോഗ്യവാന്മാർക്കല്ല, രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യമെന്ന്.

രോഗികളാണ് വൈദ്യനെ അന്വേഷിക്കുന്നത്. ഇതാ ഇവിടെ വ്യത്യസ്തനായ ഒരു വൈദ്യൻ, രോഗികളെ അന്വേഷിച്ച് നടക്കുന്ന വൈദ്യൻ. അവനാകട്ടെ ഉപയോഗിച്ചിരുന്ന മരുന്നും വ്യത്യസ്തം. അവൻ ഉപയോഗിച്ചിരുന്ന മരുന്നിന്റെ പേരാണ് വിശ്വാസം. എനിക്ക് ഇത് ചെയ്യാൻ സാധിക്കുമെന്ന് നീ വിശ്വസിക്കുന്നുണ്ടോ. ഓർക്കണം സൗഖ്യം പ്രാപിക്കാൻ വിശ്വാസം അനുവാര്യമാണ്.

സൗഖ്യം ലഭിക്കാൻ അടങ്ങാത്ത ആഗ്രഹവും ആവശ്യമാണ് 38 വർഷമായ് ബദ്സെയ്ദാ കുളക്കരയിൽ സൗഖ്യത്തിനായ് കഴിയുന്ന ഒരുവനുണ്ടായിരുന്നു. യേശു ജനിക്കുന്നതിന് മുൻപേ അവനിവിടെയുണ്ട്. എങ്കിലും യേശു അവനോട് ചോദിക്കുന്നു. സൗഖ്യം പ്രാപിക്കണമെന്ന് നീ ആഗ്രഹിക്കുന്നുണ്ടോ. കേൾക്കുമ്പോൾ അലോസരപ്പെടുത്തുന്നതാണ് യേശുവിന്റെ ഈ ചോദ്യം.



സൗഖ്യത്തിനല്ലാതെ മറ്റെന്തിനാണ് 38 വർഷമായി അവ നവിടെ കിടക്കുന്നത്. പക്ഷേ ക്രിസ്തുവിനറിയാം ദീർഘ നാളായി രോഗാവസ്ഥയിൽ കിടന്ന അവൻ ആരോഗാവ സ്ഥയുമായി സമരസപ്പെട്ടുകഴിഞ്ഞുവെന്ന്. പിന്നെ രോഗം അവനൊരു രോഗമായി തോന്നില്ല. എപ്പോഴും മറ്റു ള്ളവരുടെ കുറവുകളും കുറ്റങ്ങളും പറഞ്ഞു പറഞ്ഞു അവസാനം അതവരുടെ ജീവിതവുമായി സമരസപ്പെടും. പിന്നെ അവന് അതൊരു രോഗമാണെന്നുപോലും തോന്നില്ല. ഒരുവന് ആഗ്രഹം ഉണ്ടെങ്കിലേ സൗഖ്യം സാധ്യമാകൂ.

യേശു മുറിവേറ്റവനായിരുന്നു. പക്ഷേ അവനൊരു രോഗിയായിരുന്നില്ല. ഇത്രയേറെ മുറിവേറ്റിട്ടും അവൻ സൗഖ്യം നൽകി കടന്നുപോയി. അതിന് കാരണമെന്ത്?.

1. മുറിവുകൾ എനിക്കിരുന്നോട്ടെ, എങ്കിലും ഞാൻ നിനക്ക് സൗഖ്യം നൽകാം എന്നാണ് അവന്റെ ജീവിത മുദ്രാവാക്യം.

2. മനോഹരമായ ഒരു കഥ പറഞ്ഞശേഷം അവൻ പറഞ്ഞു നല്ല സമരിയാക്കാരനെപ്പോലെ നിനക്ക് സൗഖ്യം ലഭിക്കാൻ അപരന് അത്താണിയായിത്തീരണം നിന്റെ ജീവിതം.

3. കുഷ്ഠം തൊലിപ്പുറത്തുള്ള ഒരു രോഗാവസ്ഥയ ല്ല. അത് മനസ്സിന്റേതെന്ന് അവൻ പഠിപ്പിച്ചു. 10 പേരിൽ ഒൻപത് പേർക്ക് ശരീരത്തിന്റെ കുഷ്ഠം മാറി. പക്ഷേ നന്ദിയില്ലായ്മയാൽ ഹൃദയം വ്രണംകൊണ്ട് നിറഞ്ഞു. തളർവാതം ശരീരത്തിന്റേതെന്ന് ആരു പറഞ്ഞു. നല്ല വാക്കും പ്രവൃത്തിയും നഷ്ടപ്പെട്ടവന്റെ മനസ്സിനല്ലേ തളർവാതം സംഭവിക്കുന്നത്.

4. സ്പർശനം നമ്മെ സുഖപ്പെടുത്തും പലർക്കും അവൻ സ്പർശനത്താലാണ് സൗഖ്യം നൽകിയത്. അവനെ ഒന്നുതൊടാനും അവർ നന്നെ കഷ്ടപ്പെട്ടു. കാരണം അവൻ തൊട്ടവർക്കും അവനെ തൊട്ടവർക്കും സൗഖ്യം ലഭിച്ചു. നിന്റെ സ്പർശനങ്ങൾ സൗഖ്യം നൽകുന്നതാണോ?.

5. അവന്റെ വാക്കിന് സുഖപ്പെടുത്താനുള്ള ശക്തി യുണ്ടായിരുന്നു. സൗഖ്യം പ്രാപിക്കുക എന്ന് ഉച്ചരിക്കു മ്പോൾ രോഗി സുഖം പ്രാപിച്ചിരുന്നു. നീ ചിന്തിക്കണം നിന്റെ വാക്കിന് ഔഷധഗുണമുണ്ടോ എന്ന്.

6. ക്ഷമ ഒരുവനെ സുഖപ്പെടുത്തും. യേശുവിനേറ്റ ഒരുമുറിവും വ്രണമായിത്തീർന്നില്ല. കാരണം അവൻ പ്രാർത്ഥിച്ചു. പിതാവേ ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല ഇവരോട് ക്ഷമിക്കേണമേ.

7. സ്വർണ്ണമോ വെള്ളിയോ പണമോ നിന്നെ ആത്യ ന്തികമായി സുഖപ്പെടുത്തുകയില്ല. സുന്ദരകവാടത്തിന ടുത്തിരുന്ന മുടന്തൻ പത്രോസിനോട് യാചിച്ചു. അവൻ പറഞ്ഞു സഹോദരാ, എന്റെ കൈയ്യിൽ സ്വർണ്ണവുമില്ല വെള്ളിയുമില്ല പണവുമില്ല. പക്ഷേ ക്രിസ്തുവുണ്ട്. ക്രിസ്തുവിന്റെ നാമത്തിൽ ഞാൻ പറയുന്നു. എഴുന്നേറ്റ് നടക്കുക. അവൻ എഴുന്നേറ്റ് മേലങ്കി വലിച്ചെറിഞ്ഞ് ബല പ്പെട്ടകാലുകളുമായി ഓടിപ്പോയി. ഇന്ന് നമുക്ക് സ്വർണ്ണ മുണ്ട്, വെള്ളിയുണ്ട്, പണമുണ്ട് പക്ഷേ ക്രിസ്തു വുണ്ടോ?.

8. ആള് മാറി ചോദിച്ച ശരിയായ ഒരു ചോദ്യമുണ്ട്. വൈദ്യാ, നീ നിന്നെ തന്നെ സുഖപ്പെടുത്തുക. ഒരു മന്ത്രം പോലെ നിന്നോടുതന്നെ പറയണം. വൈദ്യാ, നീ നിന്നെ ത്തന്നെ സുഖപ്പെടുത്തുക.



# ഇന്റർനെറ്റ് അഡിക്ഷൻ സൂക്ഷിക്കുക

മദ്യവും, മയക്കുമരുന്നും പോലെ ഇന്റർനെറ്റും ആളു കളെ അഡിക്ടാക്കുന്നുവെന്നും അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ഭീകരമെന്നും പഠനങ്ങൾ തെളിയി ക്കുന്നു. പെരുമാറ്റ വൈകല്യ രോഗങ്ങളുടെ നിരയിൽ തന്നെയാണ് ഇത് വരുന്നത്. ലോകത്തു പലയിടത്തും ഇന്റെർനെറ്റ് ഡി അഡിക്ഷൻ സെന്ററുകൾ തുടങ്ങിക്ക ഴിഞ്ഞു. യു.എസിലെ റിഹാബ് ക്ലിനിക്കുകളിൽ മക്കളെ കൊണ്ടാക്കി മടങ്ങുന്ന ചില മാതാപിതാക്കൾ പറയുന്ന തിങ്ങനെ : "അവൻ ഒന്നു മിണ്ടിയിട്ടു ദിവസങ്ങളായി നെറ്റ് ബ്രൗസ് ചെയ്യാൻ സമ്മതിക്കാതിരുന്നപ്പോൾ വയ ലന്റായി". സദാസമയവും കംപ്യൂട്ടറിനു മുന്നിൽ ചട ഞ്ഞിരിക്കുന്നവർക്കാണ് ഈ രോഗം പെട്ടെന്ന് പിടികൂ ടുന്നത്.

വിഷാദം, കാര്യമില്ലാത്ത കുറ്റബോധ സ്വഭാവം, ലജ്ജ, മറ്റുകാര്യങ്ങളിലെ താൽപര്യമില്ലായ്മ, സാമൂഹിക ബന്ധങ്ങളോടുള്ള അകൽച്ച, ഇന്റർനെറ്റ് ഉപയോഗി ക്കുന്ന സമയത്തെ സന്തോഷത്തള്ളിച്ച (യൂഫോറിയ) ഇവയാണ് ഈ രോഗത്തിന്റെ തുടക്കത്തിലെ ലക്ഷണ ങ്ങൾ. കുറച്ചു കഴിയുമ്പോൾ യഥാർത്ഥ ജീവിതത്തെ ക്കുറിച്ചുള്ള കാഴ്ചപ്പാടുകളും പ്രതിസന്ധികളെ തരണം ചെയ്യാനുള്ള ശേഷിയും ഇല്ലാതാകുന്നു, ഓർമയെ മറ വിയിലേക്കു തള്ളുന്നു. പ്രായോഗിക പരിജ്ഞാനം കുറ യുന്നു. പ്രത്യേക രീതിയിലേക്കുള്ള ബുദ്ധിയെ ട്യൂൺ ചെയ്യുന്ന മനസ്സിനെ നിസംഗത പുതപ്പിക്കുന്നു, വികാ രങ്ങളെ അഴിച്ചു വിടുകയോ ഇല്ലാതാക്കുകയോ ചെയ്യു ന്നു.

കുട്ടികളേയും യുവജനങ്ങളേയും വളർത്തുന്ന രീതി തന്നെയാണ് നാം ശ്രദ്ധിക്കേണ്ടത്. കംപ്യൂട്ടറിനും ഗെയി മുകൾക്കും മുന്നിൽ മാത്രം ഒതുങ്ങാതെ കളിച്ചു വള രാനും, മറ്റുള്ളവരുമായി നേരിട്ടു സമ്പർക്കമുണ്ടാക്കാ നും, നല്ല സൗഹൃദങ്ങൾ വളർത്താനും, സാമൂഹ്യ പ്രതി ബദ്ധത ഉണ്ടാക്കാനും സംഘടനകളിൽ ചേർന്നു പ്രവർത്തിക്കാനും, നെറ്റിൽ സെർച്ച് ചെയ്തു ഡേറ്റകൾ ശേഖരിക്കുന്നതോടൊപ്പം പുസ്തകങ്ങൾ വായിക്കാനും നമ്മുടെ കുട്ടികളെയും യുവാക്കളെയും പ്രോത്സാഹി പ്പിക്കുക. ഭക്ഷണം കംപ്യൂട്ടറിനോ, റ്റി.വിക്കോ മുമ്പിലാ വരുത് കുടുംബാംഗങ്ങൾ ഒരുമിച്ചുകൂടി സംസാരിച്ചു ഭക്ഷണം കഴിക്കണം. നല്ല ശീലങ്ങൾ വളർത്തി കുട്ടി കളെ നമുക്ക് രക്ഷിക്കാം.



**വൈദിക വർഷ ചിന്ത**
ഫാ. ലെനിൻ ഫർണാണ്ടസ്

# ഒരു വികാരിയച്ചന്റെ കത്ത്

എത്രയും സ്നേഹവും വാത്സല്യവും നിറഞ്ഞ എന്റെ ഇടവക ജനങ്ങളേ...

മരണമില്ലാത്തത് അക്ഷരങ്ങൾക്കുമാത്രമാണെന്ന് ആരോ പറഞ്ഞിട്ടുണ്ട്. വൈദിക വർഷം ആചരിക്കുന്ന ഈ ദിനങ്ങളിൽ പറഞ്ഞുതീർത്ത പള്ളി പ്രസംഗങ്ങളിലൊന്നും കടന്നുവരാത്ത ചില വ്യക്തിവിചാരങ്ങൾ മാത്രമാണ് ഈ കത്തിലൂടെ കോറിയിട്ടിരിക്കുന്നത്. ഓഷോ രജനീഷിന്റെ കത്തുകളടങ്ങിയ ഒരു പുസ്തകം വായിച്ചിട്ട് ഒരു സുഹൃത്ത് പറഞ്ഞു, അദ്ദേഹത്തിന്റെ ഫിലോസഫികളെക്കാൾ കൂടുതൽ ആത്മീയ ദർശനങ്ങൾ തൂലിക ചലിച്ചപ്പോൾ ദൈവം പരത്തിയെന്ന്. ഈ കത്തിലാകെ നിങ്ങളുടെ വികാരിയച്ചൻ എന്ന നിലയിലുള്ള എന്റെ ആത്മവിചാരങ്ങളാണ്. എങ്കിലും തീർച്ചയായും ദൈവികാംശമുണ്ടിതിൽ. കാരണം ഏറെ പ്രാർത്ഥിച്ചിട്ടാണ് ഇതെഴുതുന്നത്. എനിക്കും എന്റെ സഹോദര വൈദികർക്കും വേണ്ടി നിങ്ങൾ ഈ ദിനങ്ങളിൽ എല്ലാ ദിവസവും പ്രാർത്ഥിക്കുന്നുണ്ട് എന്നറിയാം. ഏറെ നന്ദിയുണ്ട്. ആത്മനിർവൃതിയോടെ പൗരോഹിത്യം എന്ന മഹാദാനത്തിന് മുൻപിൽ അതീവ വിനയത്തോടെ നിൽക്കുമ്പോഴും മനസ്സിൽ താഴിട്ടുവച്ച ചില കാര്യങ്ങൾ നിങ്ങളോടു ഞാൻ തുറന്നുപറയട്ടെ.

ഏറെ താത്പര്യത്തോടും ആകാംക്ഷയോടും അതിലേറെ തീവ്രതയോടും കൂടിയാണ് ഞാൻ ഈ ഇടവകയിൽ വികാരിയായി കടന്നുവന്നത്. അഭിവന്ദ്യപിതാവ് ഇവിടെ വരണം എന്നു പറഞ്ഞപ്പോഴെ ചങ്കിടിപ്പായിരുന്നു. ചില മാനുഷികമായ കാരണങ്ങളാണ് അതിന്റെ പിന്നിൽ. ഒന്നാമത്തേത് ഇത് സാമാന്യം വലിയ ഒരു ഇടവകയാണ്. രണ്ടാമതായി എനിക്കു മുൻപ് ഇവിടെ വികാരിയായിരുന്ന എന്റെ സഹോദരനും സുഹൃത്തുമായ അച്ചൻ സെമിനാരിയിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴേ സമർത്ഥനായിരുന്നു. ഒരു ചിത്രഗൃഹംപോലെ ഈ ഇടവകയെ അദ്ദേഹം നന്നായി അണിയിച്ചു. അതോർത്തപ്പോൾ എനിക്കൊരു അപകർഷതയുണ്ടായിരുന്നു, നിങ്ങളെങ്ങനെ എന്നെ സ്വീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുമെന്ന്. പക്ഷേ എന്റെ ഊഹങ്ങൾക്കെല്ലാം വിപരീതമായി ഞാനെന്ന വ്യക്തിയെ നിങ്ങൾ മനസ്സിലാക്കുകയും എന്റെ ബലഹീനതകളെ അംഗീകരിക്കുകയും ചെയ്തു. എന്നിൽ ഇല്ലാത്തതൊന്നും പെരുപ്പിച്ചുകാട്ടി ആള് ചമയാൻ ഇന്നോളം ഞാൻ ശ്രമിച്ചിട്ടില്ല. കാരണം ഏച്ചുവച്ചാൽ മുഴച്ചിരിക്കും എന്ന് അമ്മ ഇടയ്ക്കൊക്കെ പറയുന്നത് ഞാൻ എപ്പോഴും ഓർക്കാറുണ്ട്. എത്ര ശ്രമിച്ചിട്ടും ജനങ്ങളെ ആകർഷിച്ചിരുത്തുന്ന ഒരു നല്ല സുവിശേഷ പ്രസംഗകനാകാൻ എനിക്ക് ഇന്നേവരെ കഴിഞ്ഞിട്ടില്ല എന്നാണ് എന്റെ വിശ്വാസം. എങ്കിലും ചിലപ്പോഴൊക്കെ നല്ല വിദ്യാഭ്യാസവും കഴിവുമുള്ള ഇടവകയിലെ ചില അല്മായ സഹോദരങ്ങൾ കടന്നുവന്ന് പ്രസംഗം നന്നായിരുന്നു എന്ന് പറഞ്ഞത് ഒരു ഇന്ദ്രനീലം പോലെ ഞാൻ മനസ്സിൽ തന്നെ സൂക്ഷിച്ചുവച്ചിട്ടുണ്ട്. അവർ മുഖസ്തുതി പറഞ്ഞതല്ല എന്നു ചിന്തിച്ചപ്പോൾ എനിക്ക് ഉത്തരവും കിട്ടി. ഇത്രയും വർഷത്തെ സുവിശേഷജീവിതത്തിൽ നിന്ന് ഞാൻ പഠിച്ച ഒരു വലിയ പാഠം, ഒരു വൈദികൻ പ്രസംഗം ഒരുങ്ങാനായി എടുക്കുന്നതിന്റെ ഇരട്ടിസമയം വചനം മനസ്സിൽ പേറി ശാന്തമായി പ്രാർത്ഥിക്കണം എന്നാണ്. എന്തെന്നാൽ നിങ്ങളല്ല നിങ്ങളിലൂടെ നിങ്ങളുടെ പിതാവിന്റെ ആത്മാവാണ് സംസാരിക്കുന്നത്. (മത്താ. 10:20) എത്രയോ തവണ മനസ്സിൽ വരച്ചിട്ട്, പേപ്പറിൽ കുറിച്ചിട്ട്, പ്രസംഗിക്കാൻ വന്നിട്ട് അതൊന്നും പറയാതെ ആത്മാവ് നയിച്ച വഴിയിലൂടെ ഞാൻ വചനം പങ്കുവച്ചു. അതൊക്കെയാണ് മേൽപ്പറഞ്ഞ അഭ്യുദയകാംക്ഷികൾ എന്നെ പ്രോത്സാഹിപ്പിച്ചതും.

പല പ്രാവശ്യം നിങ്ങളിൽ പലരും എന്നോടു പറഞ്ഞിട്ടുണ്ട്, അച്ചന് പാട്ടുകുർബ്ബാന ചൊല്ലിക്കൂടെ എന്ന്. ഒരു സത്യം പറയട്ടെ, എന്റെ പ്രഥമ ദിവ്യബലി അർപ്പണത്തിന്റെ പാട്ടുകുർബ്ബാനകാസറ്റ് കണ്ടതിനുശേഷം ഇന്നേവരെ അതിനു ഞാൻ ശ്രമിച്ചിട്ടില്ല. സംഗീതത്തിലുള്ള എന്റെ കഴിവ് അളക്കാനല്ല, മറിച്ച് കുർബ്ബാന കുറെക്കൂടി ഭക്തി നിർഭരമാകട്ടെ എന്നാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെന്നറിയാം. എങ്കിലും ഇപ്പോൾ മറ്റൊന്നും ഞാൻ പറയുന്നില്ല, ശ്രമിക്കാം എന്നല്ലാതെ. പാട്ടിന്റെ കാര്യം പറഞ്ഞ

പ്പോഴാണ് നമ്മുടെ ഇടവകയിലെ ക്വയർ ഗ്രൂപ്പിനെക്കുറിച്ചോർത്തത് എന്ത് മനോഹരമായിട്ടാണ് അവർ ഗാനങ്ങൾ ആലപിക്കുന്നത്. നല്ലവണ്ണം ഒരുങ്ങി പരസ്പരം സ്നേഹത്തോടെ ഒരുമിച്ച് അവർ പാടുമ്പോൾ മാലാഖമാരുടെ ചിറകടി ശബ്ദം നമ്മുടെ ദേവാലയത്തിലുണ്ട്. കണ്ണടച്ച് കാതോർത്താൽ നിങ്ങൾക്കും അത് കേൾക്കാൻ സാധിക്കും. എന്നാൽ പരസ്പരം വിദ്വേഷം മനസ്സിൽ വച്ചിട്ട്, എന്റെ സ്വരം മുകളിൽ നിൽക്കണം എന്നൊക്കെ ബാലിശമായി ചിന്തിച്ചിരിക്കുന്ന ഗായകരോട് എന്തു പറയണം എന്നറിയാതെ ഞാൻ തിരികെ നടന്നിട്ടുണ്ട്. അതിനർത്ഥം മാലാഖമാർ എത്രയോ മുൻപേ അവിടെ നിന്നും പിൻവാങ്ങികഴിഞ്ഞു എന്നാണ്. പ്രിയഗായകരെ, നിങ്ങളോട് എനിക്കൊരു അഭ്യർത്ഥനയുണ്ട്. നൂറുപേരെടുത്താൽ ഒന്നോ രണ്ടോ പേർക്കേ നല്ല സ്വരവും രാഗവും ദൈവം കൊടുത്തിട്ടുള്ളൂ. ദൈവം പ്രത്യേകം തിരഞ്ഞെടുത്തവരാണ് നിങ്ങൾ. ദൈവമഹത്വത്തിനായി അത് ഉപയോഗിക്കുക, സ്വാർത്ഥതകളില്ലാതെ.



ഇവിടെ വന്ന അന്നുമുതൽ എന്റെ ഉള്ളിലെ ഒരാഗ്രഹം എല്ലാ ഭവനങ്ങളും സന്ദർശിക്കണം എന്നതായിരുന്നു.. ഏകദേശം ഒരു വർഷം കഴിഞ്ഞിട്ടും അതിന് സാധിച്ചിട്ടില്ല. നിങ്ങളിൽ പലരും എന്നോട് സംസാരിക്കുമ്പോഴും നിങ്ങളുടെ പേരും പശ്ചാത്തലവും അറിയാതെയാണ് ഞാൻ നിങ്ങളോട് സംസാരിക്കുന്നത് എന്നത് പരസ്യമായി ഞാൻ കുമ്പസാരിക്കുകയാണ്. അച്ചനെന്താ ജോലി, ഞങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ചൂടെ എന്നു നിങ്ങൾ എടുത്തടിച്ച് പറഞ്ഞിരിക്കും, സ്നേഹവും അവകാശവും കൊണ്ടാണ് അത് പറയുന്നതെന്നറിയാം. പക്ഷേ പലപ്പോഴും എന്റെയും നിങ്ങളുടെയും സമയം ഒത്തുപോകുന്നില്ല എന്നതാണ് ഒരു പ്രശ്നം, ഇത് ന്യായീകരിക്കാൻ പറയുന്നതല്ല. നിങ്ങൾ ഭവനങ്ങളിലുള്ള അവധി ദിവസങ്ങളിൽ എനിക്ക് എന്തെങ്കിലും കാരണങ്ങളാൽ ഇവിടെ ഉണ്ടാകാൻ കഴിയില്ല. ചില അസ്സമയങ്ങളിൽ നിങ്ങളുടെ ഭവനങ്ങളിൽ കയറിവരാൻ ഒരു വൈമുഖ്യമുണ്ട്. എങ്കിലും ഞാനിവിടെ നിന്ന് പോകുന്നതിനുമുൻപ് തീർച്ചയായും നിങ്ങളുടെ ഭവനങ്ങളിൽ വരും. ആടുകളെ പേരു ചൊല്ലി വിളിക്കാൻ കഴിയാത്ത എന്റെ ബലഹീനത കണ്ട് തമ്പുരാൻ തന്നെ ചിരിക്കുന്നുണ്ടാകും. ഒരു പോംവഴിയായിട്ടല്ല, എങ്കിലും എന്റെ ഉള്ളിലെ ഒരാഗ്രഹം പറയാം. ഒരു ദിവസം എന്നോട് ഒന്നു ഫോൺ ചെയ്തു പറഞ്ഞിട്ട് കുടുംബമായി നിങ്ങൾക്കെന്നെ ഒന്നു സന്ദർശിച്ചാലെന്താ? കൂടുതൽ സമയവും കിട്ടും ഒരു വ്യത്യസ്ത അനുഭവവുമായിരിക്കും. സഭയോടും പള്ളിയോടുമൊക്കെയുള്ള നിങ്ങളുടെ മക്കളുടെ മനോഭാവവും കണ്ണകലത്തിൽ നിന്ന് കൈയ്യകലത്തിലെത്താൻ ഈ അപ്രതീക്ഷിത സന്ദർശനങ്ങൾ വഴിയൊരുക്കും. മനസ്സ് കലുഷമായി നിരാശയിലാണ്ട് ചിലപ്പോഴൊക്കെ ഒറ്റയ്ക്കിരിക്കുന്ന അനേകം വൈദികരുണ്ട്, ആ അവസരങ്ങളിൽ അവരെ നിങ്ങൾ സന്ദർശിച്ചാൽ അത് ഗലീലിയന്റെ സന്ദർശനമായി അവർ ഡയറിയിൽ കുറിച്ചിട്ടെന്നിരിക്കും.



ഒരു പക്ഷേ എനിക്ക് കുറച്ചെങ്കിലും ഈ ഇടവകയെയും ഇവിടത്തെ പ്രശ്നങ്ങളെയും കുറിച്ചുള്ള അറിവു ലഭിക്കുന്നത് കുടുംബയൂണിറ്റുകളിൽ കഴിവതും മുടങ്ങാതെ പങ്കെടുക്കുന്നതുകൊണ്ടാകാം. 1965-ലെ 2-ാം വത്തിക്കാൻ കൗൺസിലിനുമുൻപുള്ള സഭയുടെ അവസ്ഥ നമുക്കിന്ന് ഊഹിക്കാൻ പോലും സാധിക്കുന്നില്ല. അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലൂടെ അല്മായ സഹോദരങ്ങൾക്ക് അവരുടെ ഉത്തരവാദിത്വവും അവകാശങ്ങളും കുറെയെങ്കിലും ബോധ്യമാക്കാൻ നമുക്ക് സാധിക്കുന്നുണ്ട്. തീർച്ചയായും ഇനിയും ഏറെ മുന്നോട്ടുപോകേണ്ടതുണ്ട്. ചരിത്രം എഴുതിതീർത്ത ചില്ലു ഫലകങ്ങൾ ഇന്നും സഭയിൽ പൊട്ടാതെ നിലനിൽക്കുന്നുണ്ട്. അവയൊക്കെ തച്ചുടയ്ക്കുകയും ആദ്യ ക്രൈസ്തവ സമൂഹത്തിന്റെ മന:സരളതയിലേക്ക് നാം കടന്നു ചെല്ലുകയും ചെയ്യേണ്ടിയിരിക്കുന്നു. നടപടി പുസ്തകം 2:37-47 വരെയുള്ള വാക്യങ്ങൾ നിങ്ങൾ ഇടയ്ക്കിടയ്ക്ക് വായിക്കണം. അവർ ഹൃദയലാളിത്യവും ആഹ്ളാദവും കാത്തുസൂക്ഷിച്ചു. അവർ എല്ലാ മനുഷ്യരുടേയും സംപ്രീതിയ്ക്കു പാത്രമായി. ഇങ്ങനെയൊക്കെയാണോ നമ്മൾ? കുടുംബയൂണിറ്റുകൾ അവസാനിക്കുമ്പോൾ തർക്ക വിതർക്കങ്ങളുടെ തീപ്പൊരിയുമായി നിങ്ങൾ കടന്നുപോകുന്നു. വിദ്വേഷത്തിന്റെ മലിനതകളും പേറി ക്രിസ്തുവില്ലാതെ നിങ്ങൾ നടന്നുപോകുന്നതുകാണുമ്പോൾ ഒരു പത്രോസാകാൻ കഴിയാത്തതിന്റെ നൊമ്പരം എന്നിലും അവശേഷിക്കുന്നു. ക്രിസ്തു നമ്മോടു പറഞ്ഞത് ഒരേയൊരു മാറ്റത്തെക്കുറിച്ചാണ്. മനം മാറ്റത്തെക്കുറിച്ച്, അത് വളരെ വ്യക്തിപരവുമാണ്. ഈ മനം മാറ്റത്തിന്റെ വസന്ത കാലത്തിനാണ് ക്രിസ്തു ദൈവരാജ്യം എന്നു പേരിട്ടതും. ദൈവരാജ്യം ഒരു യുട്ടോപ്പിയൻ ആശയമല്ല, ആത്മാ



വിന്റെ വരമാരി പെയ്തിറങ്ങുമ്പോൾ നനഞ്ഞുണരേണ്ട പുണ്യമാണ് ദൈവരാജ്യം. ഇതെങ്ങനെ സംഭവിക്കണം, എങ്ങനെ സംഭവിപ്പിക്കണം എന്നൊന്നും പറഞ്ഞുതരാൻ എനിക്കറിയില്ല. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമുള്ള വിശുദ്ധഗ്രന്ഥം നമുക്കു തുറന്നുവായിക്കാം അവിടെ ഉത്തരമുണ്ടാകും.

ഉച്ചയൂണിനുശേഷം അച്ചന് പാതിരാപോലെയാണ് എന്ന് ചിലരൊക്കെ കളിയാക്കി പറയുന്നത് കേട്ടിട്ടുണ്ട്. ഉച്ചയുറക്കത്തെക്കുറിച്ചാണത്. അതിലല്പം അതിശയോക്തിയുണ്ട്. ഒരു ഉച്ചമയക്കം എനിക്ക് ശീലമുള്ളതാണ്. അതുകൊണ്ട് ഉച്ചയ്ക്കുശേഷം പള്ളിമേട അടഞ്ഞുകിടക്കുന്നതിനാൽ അച്ചൻ മുഴുവൻ സമയവും ഉറക്കമാണെന്നർത്ഥമില്ല. വ്യക്തിപരമായ ഒത്തിരികാര്യങ്ങൾ ചെയ്യുന്ന സമയമാണത്. ആ സമയം എനിക്കു മാത്രമായി തരണം തീരെ അത്യാവശ്യമാണെങ്കിൽ തീർച്ചയായും വരാം, വേണ്ട എന്നു പറയുന്നില്ല. അതുപോലെ തന്നെ രാത്രിയും. ഒൻപതുമണിയ്ക്കുമുൻപുള്ള സമയം ഔദ്യോഗിക കാര്യങ്ങൾക്കുവേണ്ടി സമീപിക്കുകയോ ഫോൺ വിളിക്കുകയോ ചെയ്യുന്നതാണ് നല്ലത്. ഇതൊരു ലക്ഷ്മണരേഖയല്ല, മറിച്ച് ഇതിൽ തന്നെ ചില മൂല്യങ്ങളുമുണ്ട്. ജീവിതത്തോട് ഒരു അടുക്കും ചിട്ടയും വ്യക്തികളോടുള്ള ബഹുമാനവും ആദരവും ഒപ്പം ചില തെറ്റിദ്ധാരണകളിൽ നിന്ന് ഒഴിഞ്ഞുനിൽക്കാനും ഇത്തരം നിബന്ധനകൾ സഹായിക്കും. ഇങ്ങനെ എനിക്കു വെറുതെ കിട്ടുന്ന സമയങ്ങളിലും നിങ്ങളൊക്കെത്തന്നെയാണ് നിറഞ്ഞുനിൽക്കുക. എന്റെ പ്രാർത്ഥനകളിലും ചിന്തകളിലും നിങ്ങളുടെ പലമുഖങ്ങളും തെളിഞ്ഞുവരാറുണ്ട്. നിങ്ങളുടെ സംഭാഷണങ്ങളും ഇടപെടലുകളും എന്റെ ജീവിതത്തെ കൂടുതൽ അർത്ഥപൂർണ്ണമാക്കുന്നു. ഈ കത്തെഴുതിക്കൊണ്ടിരിക്കുമ്പോൾ ഒരു കൊച്ചുകുട്ടി വന്ന് എന്നെ വിളിക്കുന്നുണ്ട്. അരുൺ എന്നാണ് അവന്റെ പേര്. കൊച്ചുകുട്ടികളോടുള്ള എന്റെ സ്നേഹം ഈ ഇടവകയിലെ ഒരു സംഭാഷണ വിഷയമാണ്. വീണ്ടും ഒരുകുഞ്ഞായിത്തീരാൻ ആരാണ് ആഗ്രഹിക്കാത്തത്. ഇക്കാര്യത്തിൽ യേശു എന്നെക്കാളും ബലഹീനനായിരുന്നു. ഇവന് ഭ്രാന്താണ് എന്ന് സ്വന്തക്കാർ പറഞ്ഞപ്പോഴും, ഇവനിൽ ബേൽസബൂൽ എന്ന പിശാചുണ്ട് എന്ന് ഫരിസേയർ പറഞ്ഞപ്പോഴും അവൻ കെറുവിച്ചില്ല, മറിച്ച് കുട്ടികളെ അവനിൽ നിന്ന് തടഞ്ഞപ്പോൾ അവന്റെ വാക്ശരങ്ങൾക്ക് ശക്തികൂടി. പലപ്രാവശ്യം പള്ളിപ്രസംഗങ്ങളിൽ ഞാൻ പറഞ്ഞ ആശയമാണ് കുടുംബം. എന്നാൽ ഇതുവരെ പറയാത്ത ഒരാശയം എന്റെ മനസ്സിലേക്ക് വരുന്നു. പ്രിയ മാതാപിതാക്കളെ, നിങ്ങൾ നിങ്ങളുടെ മക്കളുടെ മാത്രം മാതാപിതാക്കളല്ല, മറിച്ച് ഈ സമൂഹത്തിലെ ഓരോ കുട്ടിയുടെയും അച്ഛനുമമ്മയുമാണ്. ഒരു കുഞ്ഞിന്റെ മുഖം വാടിയിരിക്കുന്നത് കണ്ട് അവനോട് ഞാൻ കാര്യം അന്വേഷിച്ചു. അമ്മ അവനെ അടുത്തുള്ള കൂട്ടുകാരന്റെ അടുത്ത് വിടാത്തതാണ് കാരണം. ഞാൻ ചോദിച്ചു നിനക്കെന്താണ് എപ്പോഴും അവിടെ പോകാനൊരാഗ്രഹം. അവന്റെ ഉത്തരം വളരെ രസകരമായിരുന്നു. അവിടത്തെ അമ്മ നന്നായി മുടി ചീകിത്തരും. ചില കുഞ്ഞുങ്ങളുടെ ഇഷ്ടങ്ങൾ നിങ്ങളിൽ മാത്രമാണുള്ളത്. അതുകൊണ്ട് കഴിയുന്ന എല്ലാ കുഞ്ഞുങ്ങളുടെയും മാതാപിതാക്കളാകുക.

ചെറിയ രണ്ടു കാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ ഈ കത്ത് അവസാനിപ്പിക്കാം. നീണ്ട കത്തുവായിക്കാൻ പലർക്കും വൈമനസ്യമുണ്ടെന്നറിയാം. കാരണം നാം ഇൻലന്റ്പോലും കിട്ടാനില്ലാത്ത ഒരു കാലഘട്ടത്തിലാണല്ലോ ജീവിക്കുന്നത്. ഒന്നാമത്തേത് കുമ്പസാരത്തെക്കുറിച്ചാണ്. വളരെ താത്പര്യത്തോടുകൂടിയാണ് ഞാൻ കുമ്പസാരിപ്പിക്കാൻ വരുന്നത്. പക്ഷേ ചിലർ പറഞ്ഞു തുടങ്ങുന്നതുതന്നെ ഇങ്ങനെയാണ് അച്ചാ, കുമ്പസാരിച്ചിട്ട് ഒരു വർഷത്തിൽ കൂടുതലായി. എങ്കിലും വലിയ പാപങ്ങളൊന്നും ചെയ്തിട്ടില്ല. ഇത്തരം നീതിമാന്മാരുടെ ഇടയിൽ ഞാനാണല്ലോ കൊടും പാപി. ഇത്തരം കുമ്പസാരരീതികൾ ഉള്ള ഇഷ്ടം പോലും കളയിക്കുന്നു. വേറെ ചിലരാകട്ടെ വള്ളിനിക്കറിട്ടു നടക്കുന്ന കാലത്ത് കാണാതെ പഠിച്ച അതേ പാപങ്ങൾ വീണ്ടും ആവർത്തിക്കുന്നു. ഇത്തരക്കാർക്ക് കുമ്പസാരം ഒരു ചടങ്ങാണ്. മനസ്സമാധാനത്തിനുള്ള ഒരു ഉപാധി. എങ്കിലും നല്ല കുമ്പസാരം നടത്തുന്നവരും നിങ്ങളുടെ ഇടയിൽ ഉണ്ട്. അവരുടെ ജീവിതം എന്നും ഒരു വെല്ലുവിളിയാണ്. നമ്മുടെ കുമ്പസാരരീതികൾ മാറേണ്ടിയിരിക്കുന്നു. തലകുനിഞ്ഞിരുന്നല്ല മുഖത്തു നോക്കി സ്വന്തം വീഴ്ചകളെ ഏറ്റുപറയാനുള്ള മനധൈര്യം വേണം. പ്രായോഗികമായ പ്രായശ്ചിത്തങ്ങളാണ് നല്കേണ്ടതും ഏറ്റെടുക്കേണ്ടതും. മൂന്ന് നന്മനിറഞ്ഞ മറിയവും ത്രിത്വസ്തുതിയും ചൊല്ലാൻ എളുപ്പമാണ്. എന്നാൽ സഹോദരന് ദുഷ്പേരു വരുത്തിയതിനാൽ അവനോടു മാപ്പുചോദിക്കുക എന്നത് പ്രയാസമാണ്. അനേകം വെല്ലുവിളികളിലൂടെ ശക്തി പ്രാപിച്ച ഒരു കൂദാശയാണ് കുമ്പസാരം. വിശുദ്ധ അമ്മത്രേസ്യയുടെ കുമ്പസാരജീവിതം അവരുടെ കുമ്പസാരക്കാരാ



യിരുന്ന പലവൈദികരുടേയും ജീവിതത്തെ കൂടുതൽ വിശുദ്ധീകരിക്കാൻ സാധിച്ചു എന്നത് പുസ്തകങ്ങളിൽ നിന്നു ലഭിക്കുന്ന സത്യമാണ്. അതുകൊണ്ട് നിങ്ങളുടെ ഇടയിൽ അനേകം വിശുദ്ധരുണ്ട്. ആ വിശുദ്ധിയുടെ നൈർമ്മല്യം നിങ്ങളുടെ നല്ല കുമ്പസാരത്തിലൂടെ അല്പ്പം എനിക്കും നല്കിക്കൂടെ.

അവസാനമായി നമ്മുടെ ബലിയർപ്പണത്തെക്കുറിച്ച്. എന്നെയും നിങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്നതും ഈ ഇടവകയുടെ അഭിവൃദ്ധിയുടെ ഏറ്റവും പ്രധാന ഘടകവും ദിവ്യകുർബാനയാണ്. നിങ്ങളോടൊപ്പം ബലിയർപ്പിക്കാൻ വേണ്ടി മാത്രം പല വ്യക്തിപരമായ കാര്യങ്ങളും ഞാൻ മാറ്റിവച്ചിട്ടുണ്ട്, ദൂര യാത്രകൾ പോയിട്ട് മൈലുകൾ താണ്ടി രാത്രികാലങ്ങളിൽ ഇവിടെ തിരിച്ചെത്തിയിട്ടുണ്ട്. തീരെ സുഖമില്ലാതിരുന്ന സമയങ്ങളിലും ബലിയർപ്പണത്തിന് മുടക്കം വരുത്തിയിട്ടില്ല. ബന്ധുജനങ്ങളുടെ വിവാഹസത്കർമ്മത്തിനുപോലും ഇവിടത്തെ ബലിയർപ്പണത്തിനപ്പുറമുള്ള പ്രാധാന്യം ഞാൻ കൊടുത്തിട്ടില്ല. എങ്കിലും നമ്മുടെ ഇടവകയിലെ ബലിയർപ്പണത്തിന് സജീവത പോര എന്നുതന്നെയാണ് എന്റെ അഭിപ്രായം. ഒരു ദിവസം മറ്റൊരു പള്ളിയിൽ കുർബ്ബാനയ്ക്ക് പോയപ്പോൾ ഞാൻ അതിശയിച്ചുപോയി. ഒരുമിച്ചുള്ള ഗാനാലാപനം, കൈകൂപ്പിനിൽക്കുന്ന വിശ്വാസികൾ, ഉറക്കെ ച്ചൊല്ലുന്ന പ്രാർത്ഥനകൾ, വായനകളുടെയും വിശ്വാസികളുടെ പ്രാർത്ഥനയുടെയും സ്ഫുടത, കുർബ്ബാനാ സ്വീകരണത്തിലെ ഭക്തിപാരവശ്യം, എല്ലാം എന്നെ അതിശയിപ്പിച്ചു. കുർബ്ബാനയ്ക്കുശേഷം അവരുടെ മുഖത്തെ പ്രകാശം അതിലേറെ ആനന്ദം നല്കി. അവർക്കാകാമെങ്കിൽ എന്തുകൊണ്ട് നമുക്കായിക്കൂടാ. സൂര്യനെ പ്രണയിച്ച സൂര്യകാന്തിപ്പൂവിനെപ്പോലെയാകണം നമ്മുടെ ജീവിതം. സൂര്യനായ യേശുവിന്റെ കുരിശുപേറുമ്പോഴുണ്ടാകുന്ന മുഖകാന്തി ഒരു പ്രകാശഗോളമായി നമ്മിലോരോരുത്തരിലും നിറഞ്ഞുനില്ക്കണം. ആ അഗ്നിശിഖയുടെ ചൂട് പരസ്നേഹത്തിന്റെ പുണ്യതീർത്ഥമായി പരന്നൊഴുകണം, നമ്മുടെ തെരുവോരങ്ങളിലും ഭവനങ്ങളിലും ഈ സ്വപ്നസാക്ഷാത്കാരത്തിന്റെ തുടക്കമാണ് സജീവമായ ബലിയർപ്പണം. ഭക്തിപൂർവ്വമായ ബലിയർപ്പണം മാത്രം നമ്മുടെ ജോലി, ബാക്കിയെല്ലാം ആത്മാവിന്റെ ജോലിയും.

കഴിഞ്ഞ കാലങ്ങളിൽ നിങ്ങൾ നല്കിയ എല്ലാ സഹകരണങ്ങൾക്കും സ്നേഹോഷ്മളതയ്ക്കും നന്ദിയർപ്പിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനയായിരുന്നു എന്റെ ബലം. സഭാ മക്കളുടെ വിശുദ്ധീകരണത്തിന് വൈദികരുടെ പങ്ക് ഏറെയാണ് എന്ന തിരിച്ചറിവാണ് ഈ വർഷത്തെ വൈദികരുടെ വർഷമായി പ്രഖ്യാപിക്കാൻ മാർപ്പാപ്പയെ പ്രചോദിപ്പിച്ചത്. ഞാൻ, നിങ്ങളുടെ വികാരിയച്ചൻ കടന്നുപോകുന്ന ഒരു കാറ്റുമാത്രമാണ്. ഞാൻ കൊണ്ടുവന്ന സുഗന്ധം മാത്രം ഇവിടെ തങ്ങി നിൽക്കട്ടെ. എന്നിലൂടെ വന്ന വീഴ്ചകളെ സദയം പൊറുക്കുമല്ലോ. ഞാൻ നിങ്ങളെ ഏറെ സ്നേഹിക്കുന്നു. ഐ ലവ് യൂ ഇൻ ക്രൈസ്റ്റ്.

സ്നേഹത്തോടെ നിങ്ങളുടെ വികാരിയച്ചൻ

**കവിത**

**അനിൽ കുമാർ.ഡി**

# എല്ലാം മിഥ്യ

വെറുതെ ഒരു മോഹം നനഞ്ഞു നിന്നു;
വെയിലത്ത്
ഇരുൾ ചിറകുകൾ വിടർന്നു നിന്നു;
വെളിച്ചത്ത്.

വള്ളിക്കുടിലുകളിൽ മേഞ്ഞ്
ഇഴഞ്ഞ് ഇഴഞ്ഞ്
വരുന്ന പാമ്പ്
യാത്ര തുടർന്നു.

നാടോടിക്കഥകൾ അരങ്ങേറ്റം
കുറിച്ചതിന്നാണെങ്കിൽ
എട്ട് എസ്റ്റേറ്റുള്ളവൻ രാജാവും
റേറ്റ് ഒട്ടും കുറയാത്തവൾ റാണിയും
കോളേജിലെ കാൾ ഗേൾ
രാജകുമാരിയുമാകുമായിരുന്നു.

വാതോരാത്ത ഖദർ മന്ത്രിയായും
കമ്പ്യൂട്ടർ ക്ലിക്ക് ചെയ്യുന്നവർ
ഖജനാവ് സൂക്ഷിപ്പുകാരായും
കോടതികൾ ന്യായാധിപ സംഘമായും
പടുകൂറ്റൻ ലാത്തികൾ
പടയാളികളായും
ഓടി നടക്കുമായിരുന്നു.

നിങ്ങളും ഞാനും പ്രജയായും
അനാഥപെണ്ണ്, അടിമപ്പെണ്ണായും
പുലയനോ മുക്കുവനോ ഈഴവനോ
ക്ഷുദ്രർക്ക് കീഴെയും
കഴിഞ്ഞു കൂടിയേനെ.

ഇന്നും അതു തന്നെയാണ് സത്യം
രാജഭരണം മാറി
ജനാധിപത്യം വന്നുവെന്നൊരു
പ്രത്യേകത മാത്രം.



ഡോ.സി.ജോസഫ്



# ദൈവഹിതം പൂർത്തിയാക്കി കൃതാർത്ഥതയോടെ.

*പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ ഭദ്രാസന ദേവാലയം 2010 മെയ് 1 ന് ദൈവത്തിന് സമർപ്പിക്കുന്നു.*

'**ദൈ**വകാരുണ്യത്തെ ഞാൻ നിത്യം പാടി സ്തുതിക്കും' സങ്കീർത്തകനോടൊപ്പം ഇത് നാം എത്ര പ്രാവശ്യം ഏറ്റുപറഞ്ഞിരിക്കുന്നു. ഇന്ന് നമുക്ക് ഇത് സന്തോഷത്തോടെ ഏറ്റുപറയാം. കാരണം അതിബൃഹത്തായ നമ്മുടെ ഭദ്രാസനദേവാലയത്തിന്റെ നവീകരണ ജോലികൾ ഇത്ര മനോഹരമായ വിധത്തിൽ പരിസമാപ്തിയിൽ എത്തിച്ചത് അവിടുത്തെ കരുണയല്ലാതെ മറ്റെന്താണ്.

മനുഷ്യർക്ക് അസാധ്യമെന്നോ ദുഷ്കരമെന്നോ തോന്നിയതിനെ സുസാധ്യമാക്കിത്തീർത്ത അദൃശ്യമായ ദൈവകരത്തിന് നന്ദിയർപ്പിക്കാം. തിന്മയേയും അന്ധകാരത്തേയും മരണത്തേയും അതിജീവിച്ച് എന്നന്നേയ്ക്കും ജീവിക്കുന്നതിനായി ഉത്ഥാനം ചെയ്ത ക്രിസ്തുരാജന് പ്രണാമമർപ്പിക്കാം. കരുണയുടെ നീട്ടിയ കരങ്ങളുമായി നമ്മെ തലോടി സംരക്ഷിക്കുന്ന പരിശുദ്ധ മറിയത്തെ നന്ദിയോടെ ഓർക്കാം. നവീകരണ ജോലികൾ മുഴുവൻ ഏറ്റെടുത്ത് ഒരു ആശാരിവിദഗ്ധന്റെ ചാരുതയാർന്ന കൈവിരുതോടെ ഈ ദേവാലയത്തെ അതിമനോഹരമായ ഒരു ഭദ്രാസന ദേവാലയമായി മാറ്റിയെടുത്ത വിശുദ്ധ യൗസേപ്പിതാവിന്റെ സംരക്ഷണത്തിനും കരുതലിനും ഒരായിരം നന്ദയർപ്പിക്കാം.

കർത്താവിന്റെ ആലയത്തിലേക്ക് നമുക്കു പോകാം എന്നവർ പറഞ്ഞപ്പോൾ ഞങ്ങൾ സന്തോഷിച്ചു എന്ന് എത്രയോ തവണ സങ്കീർത്തകനോടൊപ്പം നാം ഏറ്റു ചൊല്ലിയിരിക്കുന്നു. ഇന്ന് നമ്മുടെ സന്തോഷം പൂവണിഞ്ഞിരിക്കുന്നു.



ഏതാണ്ട് 137 വർഷം പഴക്കമുള്ള നമ്മുടെ ഭദ്രാസന ദേവാലയത്തിന്റെ സമഗ്രമായ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത് 2008 ആഗസ്റ്റ് 31 നാണ്. മുൻ വികാരിമാരായ മുൻഗാമികൾ ആഗ്രഹിച്ചതും വിഭാവനം ചെയ്തതും തുടങ്ങിവച്ചതുമായ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങളാണ് ദൈവാനുഗ്രഹത്താൽ ഇപ്പോൾ സഫലീകൃതമാകുന്നത്. മുൻവികാരിമാരായ അഭിവന്ദ്യ മോൺ. എം. ജോസഫ് ബഹുമാനപ്പെട്ട ഫാ. ക്ലീറ്റസ് ഗോമസ് എന്നിവർ സ്വീകരിച്ച ആദ്യ നടപടികളും ഗൾഫ് നാടുകളിൽ പോയി രൂപതാംഗങ്ങളിൽ നിന്നും സംഭാവനയായി സമാഹരിച്ച 13 ലക്ഷത്തോളം രൂപയുമാണ് ഭദ്രാസനദേവാലയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് ആദ്യപ്രചോദനമാകുന്നത്. തുടർന്ന് ബഹുമാനപ്പെട്ട റിച്ചാർഡ് ഡിക്രൂസ് അച്ചൻ വികാരിയായിരുന്ന കാലഘട്ടത്തിൽ പുരാവസ്തുഗവേഷണ കാര്യാലയത്തിന്റെ കൂടി നിർദ്ദേശ പ്രകാരം ഒരു കോടി ഇരുപത് ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്ക് പദ്ധതി തയ്യാറാക്കുകയും അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സൂസപാക്യം തിരുമേനിയുടെ അംഗീകാരത്തോടെ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിക്ക് സമർപ്പിക്കുകയും ചെയതു. നവീകരണ - പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർണ്ണമായി പുരാവസ്തുവകുപ്പിന്റെ ചെലവിൽ നടക്കുമെന്ന പ്രചരണവും ഉണ്ടായി. എന്നാൽ നാം സമർപ്പിച്ച അപേക്ഷയും പദ്ധതിയും സർക്കാരിന്റെ ചുമപ്പുനാടയിൽ കുടുങ്ങി. ഇങ്ങനെ പുനരുദ്ധാരണ പ്രതീക്ഷകൾ അനന്തമായി നീണ്ടു പൊയ്ക്കൊണ്ടിരുന്ന കാലഘട്ടത്തിലാണ് ഈ ദൗത്യം നമുക്കേറ്റെടുക്കേണ്ടി വന്നത്.

ചരിത്രമുറങ്ങുന്ന ഈ പുരാതന ദേവാലയത്തിന്റെ പുനരുദ്ധാരണത്തിന് സർവ്വ ചെലവും വഹിക്കാമെന്നേറ്റിരുന്ന പുരാവസ്തു വകുപ്പും കേന്ദ്ര ടൂറിസം വകുപ്പും പ്രസ്തുത വാഗ്ദാനങ്ങളിൽ നിന്ന് പിന്മാറി. ഇതു സംബന്ധിച്ച് ഡൽഹിയിൽ നടന്ന അവസാനവട്ട ചർച്ചയിൽ ദേവാലയം സന്ദർശിക്കാനെത്തുന്ന വിദേശികളും സ്വദേശികളുമായ വിനോദസഞ്ചാരികൾക്കാവശ്യമായ സൗകര്യം ഒരുക്കുന്നതിന് ഏറിയാൽ 40 ലക്ഷം രൂപവരെ സഹായം നൽകാമെന്ന നിർദേശം സർക്കാർ ഭാഗത്തുനിന്നുണ്ടായി. എന്നാൽ ആ ദിവസങ്ങളിൽ ഡൽഹിയിൽ ഉണ്ടായിരുന്ന അതിരൂപതാധ്യക്ഷനുമായി കൂടിയാലോചിച്ച് സർക്കാർ വാഗ്ദാനം സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും സർക്കാർ ഫണ്ട് വിനയപൂർവ്വം നിരസിക്കുകയും ചെയ്തു. പിന്നീടങ്ങോട്ട് കണ്ടത് ഈശ്വരവിശ്വാസികളുടെ കൂട്ടായ്മയുടെ വിജയമാണ്. ഇടവക ജനങ്ങളും രൂപതാംഗങ്ങളും മറ്റ് റീത്തുകളിൽപ്പെട്ടവരും തിരുവനന്തപുരം നഗരത്തിലെ ഇതര ക്രൈസ്തവ വിശ്വാസികളും മറ്റ് മതസ്തരായ ഈശ്വരവിശ്വാസികളും തോളോടു തോൾ ചേർന്ന് ഭദ്രാസന ദേവാലയ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി അണിനിരന്നു. തുടർന്ന് ഇടവകകൗൺസിൽ ഉത്തരവാദിത്വത്തിൽ ബി.സി.സി. പ്രതിനിധികൾ ഇടവകകൗൺസിലിന്റെ പ്രതിനിധി അതിരൂപതാദ്ധ്യക്ഷൻ നാമനിർദേശം ചെയ്ത ഒരു എൻജിനിയർ ഉൾപ്പെടെ ഏതാനും എൻജിനിയർന്മാർ എന്നിവർ ഉൾപ്പെടുന്ന ഒരു ടെക്നിക്കൽ കമ്മിറ്റിക്ക് രൂപം നൽകുകയും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. ഭദ്രാസനദേവാലയത്തിന്റെ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്ക് ആദ്യഘട്ടത്തിൽ കേരള പുരാവസ്തു വകുപ്പു നിർദ്ദേശിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയ മൈസൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന എൻജിനിയറിംഗ് കമ്പനിയായ രവി ഗുണ്ടു റാവു ആന്റ് അസോസിയേറ്റ്സിനെ തന്നെയാണ് പുനരുദ്ധാരണ നിർമ്മാണ പ്രവർത്തനങ്ങൾ ഏല്പിച്ചതെന്നതും എടുത്തു പറയേണ്ട ഒന്നാണ്.

മൂന്നു ഘട്ടങ്ങളിലായി നിർമ്മിച്ചതും സിമിന്റിന്റെ ഒരു പൊടിപോലും ചേർക്കാതെ, നൂറ്റാണ്ടുകൾക്ക് മുൻപുള്ള ചെട്ടിനാട് പ്ലാസ്റ്ററിന് സമാനമായ ഒരു മിശ്രിതം ഉപയോഗിച്ച് പ്ലാസ്റ്റർ ചെയ്യപ്പെട്ടിരുന്നതുമായ നമ്മുടെ ഭദ്രാസന ദേവാലയത്തിന്റെ പുറം ചട്ട ഏകദേശം 50 ശതമാനത്തിലേറെ പൊട്ടിപ്പൊളിഞ്ഞ നിലയിലായിരുന്നു. കേടുപാടുകൾ മാത്രം പരിഹരിക്കുകയെന്നൊരു നിർദേശമുണ്ടായെങ്കിലും

ഈടുറ്റതും ഇനി ഒരു നൂറു വർഷമെങ്കിലും ഈടു നിൽക്കുന്നതുമായ നവീകരണ പ്രവർത്തനമാണ് നടക്കേണ്ടതെന്ന ഇടവക ജനങ്ങളുടെ അഭിപ്രായം അംഗീകരിക്കപ്പെട്ടു. രവി ഗുണ്ടു റാവു ആന്റ് അസോസിയേറ്റ്സ് കമ്പിനിയുടെ 30 ലേറെ ജോലിക്കാർ ഒരു വർഷത്തിലേറെ കഠിന പ്രയത്നം ചെയ്താണ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്.

1986-ൽ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ കേരള സന്ദർശനത്തോടനുബന്ധിച്ച് ഭദ്രാസനദേവാലയത്തിന്റെ മേൽത്തട്ടിൽ ചെയ്തിരുന്ന താത്കാലിക സീലിംഗ് മാറ്റി പകരം തേക്കിൻ തടി ഉപയോഗിച്ച് സീലിംഗ് മനോഹരമാക്കി. അഭിവന്ദ്യ അതിരൂപതാധ്യക്ഷന്റെ നിർദേശ പ്രകാരം ദേവാലയ അൾത്താര ഭാഗം (Sanatuary) വലുതാക്കുകയും വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത മാർബിൾ വിരിച്ച് മനോഹരമാക്കിയെന്നുമാത്രമല്ലാ, ദേവാലയത്തിലെ പഴയ ഓടുകൾമാറ്റി മേൽത്തരം പുതിയ തറയോടു പാകി ദേവാലയത്തിന്റെ മധ്യഭാഗം മാർബിൾ ഗ്രാനേറ്റ് മിശ്രിതം കൊണ്ട് മോടി പിടിപ്പിച്ചു. അതിപ്രശസ്തമായ ഗോത്തിക് ശൈലിയിലുള്ള ഈ ദേവാലയത്തിന്റെ സൗന്ദര്യവും ആകർഷണതയും വർദ്ധിപ്പിക്കുന്നതിന് ചിത്രങ്ങൾ ആലേഖനം ചെയ്ത സ്റ്റെയിൻ ഗ്ലാസ്, വെന്റിലേറ്ററുകളിലും ജനലുകളിലും സ്ഥാപിച്ചു. ക്രിസ്തുവിന്റെ രക്ഷാകര കർമ്മത്തിന്റെ സുപ്രധാന നിമിഷങ്ങൾ, അപ്പോസ്തലന്മാർ, വിശുദ്ധർ, സുവിശേഷകർ എന്നിവരുടെ ചിത്രങ്ങൾ ആലേഖനം ചെയ്തവയാണ് സ്റ്റെയിൻ ഗ്ലാസ്സുകൾ. ദേവാലയത്തിന്റെ മുഖ്യകോണുകളിൽ പതിപ്പിച്ചിട്ടുള്ള മാർബിളുകളും സ്റ്റെയിൻ ഗ്ലാസ്സുകളും, കളർ ഗ്ലാസ്സുകളും ദേവാലയ നവീകരണത്തിന്റെ സവിശേഷതകൾ വിളിച്ചറിയിക്കുന്നു. ദേവാലയത്തിനകത്ത് ഉപയോഗിച്ചിരുന്ന കാലപ്പഴക്കം ചെന്നതും കൂടുതൽ സ്ഥലം വേണ്ടിയിരുന്നതുമായ ഇരിപ്പിടങ്ങൾ (ബഞ്ചുകൾ) മാറ്റി പകരം ഡൽഹി കത്തീഡ്രലിൽ ഉപയോഗിച്ചിരിക്കുന്ന ഇരിപ്പിടങ്ങളുടെ മാതൃകയിലുള്ളതും, ഈടുള്ളതും കൊത്തുപണിയോടു കൂടിയതുമായ പുതിയ ബഞ്ചുകൾ നവീകരണത്തിന്റെ മറ്റൊരു സവിശേഷതയാണ്. ദേവാലയത്തിന്റെ പ്രധാനഭാഗത്തെ രണ്ട് പാർശ്വങ്ങളിലും ഇരിക്കുന്നവർക്ക് തൂണുകൾ കാരണം പ്രധാന അൾത്താരയിൽ നടക്കുന്ന തിരുകർമ്മങ്ങൾ കാണാൻ കഴിയാതെ വരുന്ന അവസ്ഥയ്ക്കു പരിഹാരമായി എൽ.സി.ഡി. പ്രൊജക്ഷൻ സ്ക്രീനുകൾ, ദേവാലയത്തിനുള്ളിൽ മൊബൈൽ ഫോണുകൾ ശബ്ദിക്കാതിരിക്കാൻ മൊബൈൽ ജാമർ, ദേവാലയ സുരക്ഷിതത്വം ലക്ഷ്യമാക്കി നിരീക്ഷണ ക്യാമറകൾ എന്നിവയും സ്ഥാപിച്ചിരിക്കുന്നു. ഒരു കോടിഇരുപത് ലക്ഷം രൂപ മൊത്തം ചെലവ് പ്രതീക്ഷിച്ചുതുടങ്ങിയ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഒരു കോടി 90 ലക്ഷത്തോളം രൂപയിൽ എത്തി നിൽക്കുന്നു. ഈ തുകയിൽ മുൻഗാമികൾ സ്വരൂപിച്ച 13 ലക്ഷത്തോളം രൂപയും, അഭിവന്ദ്യ അതിരൂപതാദ്ധ്യക്ഷൻ കത്തീഡ്രൽ ദേവാലയ നവീകരണത്തിനായി നൽകിയ 10 ലക്ഷം രൂപയും ഉൾപ്പെടുന്നു.

ഈ ദൗത്യം പൂർത്തിയാകുന്നത് ഒരു കൂട്ടം വ്യക്തികളുടെ കൂട്ടായ പ്രയത്നത്തിന്റെ ഫലമായിട്ടാണ്. പ്രഗൽഭരും ആദർശശാലികളുമായ എന്റെ മുൻഗാമികൾ ഔദാര്യപൂർവ്വം സംഭാവനകൾ നൽകിയ ഈശ്വര വിശ്വാസികൾ, ബി.സി.സി ഭാരവാഹികൾ നിസ്വാർത്ഥവും ത്യാഗനിർഭരവുമായ സേവനം കാഴ്ച വച്ച ഇടവക കൗൺസിൽ അംഗങ്ങൾ ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾ ഈ കൂട്ടായ്മ ദൗത്യത്തെ എന്നും ആശീർവദിച്ച് അനുഗ്രഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത അതി രൂപതാദ്ധ്യക്ഷൻ എന്നിവരെ നന്ദിയോടെ ഓർക്കുകയും ഈശ്വരാനുഗ്രഹം പ്രാർത്ഥിക്കുകയും ചെയ്യുന്നു.



ഇത് നമ്മുടെ ദേവാലയം. നമ്മുടെ അതിരൂപതയുടെ ഭദ്രാസന ദേവാലയം. ഈ ദേവാലയത്തെ ഈ കാലഘട്ടത്തിൽ മനോഹരമാക്കി ആകർഷകമാക്കി വരും തലമുറയ്ക്ക് കൈമാറാൻ സാധിച്ചതിൽ നമുക്ക് അഭിമാനിക്കാം. ആയതിന് നമ്മെ സജ്ജരാക്കിയ. ദൈവത്തിന് നന്ദി അർപ്പിക്കാം. ഇത്തരുണത്തിൽ നാം പ്രത്യേകമായി സ്മരിക്കുകയും നന്ദിയർപ്പിക്കുകയും ചെയ്യേണ്ട ഒരു വ്യക്തി കൂടി ഉണ്ട്. 2008 ആഗസ്റ്റ് 31 മുതൽ ഇന്നുവരെ ഈ ദേവാലയത്തിന്റെ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്ക് മുഖ്യ ശില്പിയും സംവിധായകനും, ധന സമാഹാരകനും ഒക്കെയായി പ്രവർത്തിച്ച നമ്മുടെ ഇടവക മാദ്ധ്യസ്ഥൻ കൂടിയായ വിശുദ്ധ യൗസേപ്പിതാവ്. തിരുക്കുടുംബത്തിന്റെയും നമ്മുടെ ഇടവകയുടേയും കാവൽക്കാരനായ വി.യൗസേപ്പിതാവിന് നമുക്ക് നിറഞ്ഞ മനസ്സോടെ നന്ദിപറയാം. പരിശുദ്ധ അമ്മയുടെ മാതൃസഹജമായ സാന്ത്വനവും കാനായിലെ കല്യാണാവസരത്തിൽ ദർശിച്ച സന്ദർഭോചിതമായ ഇടപെടലുപോലുള്ള ആശ്വാസകരമായ ഇടപെടലും സ്നേഹവും നിസിമവും നിരവധിയുമായി നാം അനുഭവിച്ചു. പരിശുദ്ധ അമ്മയുടെ നിരവധിയായ അനുഗ്രഹങ്ങൾക്കും നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

അഗസ്റ്റിൻ

# ഐ.പി.എൽ ന്റെ ഇടനാഴിയിൽ സംഭവിച്ചത്

ഒരു ശരാശരി ഭാരതീയനെ സംബന്ധിച്ചിടത്തോളം അവനെ പ്രത്യക്ഷമായോ പരോക്ഷമായോ ഏതെങ്കിലും തരത്തിൽ ബാധിക്കുന്ന ഒരു പ്രശ്നമായിരുന്നില്ലാ കേന്ദ്രമന്ത്രി സഭയിൽ നിന്നുള്ള ഡോ. ശശി തരൂരിന്റെ രാജിയിൽ കലാശിച്ച ഐ.പി.എൽ വിവാദം. സ്പോർട്ട്സും രാഷ്ട്രീയവും തമ്മിൽ കൂട്ടിച്ചേർന്നുണ്ടായ അവിശുദ്ധ ബിസ്സിനസ്സ് ബാന്ധവത്തിൽ പിറന്ന അഴിമതിയുടെ ചെറിയൊരു ബഹിർസ്ഫുരണം മാത്രമായിവേണം ഈ ഐ.പി.എൽ. വിവാദത്തെ കാണാൻ.

ഇന്ത്യൻ ക്രിക്കറ്റിൽ വടക്കേ ഇന്ത്യൻ മാർവാഡികൾ പുലർത്തിപ്പോരുന്ന മേൽക്കോയ്മയ്ക്ക് കേരള ഐ.പി.എൽ ന്റെ ജനനം ഒരു വെല്ലുവിളിയായേക്കുമോ എന്ന ഭയമാണ് ഇത്തരമൊരു സാഹചര്യത്തിന് കളമൊരുക്കിയത്. എന്തായാലും ഈ വിവാദവും രാജിയും ഉർവ്വശീശാപം ഉപകാരമായി എന്നതുപോലെ പരിണമിക്കുമെങ്കിൽ അതൊരു നേട്ടം തന്നെയാണ്. കഴിഞ്ഞ മൂന്നു വർഷം കൊണ്ട് 40,000 കോടി രൂപയുടെ ഇടപാടിലേക്കുയർന്ന ഐ.പി.എൽ ന്റെ സംഘാടനത്തെക്കുറിച്ച് അന്വേഷിക്കാനും ഇതിന്റെ സാമ്പത്തിക സ്രോതസ് കണ്ടെത്താനും അതിന്റെ പിന്നിലെ അഴിമതിയും ചൂതാട്ടവും തടയുവാനും കഴിഞ്ഞാൽ ഡോ. ശശി തരൂരിന്റെ രാജി ഒരു നഷ്ടമല്ലാ നേട്ടമാണ്.

എന്താണ് ഈ ഐ.പി.എൽ അഥവാ പ്രിമിയർ ലീഗ്. വിദേശ രാജ്യങ്ങളിൽ സംഘടിപ്പിക്കപ്പെടുന്ന ഇംഗ്ലീഷ് പ്രീമിയർ ഫുട്ബോളിന്റെ മാതൃകയിൽ ഇന്ത്യയിൽ സംഘടിപ്പിക്കപ്പെട്ട ഒരു ക്രിക്കറ്റ് മാമാങ്കമാണ് ഐ.പി.എൽ. ഐ.പി.എൽ. ന്റെ ബീജദാതാവും പരിപാലകനും ഇന്നത്തെ ഐ.പി.എൽ കമ്മീഷണറായ ലളിത് മോഡി തന്നെയാണ്. കോടികൾ ആസ്തിയുള്ള വ്യക്തികളും കമ്പനികളും ചേർന്ന് ക്രിക്കറ്റ് കളിക്കാരെ ലേലം വിളിച്ചെടുത്ത് രൂപം കൊടുക്കുന്ന ടീമുകളാണ് ഐ.പി.എൽ-ഇൽ മാറ്റുരയ്ക്കുന്നത്. പഴയ കുതിരപ്പന്തയത്തിന്റെ മാതൃകയിൽ നടത്തിപ്പോരുന്ന ഒരു ചൂതാട്ടം എന്ന് വേണമെങ്കിൽ ഇതിനെ വിശേഷിപ്പിക്കാം. 2007 സെപ്റ്റംബർ 13 നാണ് ഐ.പി.എൽ. ഉടലെടുക്കുന്നത്.



നൈജീരിയ മുതൽ മൗറീഷ്യസു വഴി ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെ വ്യാപിച്ചു കിടക്കുന്നതാണ് ഐ.പി.എൽന്റെ ഇടമസ്ഥത ശൃംഖല. ഐ.പി.എൽ. ടീമിന്റെ ഉടമസ്ഥരെക്കുറിച്ചോ അതിലേക്കൊഴുകുന്ന പണ സ്രോതസിനെക്കുറിച്ചോ ആരും അന്വേഷിച്ചിരുന്നില്ല. അതുവഴി സാമ്പത്തിക രംഗത്ത് വൻ ചൂതാട്ടത്തിനും അവിഹിത പണമിടപാടുകൾക്കും ഐ.പി.എൽ മറയായി. മാത്രവുമല്ലാ രാഷ്ട്രീയ നേതൃത്വങ്ങളുടെയും കുത്തക വ്യവസായികളുടെയും പിന്തുണയും പങ്കാളിത്തവും ഐ.പി.എൽ ഇന്റെ വളർച്ചക്ക് വേഗത വർദ്ധിപ്പിച്ചു.

നമ്മുടെ നാട്ടിൽ ഒരു പെട്ടിക്കട തുടങ്ങണമെങ്കിൽ പാലിക്കേണ്ട നിയമനടപടികൾ പോലും ഐ.പി.എൽന്റെ കാര്യത്തിൽ പാലിക്കപ്പെട്ടിരുന്നില്ലന്നു മാത്രമല്ലാ അതിനായി ആരും നിഷ്ക്കർഷിച്ചതുമില്ലാ. അതുകൊണ്ടുതന്നെ അതിന്റെ വളർച്ച അസൂയാവഹവും അതിന്റെ പ്രായോക്താക്കൾ തന്റേടികളും ഭരണത്തെപ്പോലും വെല്ലുവിളിക്കാൻ കഴിവുള്ളവരുമായി വളർന്നു. കഴിഞ്ഞ വർഷം നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ഐ.പി.എൽ മത്സരത്തിന്റെ തീയതി മാറ്റണമെന്ന





കേന്ദ്രസർക്കാർ നിർദ്ദേശം അവഗണിച്ച് ഐ.പി.എൽ മത്സരം ദക്ഷിണാഫ്രിക്കയിൽ കൊണ്ടുപോയി നടത്താൻ ലളിത് മോഡിയെ കരുത്തനാക്കിയത് അമിതമായ പണവും രാഷ്ട്രീയ സ്വാധീനവും തന്റേടവുമാണ്. ഓഹരി കച്ചവടമാണ് ഐ.പി.എൽനെ സാമ്പത്തികമായി വളർത്തുന്നത്. ഉദാഹരണത്തിന് 2008-ൽ രാജസ്ഥാൻ റോയൽസിനുവേണ്ടി ലാച്‌ലൻ മർഡോക്കും എമർജിങ്ങ് മീഡിയായിലെ പങ്കാളികളും ചേർന്ന്6.7 കോടി യു.എസ് ഡോളറാണ് ചെലവിട്ടത്. 2009-ൽ ശില്പാഷെട്ടിയും ബ്രിട്ടീഷ് ബിസ്സിനസ്സുകാരനുമായ ഭർത്താവ് രാജ് കുന്ദ്രയും ചേർന്ന് രാജസ്ഥാൻ റോയൽസിന്റെ 11.7 ശതമാനം ഓഹരികൾ വാങ്ങിയത് 1.5 കോടി യു.എസ് ഡോളർ നൽകിയാണ്. പഴയകണക്കിലായിരുന്നെങ്കിൽ അവർ 78.39 ലക്ഷം ഡോളർ നൽകിയാൽ മതിയായിരുന്നു. ഇതിനർത്ഥം ഒരു വർഷത്തിനുള്ളിൽ ടീമിന്റെ മൂല്യം പഴയ വിലയുടെ ഇരട്ടിയായി ഉയർന്നുവെന്നാണ്. ഇത്തരമൊരു സാധ്യതയിലാണ് ഐ.പി.എൽ. ക്രിക്കറ്റ് സാമ്രാജ്യം ഇന്ത്യയിൽ ഒരു സമാന്തര സാമ്പത്തിക ശക്തിയായി വളരാൻ തുടങ്ങുന്നത്.

1963 നവംബർ 29 ന് ഡൽഹിയിലെ ഒരു വ്യവസായ കുടുംബത്തിൽ ജനിച്ച് വളർച്ചയുടെ ഒരു ഘട്ടത്തിൽ ക്രിമിനൽ സ്വഭാവക്കാരനായി 2003 ൽ രാജസ്ഥാൻ നാഗൗർ ജില്ലാ ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റായി ക്രിക്കറ്റ് ലോകത്തെത്തി ഇന്ന് ഐ.പി.എൽ കമ്മിഷണർ സ്ഥാനത്ത് വിരാജിക്കുന്ന ലളിത് മോഡിയുടെ വളർച്ച തന്നെ മേൽ പറഞ്ഞതിന് ഉദാഹരണമാണ്. ആഡംബര നൗകകളും ജെറ്റ് വിമാനവും മുന്തിയ ഇനം കാറുകളുടെ ഒരു വൻശേഖരവും അടക്കം വൻ സമ്പത്തിനുടമയാണിന്ന് ലളിത് മോഡി.

നിലവിലുള്ള എട്ട് ഐ.പി.എൽ ടീമുകൾക്കു പുറമേ ഈ വർഷം കൊച്ചി ഐ.പി.എൽ ടീമും പൂനെ ഐ.പി.എൽ. ടീമും നിലവിൽ വന്നതോടെയാണ് ഈ രംഗത്ത് കിടമത്സരം ജന്മമെടുക്കുന്നത്. കൊച്ചി ഐ.പി.എൽ ഫ്രാഞ്ചെസിക്കുവേണ്ടി കേന്ദ്രമന്ത്രിയായിരുന്ന ശശി തരൂർ നടത്തിയ നീക്കങ്ങൾ പുറത്തുവന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ ഒട്ടേറെ ചോദ്യങ്ങൾക്ക് ഇടവരുത്തി, കൊച്ചി ഐ.പി.എൽ ഫ്രാഞ്ചെസിയുമായി ഒരു തരത്തിലുള്ള സാമ്പത്തിക ഇടപാടുമില്ലെന്നാണ് ഡോ.ശശി തരൂർ പറയുന്നത്.അങ്ങനെയെങ്കിൽ തരൂരിന്റെ സുഹൃത്തായ സുനന്ദ പുഷ്കറിന് 70 കോടിയുടെ സൗജന്യ ഓഹരികൾ എങ്ങനെ ലഭിച്ചു. സൗജന്യ ഓഹരികൾ ബിസിനസ്സിൽ പതിവുള്ളതാണ്. ഒരു ബിസിനസ്സ് സംഘടിപ്പിക്കുമ്പോൾ സംഘാടകനായി നിൽക്കുന്ന വ്യക്തിക്ക് ചില സൗജന്യങ്ങൾ മറ്റുള്ളവർ നൽകാറുണ്ട്. കൊച്ചി ടീം സംഘടിപ്പിച്ചതിന് തരൂരിന് ലഭിക്കേണ്ട ഓഹരി, തരൂർ മന്ത്രിയായതുകൊണ്ട് സ്വയം സ്വീകരിക്കാതെ സുഹൃത്തായ സുനന്ദയ്ക്കു നൽകിയെന്നാണ് ആരോപണം. ഇതവർ തിരിച്ച് നൽകിയെങ്കിലും കൊച്ചി ടീമിന്റെ ഓഹരി ഉടമകളെക്കുറിച്ചും അവരുടെ വരുമാന സ്രോതസ്സുകളെക്കുറിച്ചുമുള്ള ചോദ്യങ്ങളും ഇവയ്ക്കു പിന്നിൽ അഴിമതിയുണ്ടെന്ന പ്രചരണവും രാഷ്ട്രീയച്ചുവയുള്ളതായപ്പോൾ രാഷ്ട്രീയ കക്ഷികൾ ചേരി തിരിഞ്ഞ് ഐ.പി.എൽ വിവാദത്തിൽ പങ്കാളികളായി. ഒരു ജനകീയ പ്രശ്നമെന്ന നിലയിൽ സമരങ്ങളും പാർലമെന്റ് സ്തംഭനവും അരങ്ങേറി. ഒരു കൂട്ടം ബിസിനസ്സുകാരെ സഹായിക്കാൻ ശ്രമിച്ചതിന്റെ പേരിൽ ഡോ. ശശി തരൂരിന് മാനവും മന്ത്രിസ്ഥാനവും നഷ്ടമായി. ഈ സംഭവങ്ങളെല്ലാം വിരൽ ചൂണ്ടുന്നത് സ്പോർട്ട്സ് ബിസിനസ്സ് രാഷ്ട്രീയ അവിശുദ്ധ ബന്ധത്തിലേക്കാണ്. ഐ.പി.എൽ കമ്മീഷണർ ലളിത് മോഡി രാജിവയ്ക്കുമോ. അതോ പുറത്താക്കേണ്ടി വരുമോ എന്നതല്ല ഇവിടെ പ്രസക്തമാകുന്നത്. ഐ.പി.എൽന്റെ സാമ്പത്തിക സ്രോതസുകളെക്കുറിച്ചുള്ള അന്വേഷണം ദേശീയ രാഷ്ട്രീയത്തേയും ഭരണ സംവിധാനങ്ങളെയും സ്വാധിനിക്കാൻ പോരുന്നതരത്തിലുള്ള ഐ.പി.എൽ ഭീഷണിക്ക് തടയിടാനുള്ള നടപടി എന്നിവയിക്കാണ് ഇവിടെ പ്രസക്തിയുണ്ടാവേണ്ടത്.

ഐ.പി.എൽ ക്രിക്കറ്റിന്റെ വളർച്ചയെക്കാൾ ഊന്നൽ നൽകേണ്ടത് നാടിന്റേയും നാട്ടാരുടേയും വികസനത്തിനും സാമ്പത്തികനേട്ടത്തിനുമാണ്. സ്പോർട്ട്സിന്റെ മറവിൽ സംഘടിപ്പിക്കപ്പെടുന്ന ചൂതാട്ടങ്ങളും വാതുവയ്പും ഇവിടെ അവസാനിക്കട്ടെ. അവസാനിപ്പിക്കാൻ കഴിയട്ടെ.



ഡൊറൊത്യൻ സിസ്റ്റർ
സി. ലൗലി പടിഞ്ഞാറേൽ

# ഏറ്റവും വിശിഷ്ടമായത്



ഒരു ചിത്രകാരൻ ഒരു വൈദികന്റെ അടുക്കൽ ചെന്നു ചോദിച്ചു. ലോകത്തിൽ ഏറ്റവും വിശിഷ്ടമായത് എന്താണ്? "വിശ്വാസമാണ്". വൈദികൻ പറഞ്ഞു. ചിത്രകാരൻ ഒരു കുടുംബിനിയോടു ചോദിച്ചു ലോകത്തിൽ ഏറ്റവും വിശിഷ്ടമായത് എന്താണ് "സ്നേഹമാണ്". ചിത്രകാരൻ ഒരു പടയാളിയോട് ചോദിച്ചു, ലോകത്തിൽ ഏറ്റവും വിശിഷ്ടമായതെന്താണ്? സമാധാനമാണ്. ഈ മൂന്നുപേരുടേയും മറുപടിയിൽ സംതൃപ്തി തോന്നിയ ചിത്രകാരൻ വിശ്വാസം, സ്നേഹം, സമാധാനം ഇവ സംയോജിക്കുന്ന ഒരു ചിത്രം വരച്ചു. അത് ഒരു കുടുംബത്തിന്റെ ചിത്രമായിരുന്നു. വിശ്വാസം, സ്നേഹം, സമാധാനം ഇവയുടെ സംഗമസ്ഥലമാണ് ഒരു കുടുംബം. ഈ മൂന്നു കാര്യങ്ങളിലാണ് ഒരു കുടുംബത്തിന്റെ അടിത്തറ സ്ഥിതി ചെയ്യുന്നത്. പരസ്പര വിശ്വാസമില്ലാത്ത കുടുംബങ്ങൾക്ക് സ്നേഹിക്കാൻ സാധിക്കുകയില്ല. പരസ്പരസ്നേഹവും വിശ്വാസവും ഇല്ലെങ്കിൽ അവിടെ സമാധാനത്തിന്റെ നിഴൽപോലും കാണുകയില്ല. കുടുംബത്തിൽ സന്തോഷവും ആഹ്ലാദവും സംജാതമാകുവാൻ ആദ്യമായി ഭാര്യഭർത്താക്കന്മാർ പരസ്പരവിശ്വാസമുള്ളവരാകണം. ഭാര്യ ഭർത്താവിനെ വിശ്വസിക്കണം. ഭർത്താവ് ഭാര്യയേയും. പരസ്പരം വിശ്വാസമില്ലാതെ ശാന്തമായ കുടുംബ ജീവിതം നയിക്കാൻ ആർക്കും സാധിക്കുകയില്ല. വിശ്വാസമെന്നത് അംഗീകാരമാണ്. പരസ്പരമുള്ള അംഗീകാരം ദാമ്പത്യബന്ധത്തെ ഉറപ്പിക്കുന്നു. പരസ്പര വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും തണലിൽ സമാധാനം പൊട്ടിവിടരുന്നു. സമാധാനത്തെ അസ്വസ്ഥതയുടെ ഇല്ലായ്മയെന്നോ ആനന്ദത്തിന്റെ ഏറ്റം ഉയർന്ന നിലയെന്നോ നമുക്കു പറയാൻ സാധിക്കും. ഈ സമാധാനത്തിലാണ് ഓരോ കുടുംബവും നിലനിൽക്കേണ്ടത്. അത്തരം കുടുംബങ്ങൾ ഭൂമിയിലെ സ്വർഗ്ഗമാണ്. ഒരിക്കൽ തോമസ് ആൽവാ എഡിസൺ എന്ന ശാസ്ത്രജ്ഞനോട് ഒരു സുഹൃത്ത് ചോദിച്ചു, ജീവിതത്തിൽ ഏറ്റവും അധികം ആനന്ദം അനുഭവിക്കാൻ കഴിയുന്ന സന്ദർഭം ഏതാണ്?. തന്റെ പരീക്ഷണങ്ങൾ വിജയിക്കുമ്പോൾ എന്നു പറയുമെന്നാണ് സുഹൃത്തു വിചാരിച്ചത്. എഡിസൺ പറഞ്ഞത് എന്റെ ഭാര്യയോടും മക്കളോടും ഒപ്പം കുടുംബത്തിൽ കഴിയുന്ന സന്ദർഭം എന്ന് പറഞ്ഞു. കുടുംബത്തിൽ യഥാർത്ഥ സന്തോഷം കണ്ടെത്താൻ കഴിയണം. എങ്കിൽ മാത്രമേ കുടുംബജീവിതം വിജയിക്കുകയുള്ളൂ. ★



ഡോ. ലോറൻസ് കുലാസ്

# പുതിയ നിയമത്തിൽ ക്രിസ്തുവിന്റെ പൗരോഹിത്യം

ക്രിസ്തുവ്ന്റെ പൗരോഹിത്യത്തെക്കുറിച്ച് പുതിയ നിയമത്തിലുള്ള പ്രതിപാദനങ്ങൾ ഹ്രസ്വമായി തിരയുക യാണ് ഈ ലേഖനം.

**പുതിയനിയമത്തിൽ ക്രിസ്തു പൗരോഹിത്യത്തിന്റെ ഔചിത്യം.**

പ്രധാനമായും മൂന്ന് വീക്ഷണങ്ങളാണ് പുതിയ നിയമത്തിൽ ക്രിസ്തു പൗരോഹിത്യത്തിന്റെ ഔചിത്യമായി ഞാൻ കാണുന്നത്.

**1) ക്രിസ്തുവിന്റെ പൗരോഹിത്യപരമല്ലാത്ത അസ്തിത്വം**

ഹെബ്രായർക്കെഴുതിയ ലേഖനത്തിന് പുറമേ പുതിയ നിയമ പുസ്തകത്തിൽ യേശു പുരോഹിതനെന്നോ പ്രധാന പുരോഹിതനെന്നോ വിളിക്കപ്പെടുന്നില്ല. യേശു യൂദായുടെ വംശത്തിലാണെന്ന് സ്പഷ്ടമാണ്. ഈ വംശത്തിന്റെ പൗരോഹിത്യത്തെക്കുറിച്ച് മോശ ഒന്നും പറഞ്ഞിട്ടില്ല (ഹെബ്രാ. 7:14). അതിലുപരി, അവൻ ഭൂമിയിൽ ആയിരുന്നെങ്കിൽ, നിയമപ്രകാരം കാഴ്ച കളർപ്പിക്കുന്ന പുരോഹിതന്മാർ അവിടെ ഉള്ളതുകൊണ്ട് പുരേഹിതനേ ആകുമായിരുന്നില്ല (ബെബ്രാ. 8:4). ദേവാലയ കർമ്മങ്ങളിൽ പങ്കുചേരുമ്പോൾ യേശു വിശ്വസികളുടെ സമൂഹത്തിലാണ്. യേശു ദേവാലയത്തിൽ പ്രവേശിച്ചത് അതിനെ ശുദ്ധീകരിക്കാനും അവിടെയുള്ള ജനങ്ങളെ പഠിപ്പിക്കുവാനുമാണ്. ദേവാലയത്തിൽ യേശു ശുശ്രൂഷകളൊന്നും നിർവ്വഹിച്ചരുന്നില്ല. നിർഭയനായി യേശു ദേവാലയത്തിന്റെ നാശം പ്രവചിക്കുകയും ചെയ്തു. പൂജാ സംബന്ധമായ പ്രവൃത്തികളൊന്നുമില്ലാതെ തന്നെ യേശു കുഷ്ഠരോഗികളെ സുഖപ്പെടുത്തി, പിശാചുക്കളെ ബഹിഷ്കരിച്ചു, പാപമോചനം നൽകി. യേശു നൽകിയ സൗഖ്യത്തിന് പുരോഹിത ആചാരങ്ങളുമായി ബന്ധമുണ്ടായിരുന്നെ





ങ്കിൽ സുഖംപ്രാപിച്ച ആളോട് അവ അനുഷ്ഠിക്കുവാൻ യേശു ആവശ്യപ്പെടുമായിരുന്നു (മാർക്കോ. 1:44). ചില സന്ദർഭങ്ങളിൽ സുവിശേഷകന്മാർ യേശുവിന്റെ പൗരോഹിത്യശുശ്രൂഷകന് വഴി തുറക്കുന്നുണ്ട്. ഉദാഹരണമായി, സ്വർഗ്ഗാരോഹണത്തിന് മുമ്പ് യേശു കൈകൾ ഉയർത്തി ശിഷ്യന്മാരെ അനുഗ്രഹിക്കുന്നത് (ലൂക്കാ 24:50-51). പ്രഭാഷകന്റെ പുസ്തകത്തിൽ പ്രധാന പുരോഹിതനായ ശിമയോൻ കൈകൾ ഉയർത്തി ഇസ്രായേൽ ജനത്തെ അനുഗ്രഹിക്കുന്നതാണ് സ്മരണയിൽ വരുന്നത് (പ്രഭാ. 50: 20-21). അതുപോലെ തന്നെ തുന്നലില്ലാതെ മുകൾ മുതൽ അടിവരെ നെയ്തുണ്ടാക്കിയ യേശുവിന്റെ അങ്കി (യോഹ. 19:23) പ്രധാന പുരോഹിതന്റെ വസ്ത്രത്തെ വിശേഷിപ്പിക്കുന്നു. എങ്കിലും സുവിശേഷ പാരമ്പര്യങ്ങൾ വിശകലനം ചെയ്യുമ്പോൾ ഈ ഉദാഹരണങ്ങൾ യേശു പുരോഹിതനെന്നോ പ്രധാന പുരോഹിതനെന്നോ പ്രസ്താവിക്കാൻ ഉതകുന്നതല്ല.

**2). ക്രിസ്തുവിന്റേത് പൂർണ്ണമായും അർപ്പിക്കപ്പെട്ട ജീവിതം**

യേശുവിന്റെ ജീവനും മരണത്തിനും ഉത്ഥാനത്തിനും ബലിദാനത്തെ സംബന്ധിച്ച വ്യാഖ്യാനം പുരോഹിത പാരമ്പര്യം കല്പിച്ചു നല്കി. പൂർണ്ണമായും അർപ്പിക്കപ്പെട്ട ജീവന്റെ മാതൃകയായി യേശുവിന്റെ ജീവിതത്തെ ക്രിസ്തീയ സമൂഹം കണ്ടു. യേശുവിന്റെ "ദാനം" അവിടുത്തെ വ്യക്തിപരമായ പൂർണ്ണ സമ്മാനമാണെന്ന് അവർ വിശ്വസിച്ചു. പൂർണ്ണമായി പ്രാർത്ഥനയിലും അനുസരണയിലും തന്റെ ജീവൻ നല്കുന്നതിന്റെ പരിപൂർണ്ണതയായിരുന്നു യേശുവിന്റെ മരണം. അതുകൊണ്ട്, യേശുവിന്റെ മരണം ബലിദാനത്തെ സംബന്ധിച്ച ആചാരത്തെക്കാളുമുപരി അസ്തിത്വപരമായ ചുമതല ഏറ്റെടുക്കലായിരുന്നു. ഈ ദർശനം പുതിയനിയമ പുസ്തകങ്ങളിലെ ബലിദാനത്തെ സംബന്ധിച്ച പാദവലിയിലൂടെ വ്യക്തമാക്കപ്പെടുന്നു. അന്ത്യത്താഴസമയത്ത് യേശു അരുളിചെയ്തു: "ഇത് അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്" (മാക്കോ. 14:24, 1 കൊറി. 11:25). ഈ പദപ്രയോഗം നേരത്തെ രേഖപ്പെടുത്തിരുന്ന "മോചനദ്രവ്യം" (മാർക്കോ. 10:44), "ബലി" (1 കൊറി. 5:7) എന്നീ പദങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്തീയ പാരമ്പര്യം പറയുന്നുണ്ട് "ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചുവെന്ന്" (1 കൊറി. 15:4). പാപപരിഹാരം പൗരോഹിത്യ കടമയുമായി ബന്ധപ്പെടുത്തുന്ന പഴയ നിയമ പാരമ്പര്യം ഉൾക്കൊണ്ടുകൊണ്ട് വി.പൗലോസ് പ്രഖ്യാപിച്ചു : "വിശ്വാസം വഴി സംലബ്ധമാകുന്ന രക്തം കൊണ്ടുള്ള പാപപരിഹാരമായി ദൈവം അവനെ നിശ്ചയിച്ചുതന്നു." (റോമ. 3:25). ഇക്കാര്യം കുറെക്കൂടി ശക്തമായി വി.പൗലോസ് എഫേസോസ്കാരെ ഓർമ്മിപ്പിക്കുന്നുണ്ട് : "അവിടുന്ന് നമുക്കുവേണ്ടി സുരഭില കാഴ്ചയും ബലിയുമായി തന്നെത്തന്നെ ദൈവത്തിന് സമർപ്പിച്ചു" (എഫേ. 5:2). ഈ പ്രസ്താവനകൾ യേശു അവിടുത്തെ ജീവൻ സമ്പൂർണ്ണ ദാനമായി മനുഷ്യ രക്ഷയ്ക്കായി സമർപ്പിച്ചുവെന്ന് മനസ്സിലാക്കാൻ സഹായകമാകുന്നു.

**3). യേശു സത്യത്താൽ വിശുദ്ധീകരിക്കപ്പെട്ടു.**

പിതാവിനെ അഭിസംബോധന ചെയ്തുകൊണ്ട് യേശു ശിഷ്യന്മാർക്കുവേണ്ടി പ്രർത്ഥിക്കുന്നു : "അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ" (യോഹ 17:17). ഈ പ്രാർത്ഥന യേശുവിന്റെ തന്നെ വിശുദ്ധീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. വിശുദ്ധീകരണം എപ്പോഴും ശുശ്രൂഷയ്ക്കാണ് (ജെറമി. 1:5). പഴയനിയമത്തിൽ വിശുദ്ധീകരണം പുരോഹിത ശുശ്രൂഷയുമായി ബന്ധപ്പെടുത്തി പ്രയോഗിക്കുന്നുണ്ട്. എങ്കിലും പുറപ്പാട് പുസ്തകത്തിലെ 28:41, 29:1, 44, 30:30, 40:13 എന്നീ വാക്യങ്ങളിൽ വിശുദ്ധീകരണവും പൗരോഹിത്യ ശുശ്രൂഷയും തമ്മിലുള്ള വ്യക്തമായ ബന്ധത്തിന്റെ ന്യൂനത പ്രകടമാണ്. പ്രാർത്ഥനയിൽ പ്രതിപാദിക്കുന്ന "സത്യം", ആദ്യം പുത്രനും പിന്നെ പുത്രൻ വഴി ശിഷ്യന്മാർക്കും, ദൈവം തന്നെ തന്നെ വെളിപ്പെടുത്തുന്നതാണ്. യേശു പിതാവുമായി ഗാഢമായ ബന്ധം നിലനിർത്തി തന്റെ ജീവൻ ദാനമായി ലോകത്തിന് നല്കി ജനത്തെ സത്യത്താൽ വിശുദ്ധീകരിച്ചു. "അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ" എന്ന പ്രാർത്ഥന ശിഷ്യന്മാരുടെ ജീവിതം പിതാവായ ദൈവവുമായി ഗാഢമായ ബന്ധം സ്ഥാപിച്ചുകൊണ്ട് സത്യത്താൽ വിശുദ്ധീകരിക്കുന്ന യേശുവിന്റെ പ്രക്രിയയിൽ പങ്കുചേരുവാനുള്ള ആഹ്വാനമാണ് ഈ വിശുദ്ധീകരണം. അങ്ങ് എന്നെ ലോകത്തിലേക്കയച്ചതുപോലെ ഞാനും അവരെ ലോകത്തിലേക്കയച്ചിരിക്കുന്നു (യോഹ. 17:18) എന്ന ദൗത്യത്തിന് ആവശ്യവുമാണ്.

# വാർത്തകൾ

## സാമൂഹ്യശുശ്രൂഷാവർഷാചരണത്തിന് തുടക്കമായി

തിരുവനന്തപുരം ലത്തീൻ അതിരൂപതാ സാമൂഹ്യശുശ്രൂഷാവർഷാചരണത്തിന് തുടക്കമായി. തിരുവനന്തപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ആചരിക്കുന്ന സാമൂഹ്യശുശ്രൂഷാവർഷം സംസ്ഥാന ധനകാര്യവകുപ്പു മന്ത്രി. ഡോ. തോമസ് ഐസക് ഉത്ഘാടനം ചെയ്തു.



സഭയുടെ സാമൂഹ്യ സംരംഭങ്ങളുമായിയോജിച്ച് പ്രവർത്തിക്കുന്നതിനെക്കുറിച്ച് തദ്ദേശ സ്ഥാപനങ്ങൾ ചിന്തിക്കണമെന്ന് ധനമന്ത്രി ഡോ. തോമസ് ഐസക് പറഞ്ഞു. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ നിന്ന് സാമൂഹ്യ ഇടപെടലിലേയ്ക്കുള്ള സഭയുടെ മാറ്റം കാലോചിതമാണെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന സാമൂഹ്യ ശുശ്രൂഷാ സമിതിയായ റ്റി.എസ്.എസ്.എസിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായുള്ള സാമൂഹ്യശുശ്രൂഷാ വർഷം ഉത്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ധനമന്ത്രി.

മത്സ്യത്തൊഴിലാശീശക്തീകരണം, മത്സ്യവർജ്ജനം, സ്ത്രീശക്തീകരണം തുടങ്ങിയ മേഖലകളിൽ സഭ നടത്തുന്ന പ്രവർത്തനം മേൽപ്പറഞ്ഞ സാമൂഹ്യ ഇടപെടലുകൾക്ക് ഉദാഹരണമാണ്. കേരളത്തിൽ അധികാരവികേന്ദ്രീകരണം കൊണ്ട് ഉണ്ടായ നേട്ടം സാധാരണക്കാരന് ഇടപെടാനുള്ള അവസരമുണ്ടായി എന്നതാണ്. അധികാര വികേന്ദ്രീകരണം കൊണ്ട് എല്ലാം ഭംഗിയായി നടക്കും എന്ന് ഗാരണ്ടി പറയാനാവില്ല. എന്നാൽ ജനങ്ങൾക്ക് ഇടപെടാനുള്ള അവസരം ഉണ്ടായിട്ടുണ്ട്. മുകൾത്തട്ടിലെ അഴിമതി അധികമൊന്നും പുറത്തറിയാറില്ല. അതേസമയം അധികാരവികേന്ദ്രീകരണത്തിലൂടെ കീഴ്ത്തട്ടിലെ അഴിമതിക്ക് തടയിടാനായിട്ടുണ്ട്. പേടിപ്പിച്ചും, ശിക്ഷിച്ചും അഴിമതി തടയാനാവില്ലാ. അഴിമതി തടയാൻ ധാർമ്മികതയിലൂടെയേ സാധിക്കൂ.

സർക്കാർ വിഭാവനം ചെയ്യുന്ന തൊഴിലുറപ്പു പദ്ധതിയിൽ സഭയുടെ സാമൂഹ്യ ശുശ്രൂഷാ സമിതികൾ പങ്കാളികളാകണം. തീരദേശത്ത് കരിങ്കൽ ഭിത്തി കെട്ടുന്നതിനുപകരം ജൈവമതിൽ നിർമ്മിക്കാനാവും. തൊഴിലുറപ്പ് പദ്ധതിയിൽ ഈ പ്രവർത്തനം ഉൾക്കൊള്ളിക്കാം. ഇതിന് തീരദേശ ജനത സജ്ജരാകണം. കടലിലെ സമ്പത്ത് മൽസ്യത്തൊഴിലാളിയുടേതുമാത്രമായി മാറിയെങ്കിൽ മാത്രമേ സുസ്ഥിര വികസനം സാധ്യമാകൂ. തീരദേശ വികസനവുമായി ബന്ധപ്പെട്ട ഒരു ഫയലും ധനവകുപ്പ് ഇതുവരെ തടഞ്ഞുവച്ചിട്ടില്ലെന്നും ഡോ. തോമസ് ഐസക് പറഞ്ഞു.

ജനകീയ പങ്കാളിത്തം ഉറപ്പായാൽ മാത്രമേ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികൾ വിജയിക്കുകയുള്ളൂവെന്ന് ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന ക്ഷേമപദ്ധതികളെക്കുറിച്ച് ഗുണഭോക്താക്കൾ അജ്ഞരാണ്. തദ്ദേശ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിലൂടെ മാത്രമേ ഇതിനു പരിഹാരം കാണാനാവൂ. ലത്തീൻ കത്തോലിക്കാ സമൂഹത്തിന് അർഹമായ പങ്കാളിത്തം കിട്ടണമെന്ന് പറയുമ്പോൾ അതിനെ രാഷ്ട്രീയത്തിലുള്ള ഇടപെടലായി കാണുന്നവരുണ്ട് ആർച്ച് ബിഷപ്പ് പറഞ്ഞു. സാമൂഹ്യ ശുശ്രൂഷാ വർഷ ഉത്ഘാടന ചടങ്ങിൽ അധ്യക്ഷം വഹിച്ചു സംസാരിക്കുകയായിരുന്നു ഡോ. സൂസപാക്യം.

ലത്തീൻ കത്തോലിക്കരുടെ പേര് പറഞ്ഞ് വർഗ്ഗീയത വളർത്തുന്നവരല്ലാ തങ്ങളെന്ന് ആർച്ച് ബിഷപ്പ് പറഞ്ഞു. ലത്തീൻ കത്തോലിക്കരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന എല്ലാവരേയും ജാതിമതഭേദമന്യേ നേതാക്കളായി സ്വീകരിക്കും. പദ്ധതികൾ സമയ ബന്ധിതമായി എല്ലാവർക്കും ഉപകാരപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിന് ജന പങ്കാളിത്തം ഉറപ്പാക്കുക എന്നതാണ് ഭാഗഭാഗിത്വം എന്നതുകൊണ്ടുദ്ദേശിക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. ➤

# വിശേഷങ്ങൾ

## അവസരങ്ങൾ പ്രയോജനപ്പെടുത്തി വ്യക്തിത്വ വികാസം നേടുക



അവസരങ്ങൾ പ്രയോജനപ്പെടുത്തി വ്യക്തിത്വ വികാസം പ്രാപിത്താൻ തിരുവനന്തപുരം അതിരൂപത സാമൂഹ്യ ശുശ്രൂഷാ ഡയറക്ടർ ഫാ. സാബാസ് ഇഗ്നേഷ്യസ് കെ.സി.എസ്.എൽ അംഗങ്ങളെ ആഹ്വാനം ചെയ്തു. വ്യക്തിത്വ വളർച്ചയ്ക്കുള്ള അവസരങ്ങൾ നൽകുക എന്നതായിരിക്കണം ക്യാമ്പുകളുടെ ലക്ഷ്യമായിരിക്കേണ്ടതെന്നും അദേഹം പറഞ്ഞു.

തിരുവനന്തപുരം അതിരൂപതാ കെ.സി.എസ്.എൽ സമ്മർ ക്യാമ്പും വാർഷിക ധ്യാനവും വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ ഉത്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ഫാ. സാബാസ്. ഉത്ഘാടന ചടങ്ങിൽ കെ.സി.എസ്.എൽ അതിരൂപതാ ഡയറ്ടർ ഫാ.ഷാജിൻ ജോസ് അധ്യക്ഷതവഹിച്ചു.

ആത്മീയതയിലധിഷ്ഠിതമായ സ്വഭാവ രൂപീകരണമായിരിക്കണം വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ടതെന്നും, ആയതിന് കെ.സി.എസ്.എൽ ക്യമ്പ് പ്രയോജനപ്പെടട്ടെയെന്നും ഫാ. ഷാജിൻ ജോസ് അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

അഞ്ചു ദിവസം നീണ്ടുനിന്ന സമ്മർ ക്യാമ്പിന് ദൈവഹിത സഭയിലെ ഡീക്കന്മാരും ബ്രദേഴ്സും നേതൃത്വം നൽകി. 155 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

---

അതിരൂപതാ വികാരി ജനറൽ മോൺ. യൂജിൻ പെരേര ആമുഖ പ്രസംഗവും കണ്ണൂർ സർവ്വകലാശാല വൈസ്ചാൻസിലർ ഡോ. മൈക്കിൾ തരകൻ മുഖ്യപ്രഭാഷണവും നടത്തി. മോൺ. എം. ജോസഫ്, മോൺ. ഇ. വിൽഫ്രെഡ്, മോൺ. നിക്കോളാസ്, ഫാ. ചാൾസ് ലിയോൺ, ലിഡാ ജേക്കബ്ബ് ഐ.എ.എസ്., എ. അലക്സാണ്ടർ, ഫാ. ജോർജ്ജ് ജെ. ഗോമസ്, ക്രിസ്റ്റബൽ ഫ്രാൻസീസ്, ടി.എസ്.എസ്.എസ് ഡയറക്ടർ ഫാ. സാബാസ് ഇഗ്നേഷ്യസ് തുടങ്ങിയവർ പ്രസംഗിച്ചു.

★

## എൻട്രൻസ് കോച്ചിംഗ്

പുല്ലുവിള ഫൊറോന വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ മെഡിസിൻ, എൻജിനിയറിംഗ് എൻട്രൻസ് പരീക്ഷകൾക്കുള്ള ക്രാഷ് കോഴ്സും എൽ.ഡി.സി. ലാസ്റ്റ് ഗ്രേഡ് എന്നീ വിഭാഗത്തിൽ പ്രവേശനം നേടുന്നതിന് പി.എസ്.സി. പരീക്ഷാ പരിശീലന ക്ലാസ്സും സംഘടിപ്പിച്ചു.

## ഉന്നത വിദ്യാഭ്യാസ കോഴ്സുകൾ

പുല്ലുവിള ഫൊറോന വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്കും അവരുടെ രക്ഷാകർത്താക്കൾക്കുമായി ഉന്നത വിദ്യാഭ്യാസ കോഴ്സുകൾ, ജോലി സാധ്യതകൾ, സ്ഥാപനങ്ങൾ എന്നിവയുടെ ഒരു പരിചയപ്പെടുത്തൽ പുല്ലുവിള Leo XIII[th] H.S.S. -ൽ വച്ച് നടന്നു. അതിരൂപതാ മീഡിയാ ഡയറക്ടർ ഫാ. തിയോഡേഷ്യസ് ക്ലാസ്സിന് നേതൃത്വം നൽകി. ക്ലാസ്സിൽ 48 വിദ്യാർത്ഥികളും അവരുടെ രക്ഷാകർത്താക്കളും പങ്കെടുത്തു.

## പാദം കഴുകപ്പെടേണ്ടവർ ഒത്തുകൂടിയപ്പോൾ...

പുല്ലുവിള ഫൊറോന അജപാലന ശുശ്രൂഷ സമിതിയുടെ കീഴിൽ പെസഹാ വ്യാഴാഴ്ച പാദക്ഷാളനകർമ്മത്തിനായി തിരഞ്ഞെടുക്കപ്പെട്ടവരെ ഒരുമിച്ചു കൂട്ടി ധ്യാനവും, പ്രാർത്ഥനയും സംഘടിപ്പിച്ചു മോൺ. നിക്കോളാസ് ധ്യാനം നയിച്ചു.

പാദക്ഷാളനത്തിനുള്ളവരുടെ ഒത്തുകൂടൽ വളരെ അർത്ഥവത്തായിരുന്നെന്ന് ഫാ. ഡിക്സൻ പറഞ്ഞു. ക്രിസ്തു ഞങ്ങളുടെ പാദങ്ങൾ കഴുകാൻ തയ്യാറാകുമ്പോൾ അവന്റെ മുന്നിൽ മുട്ടുകുത്തി കുമ്പസാരിക്കാൻ കഴിഞ്ഞതു പെസഹാക്കാലത്തെ വിശുദ്ധിയുടെ വലിയ അനുഭവമായെന്ന് പങ്കെടുത്തവർ പറഞ്ഞു.

# വാർത്തകൾ

## ക്രിസ്റ്റീൻ ധ്യാനം നടത്തി



പേട്ട ഫൊറോനയിലെ മതബോധന കുട്ടികൾക്കായി ശ്രീകാര്യം, സെന്റ്. ക്രിസ്റ്റഫർ ദൈവാലയത്തിൽ വച്ചു ക്രിസ്റ്റീൻ ധ്യാനം സംഘടിപ്പിച്ചു. ഫൊറോന അജപാലന ശുശ്രൂഷ സമിതി ഡയറക്ടർ റവ.ഫാ. ഡേവിസ് ഇടക്കളത്തൂർ ധ്യാനം ഉത്ഘാടനം ചെയ്തു. അവധിക്കാലത്ത് ദൈവാനുഭവത്തിലും ദൈവവചനത്തിലും ആഴപ്പെടാനുള്ള അവസരമാണ് ക്രിസ്റ്റീൻ ധ്യാനമെന്ന് ഫാ. ഡേവിസ് ഉത്ഘാടന പ്രസംഗത്തിൽ കുട്ടികളെ ഉത്ബോധിപ്പിച്ചു. ആലുവയിൽ നിന്നുള്ള ക്രിസ്റ്റീൻ ധ്യാന ഗ്രൂപ്പാണ് ധ്യാനത്തിനു നേതൃത്വം കൊടുത്തത്. മൂന്നു ദിവസത്തെ ധ്യാനത്തിനു ഫൊറോനയിലെ മിക്ക പള്ളികളിൽ നിന്നും കുട്ടികൾ പങ്കെടുത്തു.

## വൈദികരുടെ പെസഹാചരണം

വൈദിക വർഷാചരണത്തിന്റെ ഭാഗമായി പുല്ലുവിള ഫൊറോനയിലെ വൈദികർ പൗരോഹിത്യ സ്ഥാപനത്തിന്റെ അനുസ്മരണ ദിനമായ പെസഹാ വ്യാഴാഴ്ച ലൂർദ്ദുപുരത്ത് ഒത്തുചേരുകയും പെസഹാചരണം നടത്തുകയും ചെയ്തു. വൈദികരുടെ കൂട്ടായ്മയിൽ ക്രിസ്തു പൗരോഹിത്യത്തിന്റെ മഹത്വം ഉൾക്കൊള്ളുവാനും ഈ ഒത്തുചേരൽ സഹായിച്ചുവെന്ന് വൈദികർ അഭിപ്രായപ്പെട്ടു. വൈദികർ ഒരുമിച്ച് പെസഹാഭക്ഷണം പങ്കുവച്ചപ്പോൾ ക്രിസ്തു തന്റെ ശിഷ്യരുമായി നടത്തിയ പെസഹാചരണത്തിന്റെ ഓർമ്മ ഉണർത്തി എന്ന് വൈദികർ പറഞ്ഞു.

---

*(37-ാം പേജിന്റെ തുടർച്ച)*



**2. യഥാർത്ഥ സ്നേഹം മൂന്നു പങ്കാളികളുടെ കൂട്ടായ്മയാണ്.**

രണ്ടുപേരുള്ളത് ചങ്ങാത്തവും മൂന്നുപേരുള്ളത് കൂട്ടവുമാണെന്നത് പഴയ ഫലിതങ്ങളിലൊന്നാണ്. എന്നാൽ ത്രിത്വം കൂട്ടായ്മയിൽ നിന്നുള്ള സ്നേഹത്തിന്റെ ഔന്നത്യ പ്രകടനമാണ് സ്ത്രീയും പുരുഷനും വിവാഹത്തിലൂടെ ഒന്നാകുന്നത് ചങ്ങാത്തവും, എന്നാൽ അതുവഴി ജന്മം നൽകുന്ന കുഞ്ഞിന്റെ സാന്നിധ്യം ഒരു കൂട്ടായ്മയ്ക്ക് കാരണവുമാകുന്നു. അതിനേക്കാളുപരി ഓരോ വ്യക്തിയും ഏറ്റവുമധികം മനുഷ്യനുമായി കൂട്ടായ്മയുള്ളവരായിരിക്കുമ്പോൾ മാത്രമേ ദൈവികത്വമുള്ളവരായിത്തീരുന്നുള്ളൂ. (ദൈവത്തെ സ്നേഹിക്കുന്നുവെന്ന് പറയുകയും സഹോദരനെ വെറുക്കുകയും ചെയ്യുമ്പോൾ കള്ളം പറയുന്നുവെന്ന് ബൈബിൾ ഭാഷ്യം) ആയതിനാൽ നമ്മുടെ ബന്ധങ്ങൾ ഞാൻ - ദൈവം - അയൽക്കാരൻ എന്നായിരിക്കട്ട.




**മെയ് - 9**
**പെസഹാകാലം - ആറാം ഞായർ**



## സ്നേഹത്തിന്റെ മുറിപ്പാടുകളാണ് സ്വർഗ്ഗത്തിന്റെ താക്കോൽ

**ഒന്നാം വായന - അപ്പോ. നടപടി 15:1-2, 22-29.**

പുതിയ വിശ്വാസസമൂഹത്തിനുമേൽ കുലീനത്വം ചമഞ്ഞ്, അധികാരം സ്ഥാപിക്കാനുള്ള മുതലാളിത്ത മനോഭാവത്തിന്റെ ഒരു പുനരാവിഷ്കരണമാണ് ഇന്നത്തെ ഒന്നാം വായനയിൽ നാം വായിച്ചുകേൾക്കുന്നത്. പരിച്ഛേദനത്തിലൂടെ മോശ മുതൽ യേശുവരെ കുന്നുകൂടപ്പെട്ടതും ആർക്കും താങ്ങാനാവാത്തതുമായ നിയമങ്ങൾ ചുമലിൽ കെട്ടിവയ്ക്കാൻ ശ്രമിക്കുന്ന കപട വിശ്വാസികളെ പൗലോസും കൂട്ടരും ഇവിടെ ചെറുക്കുകയാണ്. ക്രിസ്തുവിനെപ്പോലെ ക്രിസ്തുമതം ലളിതമാക്കാൻ ശ്രമിച്ചതിനെ ഉൾക്കൊള്ളാൻ കഴിയാത്തവർക്കൊരു താക്കീതാണ് ഈ വായന.

**രണ്ടാം വായന - വെളിപാട് 21:10-14, 22-23**

സ്വർഗ്ഗത്തെ കുഞ്ഞാടിന്റെ മണവാട്ടിയോട് സദൃശ്യപ്പെടുത്തിയിരിക്കുകയാണിവിടെ. മണവാളൻ മണവാട്ടിയെ എത്രത്തോളം തന്റേതന്നെ ഹൃദയത്തിൽ കുറിച്ചിടുന്നുവോ അത്രത്തോളം തന്നെ സ്വർഗ്ഗത്തിനവകാശികളായ വിശ്വാസ സമൂഹത്തെ ദൈവത്തിന്റെ ഹൃദയത്തിൽ കുറിച്ചിടുമെന്ന് ദൈവം വാഗ്ദാനം ചെയ്യുകയാണിവിടെ. തന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവുമായ മണവാട്ടിക്ക് മണവാളൻ കൊടുക്കുന്ന കരുതലും സ്നേഹവും വിശ്വാസികളുടെ തന്നോടുള്ള വിശ്വസ്തതയുടെ സമ്മാനമായി നല്കുമെന്ന് തീർപ്പ് നൽകുന്ന രംഗമാണ് നാം ഇവിടെ വായിച്ചുകേൾക്കുന്നത്.

**സുവിശേഷം - യോഹന്നാൻ 14;23-29**

ജീവിതത്തിനും മരണത്തിനും സ്നേഹത്തിന്റെ ഭാഷയിൽ അർത്ഥം കണ്ടെത്തുന്ന യേശുവിനെയാണ് ഇന്നത്തെ സുവിശേഷത്തിൽ നാം കാണുന്നത്. ജീവിതത്തിന് സ്നേഹത്തിന്റെ ഭാഷ കൊടുത്തവരാണ് വിശുദ്ധർ. ഏതൊരു ചെറിയ പ്രവർത്തി ചെയ്തപ്പോഴും അതെല്ലാം യേശുവിനോടുള്ള സ്നേഹത്തെ പ്രതി ചെയ്തവരാണ് വിശുദ്ധർ. ജീവിതം കൊണ്ട് സ്നേഹിച്ചവർ മരിച്ചാലും സ്നേഹം തുടർന്നു കൊണ്ടേയിരിക്കും. അങ്ങനെ സ്നേഹിച്ചവരുടെ മരണം ദൈവത്തിന്റെ മുമ്പാകെ നമുക്കൊരു ശുപാർശക്കത്താണ്. നമ്മുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് നമുക്കുവേണ്ടി ദൈവത്തോട് സ്ഥിരം മധ്യസ്ഥം വഹിച്ചുകൊണ്ടിരിക്കുകയാണവർ. അതുകൊണ്ടാണ് വിശുദ്ധ കൊച്ചുത്രേസ്യ തന്റെ മരണത്തിന് മുൻപ് പറഞ്ഞത് : "ഭൂമിയിൽ നന്മ ചെയ്തുകൊണ്ട് ഞാനെന്റെ സ്വർഗ്ഗം ചെലവഴിക്കും" എന്ന്.

ഈ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ചെയ്ത നന്മയേക്കാൾ അധികമായി നന്മ ചെയ്യുവാനായിട്ട് സ്വർഗ്ഗം ചെലവഴിക്കാൻ പോകുന്ന യേശു ശിഷ്യന്മാരെ തന്റെ വേർപാടിന്റെ വേദന സഹിക്കുവാൻ ഒരുക്കുകയാണിവിടെ. എന്നിട്ട് യേശു തന്റെ ശിഷ്യന്മാരോട് പറയുകയാണ്, "നിങ്ങൾ എന്നെ സ്നേഹിച്ചിരുന്നുവെങ്കിൽ പിതാവിന്റെ യടുത്തേക്ക് ഞാൻ പോകുന്നതിൽ നിങ്ങൾ സന്തോഷിക്കുമായിരുന്നു" (ജോൺ 14:88).

നമ്മെ സ്നേഹിച്ച് നമ്മെ വേർപിരിഞ്ഞുപോകുന്ന നമ്മുടെ ഉറ്റവരെയോർത്ത് വിലപിക്കാത്ത ആരാണ് ഈ ലോകത്തുള്ളത്?

നമ്മിൽ എത്രപേർക്കാണ് മരണം മൂലം നമ്മിൽ നിന്നു വേർപിരിയുന്നവരെക്കുറിച്ച് സന്തോഷമുണ്ടാവുക?.

ഈ ലോകത്തിന് തിന്മ മാത്രം ചെയ്തിട്ടു പോകുന്നവരുടെ മരണത്തിൽ സന്തോഷിച്ചു സമാധാനം കൊണ്ട് നെടുവീർപ്പിടാത്ത എത്ര പേരാണുള്ളത്?. സത്യത്തിൽ നാം അവരെക്കുറിച്ചല്ലേ ദുഃഖിക്കേണ്ടത്? നമ്മളിലൊരാൾ നാശത്തിന്റെ കുഴിയിലേക്കു വീണു പോകുന്നത് നമ്മുടെ തന്നെ നഷ്ടമല്ലേ? നാം മറ്റൊരു ക്രിസ്തുവായി തീരാത്തതുമൂലം നാശത്തിന്റെ കുഴിയിലേക്കു വീണുപോയ ആരെങ്കിലും ഈ ഭൂമിയിലുണ്ടാകുമോ?.

മനസ്സിലെ ഇത്തരത്തിലുള്ള ചോദ്യങ്ങളുടെ പശ്ചാത്തലത്തിൽ ജീവിതത്തെയും മരണത്തെയും സ്നേഹത്തിന്റെ ഭാഷയിൽ അർത്ഥപൂർണമാക്കുന്നതെങ്ങിനെയാണ്?.

വിശുദ്ധ മദർ തെരേസ തന്റെ വ്രതവാഗ്ദാന സമയത്ത് വിശുദ്ധ കൊച്ചു ത്രേസ്യായുടെ നാമം സ്വീകരിച്ചുകൊണ്ട് പറയുന്ന ഒരു കാര്യമുണ്ട്: വിശുദ്ധ കൊച്ചു ത്രേസ്യ ഏതൊരു ചെറിയ കാര്യം പോലും ഒത്തിരി സ്നേഹത്തോടെ ചെയ്യുമായിരുന്നു എന്ന്, വിശുദ്ധ കൊച്ചുത്രേസ്യായെപ്പോലെ ഏതൊരു കാര്യവും ഒത്തിരി സ്നേഹത്തോടുകൂടി വിശുദ്ധ മദർ തെരേസ ചെയ്തിരുന്നു എന്നു കാണിക്കുന്ന പല സംഭവങ്ങളിലൊന്ന്



# നീർച്ചാലുകൾ

ഇവിടെ വിവരിക്കാമെന്നു വിചാരിക്കുന്നു.

ഒരിക്കൽ മാരകമായ ഏതോ ഒരു രോഗാവസ്ഥയിൽ അവശത അനുഭവിച്ചിരുന്ന ഒരു മുസ്ലീം സ്ത്രീയെ പരിചരിക്കുന്നതിനുള്ള അവസരം മദർ തെരേസയ്ക്കു കിട്ടി. പലരും അതിനുമുമ്പ് ആ സ്ത്രീയെ ശുശ്രൂഷിച്ചിട്ടുണ്ട്. പക്ഷെ അവരുടെയൊക്കെ ശുശ്രൂഷയിൽ ആ സ്ത്രീക്ക് ഒത്തിരി വേദന അനുഭവപ്പെടുമായിരുന്നു. മദറിന്റെ അന്നത്തെ ആ പരിചരണത്തിനുശേഷം ആ സ്ത്രീ മദറിനോടു പറഞ്ഞു. എന്റെ രോഗാവസ്ഥയിലുള്ള ജീവിതത്തിൽ ആദ്യമായിട്ടാണ് മറ്റൊരാളുടെ പരിചരണത്തിൽ വേദന അനുഭവപ്പെടാതിരിന്നിട്ടുള്ളത്. കുറച്ചു ദിവസങ്ങൾ കഴിഞ്ഞ് തന്റെ രോഗത്തിനൊരു ശമനം വന്നപ്പോൾ ആ സ്ത്രീ മദറിനെ കാണുവാൻ വന്നു. എന്നിട്ട് മദറിനോട് ആ സ്ത്രീ ചോദിച്ചു, മദർ, എനിക്കൊരു കാര്യത്തിന് ഉറപ്പുതരണം. എന്നിട്ടു പറഞ്ഞു, ഞാൻ മരിച്ചുകൊണ്ടിരിക്കുകയാണെന്ന് മദർ എപ്പോഴെങ്കിലും കേൾക്കുവാനിടയായാൽ മദർ എന്റെയടുക്കൽ വരണം. എനിക്ക് ദൈവത്തിന്റെ കൂടെയിരുന്ന് മരിക്കുവാനുള്ള ആഗ്രഹം കൊണ്ടാണ്.

ജീവിച്ചിരുന്നപ്പോൾ വിശുദ്ധിയുടെ അംഗീകാരം അത്രമാത്രം ലഭിച്ചിട്ടുള്ള വേറൊരു വ്യക്തി ഈ ലോകത്തുണ്ടാവുകയില്ല. വിശുദ്ധിയെന്നു പറയുന്നത് നമ്മുടെ ഹൃദയത്തിലെ ദൈവത്തിന്റെ സഹവാസമാണ്. അത് മറ്റൊരു ക്രിസ്തുവായി മാറുക എന്നതാണ്. അതുകൊണ്ടാണ് ഇന്നത്തെ സുവിശേഷത്തിൽ യേശുപറയുന്നത്, എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും. (ജോ. 14:23). ദൈവം നമ്മുടെ ഹൃദയത്തിൽ വാസമുറപ്പിക്കാൻ തക്കവണ്ണം യേശുവിനോടുള്ള സ്നേഹത്തെപ്രതി ഏതൊരു ചെറിയ കാര്യത്തിൽ പോലും മറ്റുള്ളവരുടെ ആവശ്യങ്ങളിലേക്ക് മറ്റൊരു ക്രിസ്തുവായി കടന്നുചെല്ലുവാൻ സാധിച്ചെങ്കിൽ മാത്രമേ, യേശുപറഞ്ഞതുപോലെ, എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ (മത്താ. 25:34). എന്ന വാഗ്ദാനം നമ്മിൽ നിറവേറുകയുള്ളു.

ധാരാളം പരിമിതികൾ നിറഞ്ഞതാണ് ഈ ലോകത്തിലെ സ്നേഹപ്രകടനങ്ങൾ. എന്നിരുന്നാലും ഏതൊരു പ്രവൃത്തിയും ഒത്തിരി സ്നേഹത്തോടെ ചെയ്യാൻ സന്മനസ്സുകാണിച്ചവർക്ക് മരണമെന്നു പറയുന്നത് പരിമിതികളില്ലാത്ത സ്നേഹാനുഭവത്തിലേക്കുള്ള ഒരു ചുവടുവയ്പ്പാണ്. വേദനിച്ച് മുറിപ്പെടുംവരെ സ്നേഹിച്ചവർക്കുള്ള സ്വർഗ്ഗത്തിന്റെ താക്കോലാണ് അവർ സ്നേഹിച്ചതിന്റെ മുറിപ്പാടുകൾ. അവർ അവിടെയും സ്നേഹിച്ചുകൊണ്ടേയിരിക്കും.

ജീവിതത്തിന് സ്നേഹം കൊണ്ട് അർത്ഥം കണ്ടെത്തിയ യേശുനാഥൻ, സ്നേഹത്തിന് മരണത്തിനപ്പുറത്തേക്കും അർത്ഥമുണ്ടെന്നു നമ്മെ പഠിപ്പിക്കുകയാണ്. മരണം എല്ലാറ്റിന്റെയും അവസാനമല്ല. മറിച്ച് പരിമിതികളില്ലാത്ത സ്നേഹമുള്ളവരുടെ മരണമായിരിക്കണം സത്യത്തിൽ ഏറ്റവും സന്തോഷമുളവാക്കേണ്ടത്.

മനസ്സമാധാനത്തോടെ നെടുവീർപ്പിട്ടുകൊണ്ട്, നമ്മെ വേർപിരിഞ്ഞു പോകുന്ന നമ്മുടെ സ്നേഹമുള്ളവരെക്കുറിച്ച് ഇപ്രകാരം പറയുവാൻ നമുക്ക് സാധിക്കട്ടെ : ഇത്രയുമധികം ഈ ഭൂമിയിൽ ഞങ്ങളെ സ്നേഹിച്ചവരേ, ദൈവം നിങ്ങളെ നിത്യതയുടെ സ്നേഹത്തിലേക്ക് കൂട്ടിക്കൊണ്ടുപോയതിൽ ഞങ്ങൾ സന്തോഷിക്കുന്നു. മറ്റുള്ളവരെ ആത്മാർത്ഥമായി സ്നേഹിക്കുവാൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. ഒരു നാൾ നിങ്ങളോടൊപ്പം സ്വർഗ്ഗം പങ്കിടുവാനായിട്ട്, സ്നേഹിച്ചു കരസ്ഥമാക്കിയ മുറിപ്പാടുകളിലൊരോഹരി ഞങ്ങൾക്കും തരണമേ. ആമേൻ.

---

*(35-ാം പേജിന്റെ തുടർച്ച)*

പ്പെടുന്ന ക്രിസ്തു മഹത്വീകൃതനായപ്പോൾ ലോകം മുഴുവൻ വചനം പ്രസംഗിക്കുവാൻ ശിഷ്യന്മാരോട് ആവശ്യപ്പെടുന്നു. നാമെല്ലാവരും ക്രിസ്തുവിന്റെ മഹത്വത്തിനു സാക്ഷികളാകേണ്ടവരാണ്. പത്രോസും കൂട്ടരും മഹത്വീകൃതനായ ക്രിസ്തുവിന്റെ നാമത്തിൽ അത്ഭുതങ്ങൾ ചെയ്തതു അവരുടെ വാക്കുകൾക്ക് സാക്ഷ്യം വഹിച്ചതുപോലെ നമുക്കും സാധിക്കണം.

ഒരു ഭക്തൻ സ്വാമി ദർശനത്തിനായി കാവേരി തീരത്തെ ആശ്രമത്തിലെത്തി. ഭക്തൻ യാത്രചെയ്തു നന്നേ ക്ഷീണിച്ചിരുന്നു. പക്ഷേ അതു വകവയ്ക്കാതെ സ്വാമി ഉപദേശത്തിന്റെ കെട്ടഴിച്ചുവിട്ടു.

"വാടകവീട്ടിൽ താമസിക്കുന്നവനെപ്പോലെയാണ് മനുഷ്യൻ. വാടകവീടു വിട്ടുപോകുമ്പോൾ കൊണ്ടുപോകാൻ പാടില്ലാത്തത് എന്തൊക്കെ? ഈ ആശ്രമവും കാപ്പിത്തോട്ടവും എന്റെ പേരിലാണ്. പക്ഷേ ഇത് എന്റേതാണോ? അല്ല, ഈ ശരീരംപോലും എന്റേതല്ല ഇതു മണ്ണിനു കൊടുക്കേണ്ടതല്ലേ? അത്രയേ ഉള്ളൂ".

അത്താഴം കഴിഞ്ഞ് കിടക്കാൻ പുറപ്പെടും മുൻപ് സ്വാമി ആശ്രമത്തിലെ എല്ലാ ജാലകങ്ങളും വാതിലുകളും കൊട്ടിയടക്കുന്നതു കണ്ടപ്പോൾ ഭക്തർ ചോദിച്ചു.

"ആശ്രമമല്ലേ, എന്തിനാണിങ്ങനെ അടച്ചു പൂട്ടുന്നത്?".

സ്വാമി പറഞ്ഞു,

"ഇവിടെ കള്ളന്മാരുടെ ശല്യം കലശലാണ്".

വാക്കും പ്രവൃത്തിയും ഒന്നിക്കുന്നിടത്താണ് പ്രസംഗവും അത്ഭുതവും ജനിക്കുന്നത്.






ഫാ. മെൽക്കൺ

മെയ്-16

# സ്വർഗ്ഗാരോഹണം

അപ്പോ. 1:1-11;
എഫേ. 1:17-23, ലൂക്ക 24:46-53

**ദൈവികമാക്കപ്പെടുന്ന മനുഷ്യപ്രകൃതി**

യേശുക്രിസ്തുവിന്റെ സ്വർഗാരോഹണം മനുഷ്യപ്രകൃതിക്ക് ലഭിച്ച ഏറ്റവും വലിയ ബഹുമതിയാണ്. യേശു ഉടലോടെ സ്വർഗാരോഹണം ചെയ്തു എന്നതിനർത്ഥം; മനുഷ്യപ്രകൃതിയ്ക്ക് സ്വർഗ്ഗത്തോളം ഉയരാൻ സാധിക്കും എന്നതു തന്നെയാണ്. സ്വർഗ്ഗാരോഹണം പല വിചിന്തനങ്ങളും നമുക്ക് നൽകുന്നു.

**1). ദൈവികമാക്കപ്പെടുന്ന മനുഷ്യപ്രകൃതി**

അവൻ ആത്മശരീരങ്ങളോടെ സ്വർഗ്ഗാരോഹണം ചെയ്തു എന്നത് പ്രകൃതിക്ക് ദൈവിക മഹത്വം ലഭിക്കുന്നു എന്നതാണ്. വി.ജോൺ ക്രിസോസ്റ്റം പറയുന്നതുപോലെ : ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തോടെ മനുഷ്യപ്രകൃതി മാലാഖമാരെക്കാളും, മുഖ്യദൂതന്മാരെക്കാളും, സിറാഫുകളെക്കാളും ഉയർത്തപ്പെട്ടു - ദൈവിക സിംഹാസനം വരെ ഉയർത്തപ്പെട്ടു എന്നതാണ്. പരിശുദ്ധ ത്രിത്വത്തിന്റെ സ്നേഹത്തിലേയ്ക്ക് ഉയർത്തപ്പെട്ടു മനുഷ്യ പ്രകൃതി. ക്രിസ്തു സ്വർഗ്ഗത്തിലേയ്ക്ക് തിരിച്ചു പോയി സ്വർഗ്ഗീയ പിതാവിനുമുന്നിൽ പ്രദർശിപ്പിച്ചത് തന്റെ ദൈവികത്വം മാത്രമല്ല ഒപ്പം അവന്റെ മാനുഷികതയുമാണ്. ക്രിസ്തുവിന്റെ മാനുഷികതയിൽ ഭൂമിയിലെ എല്ലാ മനുഷരും ദൈവത്തിന്റെ പുത്രൻമാരും പുത്രിമാരുമായി-ദൈവമക്കളായി ഉയർത്തപ്പെട്ടു (യോഹ. 1:12, 17:24).

**2). മഹത്വീകൃതനായ ക്രിസ്തു ക്രിസ്ത്യാനികളുടെ ജീവനാകുന്നു.**

ക്രിസ്തു തന്റെ സ്വർഗാരോഹണത്തോടെ തന്റെ ശിഷ്യഗണത്തെ ഉപേക്ഷിക്കുകയല്ല ചെയ്തത് മറിച്ചു അവന്റെ മഹത്വം അവരുടെ ജീവനായി മാറി. മഹത്വീകരിക്കപ്പെട്ട ശരീരമുള്ള ക്രിസ്തുവിനു തന്നിൽ വിശ്വസിക്കുന്നവരുടെ ആന്തരിക ജീവനിൽ വസിക്കുവാൻ സാധിക്കും (യോഹ. 17:26), എന്നെ സ്നേഹിക്കുന്നവനിൽ ഞാൻ വസിക്കും (യോഹ. 14:23-24) മഹത്വീകരിക്കപ്പെട്ടു ഓരോ ക്രിസ്ത്യാനിയിലും വസിക്കുകയാണ്. അവന്റെ മഹത്വം നമ്മുടെ ജീവനായി മാറുന്നു. ത്രിത്വത്തിൽ ഐക്യപ്പെട്ട ക്രിസ്തുവിന്റെ മഹത്വം മനുഷ്യർക്ക് കൃപാവരമായി ചൊരിയപ്പെട്ടു - പരിശുദ്ധാത്മാവിലൂടെ (യോഹ. 14:16-21, 16: 13-15, ഗലാത്തി 2:20) ക്രിസ്തു നമുക്കായി തന്റെ മനുഷ്യപ്രകൃതിയിൽ നിലകൊള്ളുന്നതുകൊണ്ട് നമുക്കു പ്രത്യാശയോടെ കൃപാവരത്തിന്റെ സിംഹാസനത്തെ സമീപിക്കാം. (ഹെബ്ര. 4:16) ഒപ്പം ക്രിസ്തു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിച്ചതുമൂലം നമുക്കും സ്വർഗ്ഗരാജ്യം സ്വന്തമാക്കുവാൻ സാധിക്കും.

**3). മഹത്വം ആർജ്ജിക്കേണ്ടതാണ്.**

ക്രിസ്തുവിന്റെ മഹത്വീകരണം അവന്റെ പ്രവർത്തനങ്ങളിലൂടെ ആർജ്ജിച്ചതാണ്. അവന്റെ പീഡാസഹനത്തിലൂടെയും, മരണത്തിലൂടെയും ആർജ്ജിച്ചതാണ്. അവന്റെ വാക്കും - പ്രവൃത്തിയും അഭേദ്യമായി ബന്ധപ്പെട്ടിരുന്നു. വചനം മാംസമായി - മാംസം മരണത്തെ തോല്പിച്ചു ദൈവികമായി. നമ്മുടേയും പ്രവൃത്തികൾ വഴിയാണ് നാം മഹത്വപ്പെടുക.

**4). അവന്റെ മഹത്വത്തിനു സാക്ഷികളാവുക.**

മഹത്വീകൃതനായ ക്രിസ്തുവിന്റെ ആഹ്വാനമാണിത്. അവന്റെ മഹത്വ പൂർണ്ണമായ ജീവിതം ലോകം മുഴുവൻ പ്രഘോഷിക്കുവാൻ ആവശ്യപ്പെടുന്നത്. ആദ്യഘട്ടത്തിൽ ഇസ്രായേലിൽ മാത്രം വചനം പ്രസംഗിക്കാൻ ആവശ്യ

**(ശേഷം 34-ാം പേജിൽ)**



# നീർച്ചാലുകൾ



**മെയ്-23** **ഫാ. മെൽക്കൺ**

അപ്പോ. 2:1-11;
1 കൊറി. 12:3-7, 12-13,
യോഹ 20:19-23

## പന്തക്കുസ്താ

"അവസാനദിനങ്ങളിൽ എല്ലാ മനുഷ്യരുടേയുംമേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും" എന്ന് ജോയേൽ പ്രവാചകൻ വഴി ദൈവം വാഗ്ദാനം ചെയ്ത ആത്മാവിന്റെ വർഷമാണ് പന്തക്കുസ്ത ദിനത്തിൽ സംഭവിക്കുന്നത്. പരിശുദ്ധാത്മാവ് വന്നു നിറഞ്ഞ ശിഷ്യന്മാർക്കു സംഭവിക്കുന്ന മാറ്റങ്ങൾ ദൈവവചനത്തിൽ നിന്നും നമുക്ക് ഗ്രഹിക്കാൻ സാധിക്കും.

ശിഷ്യന്മാരിൽ പരിശുദ്ധാത്മാവ് വർഷിക്കപ്പെടുന്ന രണ്ടു സന്ദർഭങ്ങൾ വചനത്തിലുണ്ട്. ഒന്നാമതായി (യോഹ. 20:22) "അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോടു അരുൾചെയ്തു : നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ". രണ്ടാമതായി പന്തക്കുസ്താ ദിനത്തിൽ പരിശുദ്ധാത്മാവ് അഗ്നിജ്വാലയായി വന്നിറങ്ങുന്നത് (അപ്പോ. 2:1-4).

**യേശുവിന്റെ നിശ്വാസം.**

യേശു പരിശുദ്ധാത്മാവിനെ തന്റെ ശിഷ്യന്മാരുടെ മേൽ നിശ്വസിക്കുകയാണ്. യേശുവിന്റെ നിശ്വാസത്തിന് ഈ പ്രപഞ്ചത്തിലെ മുഴുവൻ ജീവജാലങ്ങളുടെയും ഗന്ധമുണ്ടായിരുന്നു. ആദിയിൽ വെള്ളത്തിനുമീതെ ചലിച്ചുകൊണ്ടിരുന്ന ദൈവചൈതന്യത്തിന്റെ സുഗന്ധം (ഉല്പത്തി 1:2). മണ്ണിനു ജീവൻ നല്കാൻ അവന്റെ നാസാരന്ധ്രങ്ങളിൽ നിശ്വസിച്ച ജീവശ്വാസത്തിന്റെ സുഗന്ധം (ഉല്പത്തി 2:7). ആ നിശ്വാസം സ്വീകരിച്ച അപ്പോസ്തലന്മാർക്ക് ജ്ഞാനസ്നാനം കൊടുക്കുവാനുള്ള അധികാരം യേശു നൽകുന്നു. സ്നാനം എന്നാൽ ആത്മാവിലുള്ള നവീകരണമാണ്. മറ്റ് വാക്കുകളിൽ പറഞ്ഞാൽ മനുഷ്യനിലേക്ക് ദൈവികജീവൻ സന്നിവേശിപ്പിക്കാനുള്ള അധികാരം യേശു ശിഷ്യന്മാർക്ക് കൊടുക്കുകയാണ്. ജ്ഞാനസ്നാനത്തിലൂടെ നമ്മിൽ നിറഞ്ഞ ആത്മാവിനാൽ നമുക്ക് മറ്റുള്ളവരെ ദൈവിക ജീവനിലേയ്ക്ക് നയിക്കുവാൻ സാധിക്കണം. ഒപ്പം യേശുവാകുന്ന തായ്ത്തണ്ടിനോട് ചേർന്നു നില്കുന്ന ശാഖകളായി മാറുവാൻ സാധിക്കും.

**പന്തക്കുസ്താ ദിനം.**

രണ്ടു പ്രത്യേകതകളാണ് പന്തക്കുസ്താ ദിനത്തിനുള്ളത്. ഒന്ന് പരിശുദ്ധാത്മാവിന്റെ ആഗമനം രണ്ട് സഭയുടെ ആരംഭം.

പന്തക്കുസ്താ ദിനത്തിൽ പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെ ശിഷ്യന്മാർക്ക് ലഭിക്കുന്നത് ദൈവവചനത്തിലുള്ള ആഴപ്പെടലും, ഭാഷണവരവുമാണ്. ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ ക്രിസ്തുസംഭവങ്ങളെ മനസ്സിലാക്കുവാനുള്ള ശക്തി ശിഷ്യന്മാർക്ക് പ്രദാനം ചെയ്യുന്നത് പരിശുദ്ധാത്മാവാണ്. ക്രിസ്തു സംഭവങ്ങളുടെ ആഴങ്ങൾ മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നതും ആത്മാവാണ്. പരിശുദ്ധാത്മാവാണ് ക്രിസ്തു ആരെന്ന് നമുക്കു സാക്ഷ്യം നൽകുന്നത്.

പരിശുദ്ധാത്മാവ് നൽകുന്ന ഭാഷണവരം ഒരു ശാപമോക്ഷമാണ്. സ്വർഗ്ഗം കീഴടക്കാൻ ബാബേൽ ഗോപുരം പണിത മനുഷ്യന്റെ അഹങ്കാരത്തിനു ദൈവം കൊടുത്ത ശിക്ഷ അവരുടെ ഭാഷകൾ ഭിന്നിപ്പിച്ചു എന്നതാണ് (ഉല്പത്തി 11: 1-9). ഇന്ന്. യേശു ശിഷ്യന്മാർ സംസാരിക്കുന്നത് എല്ലാ ദേശക്കാരും ഭാഷക്കാരും മനസ്സിലാക്കുന്നു. ഭിന്നിച്ച ഭാഷക്കാർ ഒന്നായിരിക്കുന്നു. ക്രിസ്തുവിന്റെ ആത്മാവ് ഒന്നിപ്പിക്കുന്ന ആത്മാവാണ്. ഭാഷണവരം മറ്റുള്ളവർക്ക് മനസ്സിലാകാത്ത ഭാഷയല്ല മറിച്ച്, എല്ലാവർക്കും മനസ്സിലാകുന്ന ഭാഷയാണ്. എല്ലാവരേയും ഒന്നിപ്പിക്കുന്ന സ്നേഹത്തിന്റെ ഭാഷയാണ് പരിശുദ്ധാത്മാവിന്റെ ഭാഷ. അത് കച്ചവടത്തിനോ, ആളെക്കൂട്ടാനോ ഉള്ളതല്ല. മറിച്ച് സൗജന്യരക്ഷയുടെ കാഹളമാണ്.

**(ശേഷം 39-ാം പേജിൽ)**




**മെയ്-30** **ഫാ. മത്തിയാസ്**

സുഭാ. 8:22-31,
റോമ. 5:1-5
യോഹ. 16:12-15



# ത്രിത്വം ; കൂട്ടായ്മയുടെ പൂർണത

പന്തക്കുസ്ത തിരുനാൾ കഴിഞ്ഞുവരുന്ന ആദ്യ ഞായർ. ത്രിത്വൈക ദൈവത്തിന്റെ രഹസ്യങ്ങളെക്കുറിച്ച് ധ്യാനിക്കുവാനായി സഭ ത്രിത്വഞായറായി ആഘോഷിക്കുന്നു. ഏക ദൈവത്തിലെ മൂന്നു വ്യക്തികളെക്കുറിച്ച്, പ്രത്യേകിച്ച് ദൈവികതത്വത്തിലെ അനന്യതയും വ്യക്തിത്വങ്ങളിലെ വൈവിധ്യവും സംബന്ധിച്ച് വ്യക്തമായി പരാമർശിക്കുന്ന ബൈബിൾ ഭാഗങ്ങളില്ല. എന്നാൽ തന്നെ ലോകത്തിലേക്കയച്ച പിതാവിനെക്കുറിച്ചും തനിക്ക് ശേഷം അയയ്ക്കപ്പെടാൻ പോകുന്ന പരിശുദ്ധാത്മാവിനെക്കുറിച്ചും ക്രിസ്തു പരാമർശിക്കുന്നുണ്ട്. പിതാവിനുള്ളതെല്ലാം പുത്രന് നൽകിയിട്ടുണ്ടെന്നും പിതാവിൽ നിന്ന് സ്വീകരിച്ചതെല്ലാം പരിശുദ്ധാത്മാവിന് നൽകുന്നുവെന്നും യേശു പ്രഖ്യാപിക്കുന്നു. ഇതിലൂടെ ത്രിത്വത്തിലെ ഉദ്ദേശ്യങ്ങളുടെ ഏകത്വം/സമാനത നാം മനസ്സിലാക്കുന്നു. ചരിത്രത്തിൽ ത്രിത്വത്തിലെ ഓരോ വ്യക്തികൾക്കും ത്രിവിധ ദൗത്യങ്ങൾ : പിതാവിന് സൃഷ്ടി കർമ്മവും പുത്രന് രക്ഷണീയ കർമ്മവും, പരിശുദ്ധാത്മാവിന് പരിത്രാണ കർമ്മവും ഉണ്ടെന്നും നാം മനസ്സിലാക്കുന്നു. എങ്കിലും ഇവർ തമ്മിലുള്ള ബന്ധം ദൈവികതയിൽ ഓരോരുത്തരും പരിപൂർണ്ണരാണെന്നതാണ്.

ത്രിത്വരഹസ്യത്തെ അനാവരണം ചെയ്യുക കൈക്കുമ്പിളിൽ കടൽ ജലം കോരി കുഴിയിലൊഴിച്ച് വറ്റിക്കാൻ പരിശ്രമിക്കുന്നതുപോലെ നിരർത്ഥകമാണെന്ന് വി. അഗസ്റ്റിന്റെ സാക്ഷ്യം നമ്മെ പഠിപ്പിക്കുന്നു. എങ്ങനെ എന്തുകൊണ്ട് എന്ന് അന്വേഷിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ ത്രിത്വൈകരഹസ്യം അർത്ഥവത്താകുന്നു. ദൈവത്തിന്റെ ഛായയിൽ നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ആയതിനാൽ ദൈവത്തെ കൂടുതൽ അറിയാൻ ശ്രമിക്കുന്നവർ തങ്ങളെക്കുറിച്ച് തന്നെ കൂടുതൽ അറിവുള്ളവരായിമാറുന്നു. ജനങ്ങൾ സാധാരണ അവർ ആരാധിക്കുന്ന ദൈവത്തെപ്പോലെ ആകാൻ ശ്രമിക്കുന്നുവെന്ന് മതചിന്തയിൽ പ്രഗത്ഭരായവർ പരാമർശിക്കുന്നു. യുദ്ധവീരനായ ദൈവമാണെങ്കിൽ യുദ്ധവീരനും സുഖലോലുപനായ ദൈവമാണെങ്കിൽ സുഖലോലുപനും, കോപിക്കുന്നവനും യജമാനത്വമുള്ളവനുമായ ദൈവമാണെങ്കിൽ അപ്രകാരവും മനുഷ്യൻ ജീവിക്കുവാനായി പരിശ്രമിക്കുന്നു. എന്നാൽ ത്രിത്വൈക ദൈവസ്വഭാവം നാമായിരിക്കേണ്ട രണ്ട് കാര്യങ്ങളിലേയ്ക്ക് വിരൽ ചൂണ്ടുന്നുണ്ട്.

**1. ഒറ്റപ്പെട്ട വൈയക്തിക ബന്ധത്തിലല്ല, മറിച്ച് ബന്ധങ്ങളുടെ കൂട്ടായ്മയിൽ ദൈവം ആയിരിക്കുന്നു.** കാരണം ദൈവം ഏകാന്തവാസിയല്ല. ക്രൈസ്തവ ആത്മീയത ഹിമാലയ സാനുക്കളിലെ ഏകാന്തവാസത്തിൽ നിന്നും സ്വാർത്ഥതയിലേക്കുള്ള അടിമത്വ മനോഭാവത്തിൽ നിന്നും ദൈവികത/കൂട്ടായ്മയിലേക്കുള്ള പ്രയാണമാണെന്ന് (മത്താ 5:48). തോമാശ്ലീഹായുടെ അന്തർമുഖ മനോഭാവം സ്വന്തം വികാര വിചാരങ്ങളെ മറ്റു ശിഷ്യരുമായി പങ്കുവയ്ക്കാൻ തടസ്സപ്പെടുത്തിയതു കാരണം അവൻ ഒറ്റപ്പെട്ടു. തന്നിലേക്കുതന്നെ ചുരുങ്ങുകയും ആയതു കാരണം കൂട്ടായ്മയിൽ നിന്നും ലഭിക്കേണ്ട ദൈവിക ദർശനങ്ങളും അനുഗ്രഹങ്ങളും നഷ്ടപ്പെടുത്തുകയും ചെയ്തു. സമൂഹവും സഹോദരങ്ങളുമായും നല്ല ബന്ധത്തിലായിരിക്കുന്നവനേ ദൈവിക കൂട്ടായ്മയുടെ ഫലം അനുഭവിക്കാൻ സാധിക്കുകയുള്ളൂ.

**(ശേഷം 32-ാം പേജിൽ)**




**2010 ജൂൺ മാസം ബി.സി.സി.കളിൽ ഉപയോഗിക്കുവാൻ**
**അതിരൂപത ബി.സി.സി ശുശ്രൂഷാ സമിതി തയ്യാറാക്കിയത്**

# "തിരുഹൃദയ സ്നേഹം (ഭക്തി)'

1. **പരിശുദ്ധാത്മാവിന്റെ ഗാനം:**

2. **ബൈബിൾ വന്ദനം** :(എല്ലാവരും ഭക്തിയോടും, പ്രാർത്ഥനാരൂപിയോടും കൂടി വിശുദ്ധഗ്രന്ഥം വന്ദിക്കുക)

3. **സ്വാഗതം**

4. **യേശുവിനെ ക്ഷണിക്കുന്നു** :

**ആമുഖം**

തന്നെ സൃഷ്ടിച്ചുപരിപാലിക്കുന്ന സർവശക്തനായ ദൈവത്തിന്റെ മുന്നിൽ ചോദ്യങ്ങൾ എറിഞ്ഞ്, ഒരു കൊച്ചുകുട്ടിയെപ്പോലെ ദൈവത്തെ വിഷമവൃത്തത്തിലാക്കി എന്ന് വീമ്പിളക്കി നടക്കാൻ ചങ്കൂറ്റം കാണിക്കുന്ന ഇന്നത്തെ മനുഷ്യൻ. തനിക്ക് മനസ്സിലാകാത്തതൊക്കെ ദൈവത്തിന്റെ ഭാഗത്തുനിന്നുവന്ന തെറ്റാണെന്ന് ധരിച്ച് ഉത്തരത്തിനായി അവൻ ദൈവത്തെ ചോദ്യം ചെയ്യുന്നു. ദൈവത്തിന്റെ നിശബ്ദത അവിടുത്തെ പരാജയമായി അവൻ വ്യാഖ്യാനിക്കുന്നു. ലോകത്തിലെ അസ്വസ്ഥതകൾക്കൊക്കെ കാരണം ദൈവമാണെന്നാണ് അവന്റെ വാദം. മനുഷ്യന്റെ അഹന്തയിൽ നിന്ന് ഉരുത്തിരിഞ്ഞ വൈരാഗ്യത്തിന്റെ ഫലമായുണ്ടാകുന്ന യുദ്ധം, കൊടും വേനലിൽ ഭൂമി വിണ്ടുകീറി വരൾച്ചയുടെ ദുരിതം അനുഭവിക്കുവാൻ ഇടയാകുന്നതും, പേമാരിയുടെ ഫലമായി വെള്ളപ്പൊക്കമുണ്ടാകുന്നതിനും ദൈവത്തെ പഴിച്ചിട്ടെന്തു കാര്യം. വലിയ ആൽമരത്തിൽ ചെറിയ കായ ഉണ്ടാകുമ്പോൾ പകരം ഇത്ര വലിയ മരത്തിൽ മത്തങ്ങാ കായ്പിക്കാത്ത ദൈവത്തെ പഴിച്ച മനുഷ്യന്റെ മൂക്കത്ത് ആലിന്റെ കായ വീണപ്പോൾ അവൻ മുട്ടുമടക്കി ദൈവത്തെ സ്തുതിച്ചു. വലിയ ആലിൽ മത്തങ്ങാ ഉണ്ടാകാൻ കൽപ്പിച്ചിരുന്നെങ്കിൽ എന്റെ മൂക്കുമാത്രമല്ല മുഖം വരെ കീറിപ്പോയേനെ എന്നോർത്തപ്പോൾ ആ മനുഷ്യനിൽ മാറ്റമുണ്ടായി. നമ്മുടെയൊക്കെ ജീവിതത്തിലും ആരെയെങ്കിലുമൊക്കെ എപ്പോഴും കുറ്റപ്പെടുത്തുന്ന സ്വഭാവമില്ലേ? എന്തിനേറെ, ദൈവത്തെ കുറ്റപ്പെടുത്തുന്ന മനുഷ്യന്, മനുഷ്യനെ കുറ്റപ്പെടുത്താൻ എന്തിനേറെ സമയം. എവിടേയും കുറ്റം മാത്രം കാണാതെ, ആകുലതയും ഉത്കണ്ഠയും മാത്രം വയ്ക്കാതെ നന്മയായതും, നല്ലതായതും ചിന്തിക്കാനും പ്രവർത്തിക്കാനും നമുക്ക് സാധിക്കട്ടെ. ഉത്കണ്ഠയും മനോവേദനയും കൂട്ടിവച്ച് എണ്ണുന്നവരുടെ തലമുടി പെട്ടെന്ന് നരയ്ക്കുന്നു. അവൻ സ്വയം പ്രായം കൂട്ടുന്ന തിരക്കിലാണ്. അദ്ധ്വാനിക്കുന്നവർക്കും, ഭാരം വഹിക്കുന്നവർക്കും അത്താണിയായ യേശുനാഥനിൽ നമുക്ക് നമ്മുടെ ആകുലതകളും അസ്വസ്ഥതകളും ഉത്കണ്ഠകളും സമർപ്പിക്കാം. അവിടുന്ന് അതെല്ലാം എണ്ണുന്നതിന് നമുക്ക് സാന്ത്വനവും ആശ്വാസവും നൽകട്ടെ എന്നും പ്രാർത്ഥിക്കാം.



**5. സുവിശേഷ ഗാനം :**

**6. വിശുദ്ധ ഗ്രന്ഥവായന:** (യോഹ - 3:16-23)

**7. വചനം പങ്കുവയ്ക്കൽ** (നാം ശ്രവിച്ച വചനഭാഗത്തെപ്പറ്റി 2 മിനിറ്റ് ധ്യാനിക്കുക). സ്പർശിച്ച വചനഭാഗം ധ്യാനപൂർവ്വം 5 പേർ പ്രാർത്ഥനാരൂപിയിൽ ഉരുവിടുക

**8. സന്ദേശം**

യേശുവിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകരുത് എന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. അവിടുന്നിൽ വിശ്വസിക്കുന്നവർക്ക് തന്റെ പാർശ്വം കുത്തിപ്പിളർന്ന് രക്തവും വെള്ളവും വരെ ചിന്തി അവിടുത്തെ തിരുഹൃദയത്തിന്റെ സ്നേഹം വെളിപ്പെടുത്തിത്തരുന്നു. പെലിക്കൻ പക്ഷി തന്റെ കുഞ്ഞുങ്ങൾക്ക് ജീവൻ കൊടുക്കുവാൻ സ്വന്തം ചങ്ക് കൊത്തിപ്പിളർന്ന്, അവിടെ നിന്നുവരുന്ന രക്തം തന്റെ കുഞ്ഞുങ്ങൾക്ക് നൽകി അതിന് ജീവൻ നൽകുന്നു. അതോടെ ആ തള്ളപക്ഷി വീണുമരിക്കുന്നു. മനുഷ്യമക്കളുടെ ജീവൻ രക്ഷിക്കാൻ യേശുനാഥൻ തന്റെ ഹൃദയത്തിൽ അവസാനമായി ശേഷിച്ചിരുന്ന രക്തവും വെള്ളവും നൽകി. യേശുനാഥന്റെ സ്നേഹത്തിന്റെ മുന്നിൽ നാം ഒന്നുമല്ലാത്തവരായി. തിരുഹൃദയത്തോടുള്ള ഭക്തിയിൽ വളരുവാനായി തിരുസഭ നമുക്കായി ഒരുക്കിയിരിക്കുന്ന ഈ ജൂൺമാസത്തിൽ അവിടുത്തെ പിളർക്കപ്പെട്ട ഹൃദയത്തിന്റെ സാക്ഷികളാകാം.

പ്രകാശമായി യേശുനാഥൻ ലോകത്തിലേക്ക് വന്നിട്ടും പ്രകാശത്തേക്കാൾ അധികമായി മനുഷ്യർ അന്ധകാരത്തെ സ്നേഹിച്ചു. യേശുവാകുന്ന പ്രകാശത്തിലൂടെ നടന്ന് അവിടുത്തെ പാത പിൻതുടരേണ്ടവരും അവിടുത്തെ പ്രകാശത്തിലൂടെ മറ്റുള്ളവരെ നടത്തേണ്ടവരുമാണ് നാം ഓരോരുത്തരും. നാം ആരും നശിച്ചുപോകരുത് എന്ന് അവിടുന്ന് ആഗ്രഹിക്കുകയും അതോടൊപ്പം നമുക്ക് പൂർണസ്വാതന്ത്ര്യം അവിടുന്ന് നൽകുന്നു. അവിടുന്ന് നൽകുന്ന സ്വാതന്ത്ര്യത്തെ ദുരുപയോഗിക്കാതെ നമ്മെ ഏൽപ്പിക്കുന്ന ദൗത്യം എന്തുതന്നെയായാലും അതുനിർവ്വഹിക്കുന്നതിലൂടെ അവിടുത്തെ ഹിതമാണ് നാം നിറവേറ്റുന്നത് എന്ന വിശ്വാസത്തോടും അറിവോടും കൂടി മുന്നോട്ടുപോകാം.

യേശുവിന്റെ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ഓരോരുത്തരുടെ ഭവനത്തെയും നമ്മെ ഓരോരുത്തരേയും തിരുഹൃദയത്തിൽ സമർപ്പിച്ച് പ്രാർത്ഥിക്കാം. അങ്ങനെ ആരും നശിച്ചുപോകരുത് എന്ന് ആഗ്രഹിക്കുന്ന യേശുനാഥനോട് ചേർന്നുനിന്നുകൊണ്ട് നമ്മുടെ ദൗത്യനിർവഹണത്തിലൂടെ ആരും നശിച്ചുപോകാതെ ആരെയും നഷ്ടപ്പെടുത്താതെ എല്ലാവരേയും ഏക സത്യദൈവത്തിലേക്ക് അടുപ്പിക്കുവാനും നമ്മുടെ സംസാരത്തിലും പ്രവൃത്തിയിലും എല്ലാവരേയും യേശുവാകുന്ന പ്രകാശത്തിലൂടെയും സ്നേഹത്തിലൂടെയും വഴി നടത്തുവാൻ തിരുഹൃദയനാഥൻ സഹായിക്കട്ടെ. അതിനായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം, പ്രാർത്ഥിക്കാം.

**9. റിപ്പോർട്ട് വായന**

**10. ചർച്ച**

**11. ദൗത്യം ഏറ്റെടുക്കൽ**

1. ഓരോ കുടുംബങ്ങളിലും ിരുഹൃദയ പ്രതിഷ്ഠനടത്തുക.
2. മാസത്തിന്റെ ആദ്യവെള്ളിയാഴ്ചകളിൽ കുമ്പസാരിച്ച് പരിശുദ്ധ കുർബാന സ്വീകരിക്കുക.

**12. രഹസ്യപ്പിരിവ്**

**12. സ്വയം പ്രേരിത പ്രാർത്ഥന**

**14. സ്വർഗ്ഗസ്ഥനായ.......**

**15. സ്നേഹവിരുന്ന്/ വിടവാങ്ങൽ**

***(36-ാം പേജിന്റെ തുടർച്ച)***

സഭയാണ് ആത്മാവിന്റെ ആവാസസ്ഥലവും ആത്മാവിനെ നല്കുന്ന താലവും. പന്തക്കുസ്തതാ ദിനത്തിനു ശേഷം ആത്മാവ് സഭയിലൂടെയാണ് പ്രവർത്തിക്കുന്നത് അഥവാ സഭയാകുന്ന ചാലകത്തിലൂടെയാണ് ആത്മാവ് വർഷിക്കപ്പെടുന്നത്. സഭാ സമൂഹം ഒന്നിച്ചിരുന്നു പ്രർത്ഥിക്കുമ്പോഴും, അപ്പസ്തോലൻമാർ കൈവച്ചു പ്രാർത്ഥിക്കുമ്പോഴുമാണ് ആത്മാവ് വർഷിക്കപ്പെടുന്നത് (അപ്പോ. നടപടി 2:1-4; 4:31, 10:44). സഭാ സമൂഹം ഒരുമിച്ചിരുന്നു പ്രർത്ഥിക്കുമ്പോഴാണ് പരിശുദ്ധാത്മാവ് വർഷിക്കപ്പെടുന്നത്. സഭ പരിശുദ്ധാത്മാവിലുള്ള കൂട്ടായ്മയാണ്. ഒരുപാട് പരാധീനതകൾ ഉണ്ടെങ്കിലും സഭ പരിശുദ്ധാത്മാവിന്റെ ആവാസസ്ഥലമാണ്.

പരിശുദ്ധാത്മാവിലുള്ള ജീവിതം സഭയോടുള്ള കൂട്ടായ്മയുടെ ജീവിതം കൂടിയാണ്. ആത്മാവിനാൽ നയിക്കപ്പെടുന്നവരാകാൻ നമുക്ക് സഭയോടൊത്ത് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.



# ഇളംതൂവൽ



## പരിസ്ഥിതി സംരക്ഷണവും വിദ്യാർത്ഥികളും

കൂട്ടുകാരേ,

ഭൂമി നമ്മുടെ അമ്മയാണ്. ഭൂമിയേയും ചുറ്റുപാടുകളേയും സംരക്ഷിക്കേണ്ട കടമ നമുക്കുണ്ട്. ഈ അവധിക്കാലത്ത് പരിസ്ഥിതി സംരക്ഷണത്തിന് ഓരോ വിദ്യാർത്ഥികളും തയ്യാറാകേണ്ടതുണ്ട്. പ്രധാനമായും മണ്ണ്, ജലം, വായു എന്നിവയാണ് മലിനപ്പെടുന്നത്. ഒന്നു ചിന്തിച്ചു നോക്കിയാൽ ഭൂമിയിൽ ഇനിയെത്രനാൾ നമുക്ക് തുടരാനാകും, വരും തലമുറയ്ക്ക് വരണ്ട മണ്ണിനെ സമ്മാനമായി കൊടുക്കേണ്ട അവസ്ഥയിലേക്കാണ് നാം ചെന്നു പെട്ടു കൊണ്ടിരിക്കുന്നത്. കൂട്ടുകാരെ, പരിസ്ഥിതിയെ വിഷമയമാക്കുന്ന മറ്റൊരു വില്ലനുണ്ട്, പ്ലാസ്റ്റിക്. മണ്ണും വായുവും ജലവും മലിനപ്പെടുത്താൻ ഇവൻ ശക്തനാണ്. നാം സംഘടിച്ചുനിന്നാൽ ഈ പ്ലാസ്റ്റിക്കിനെ ഭൂമിയിൽ നിന്ന് തുരത്തുവാൻ സാധിക്കും.

ഓരോ വീട്ടുമുറ്റത്തും ഒരു കുഞ്ഞു ചെടിയെങ്കിലും നട്ടുപിടിപ്പിക്കൂ...

നിങ്ങൾ വളരുന്തോറും ചെടിയുടെ ഫലം അനുഭവിക്കാനാകും. ഒടുവിൽ ഒരു കാലത്ത് നെഞ്ചിൽ കൈവച്ച് പറയാനാകും.

ഇതെന്റെ വിയർപ്പാണ്

ചോരയും!

ഈ പൊള്ളുന്ന വെയിലിൽ നിന്ന് ഇത്തിരി ആശ്വാസമെങ്കിലും ലഭിക്കുവാൻ ഭൂമിയെ നമ്മുടെ വീടായി കരുതാം.



---

## പുട്ട് വന്ന വഴി

പുട്ടിന്റെ ഉൽഭവസ്ഥാനം സ്പെയിനിലോ പോർച്ചുഗലിലോ ആണ്. പോർച്ചുഗീസുകാർ ഇൻഡ്യയിൽ കോളനി സ്ഥാപിച്ചപ്പോൾ കൊണ്ടുവന്ന് പ്രചരിപ്പിച്ചതാവാനും വഴിയുണ്ട്.



ഒരു കാലത്ത് സ്പെയിനിന്റെ കോളനിയായിരുന്ന ഫിലിപ്പെൻസിൽ ഇന്നും പുട്ട് നിലവിലുണ്ട്. കയർ വരിഞ്ഞ മുളംകുറ്റിയിൽ ചിരട്ടചില്ലിട്ട് അരിമാവും തേങ്ങയും കലർത്തി ആവിയിൽ വേവിച്ചാണ് അവർ ഇന്നും പുട്ടുണ്ടാക്കുന്നത്. രസകരമായ വസ്തുത പുട്ടിന്റെ ഫിലിപ്പൈൻനാമം പുട്ടോ എന്നാണെന്നതാണ്. പുട്ടോ ബാംബോംഗ് എന്നാണ് മുഴുവൻ പേര്, മുളംപുട്ട് എന്നർത്ഥം.

പുട്ടിന്റെ ഒർജിനൽ മെക്സിക്കോയിലാണെന്നും സ്പെയിൻകാർ അവിടെ കോളനി സ്ഥാപിച്ചപ്പോൾ അവർ സ്പെയിനിലേക്കും പിന്നെ ഫിലിപ്പൈനിലേക്കും കൊണ്ടുവന്നതാണെന്ന മറ്റൊരുവാദവും നിലവിലുണ്ട്.



# ഇളംതൂവൽ

## വാർത്ത

ഇന്നലെ രാവിലെ
പത്രത്തിലെ വാർത്തയ്ക്ക്
നല്ല ചൂടുണ്ടായിരുന്നു
ഒടുവിൽ, വൈകുന്നേരം
കടലപ്പൊതി തുറന്നപ്പോഴാണ്
അതിലെ ചൂട് വിട്ടുമാറിയില്ലെന്ന്
മനസ്സിലായത്

*ഷിജുദാസ്, കൊച്ചുതുറ*

## റോബോട്ടുകൾ

മനുഷ്യന്റെ മഹത്തായ
കണ്ടുപിടുത്തങ്ങളിൽ ഒന്ന്
നമ്മുടെ യന്ത്ര മനുഷ്യർ
പന്തുകളിയിൽ, നൃത്തത്തിൽ
എല്ലാറ്റിലും കേമൻമാർ ഇവർ
ഈ തലമുറയിൽ നമ്മൾ
ഇവയെ നിയന്ത്രിക്കുന്നു.
അടുത്ത തലമുറയിൽ
ഇവ നമ്മെ നിയന്ത്രിക്കുമോ?

*പ്രണോയ് എം. പുല്ലുവിള*

---

# മത്സരം

**ജീവനും വെളിച്ചവും വായനക്കാർക്കായി ആകർഷകമായ ഒരു മത്സരം സംഘടിപ്പിക്കുന്നു. ഓരോ മാസവും പ്രസിദ്ധീകരക്കുന്ന ജീവനും വെളിച്ചത്തിലെ ലേഖനങ്ങൾ കഥകൾ, കവിതകൾ എന്നിവ ആധാരമാക്കിയാണ് മത്സരം. പ്രസ്തുത ലക്കത്തിലെ ആശയങ്ങൾ സംബന്ധിച്ച ഏതാനും ചോദ്യങ്ങൾ ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നതാണ്. ഈ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകുന്നവർക്ക് ആകർഷകമായ സമ്മാനങ്ങൾ ലഭിക്കും. എല്ലാ മാസവും 15-ാം തീയതിക്കകം ശരിയായ ഉത്തരങ്ങൾ പത്രാധിപർ, ജീവനും വെളിച്ചവും, ആനിമേഷൻ സെന്റർ, വെള്ളയമ്പലം, തിരുവനന്തപുരം - 695003 എന്നവിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.**

## ചോദ്യം

1. ഈ രാജ്യത്തെ യുവജനങ്ങളിൽ അഞ്ചിൽ രണ്ടുപേരും മൊബൈൽ ഫോണിന് അടിമകളാണ് ഏതാണീരാജ്യം?
2. ഇന്ത്യയിൽ ഏറ്റവുമധികം മനോരോഗികൾ ഉള്ള സംസ്ഥാനം?
3. കേരളത്തിൽ ഒരു ദിവസം ശരാശരി എത്ര വിവാഹ മോചനങ്ങൾ നടക്കുന്നു?
4. വിശ്വാസം, സ്നേഹം, സമാധാനം ഇവയുടെ സംഗമ സ്ഥലം ഏതാണ്?
5. മദ്യവും മയക്കുമരുന്നും പോലെ മനുഷ്യനെ അടിമയാക്കുന്നതെന്ത്?
6. വിശുദ്ധ കൊച്ചുത്രേസ്യ തന്റെ മരണത്തിന് മുൻപ് പറഞ്ഞതെന്ത്?
7. ക്രിസ്തു നമുക്കായി തന്റെ മനുഷ്യപ്രകൃതിയിൽ നിലകൊള്ളുന്നതു കൊണ്ട് നമുക്ക് പ്രത്യാശയോടെ കൃപാവരത്തിന്റെ സിംഹാസനത്തെ സമീപിക്കാം- പുസ്തകം, അധ്യായം, വാക്യം ഏത്?
8. ഏതൊരു ചെറിയ കാര്യം പോലും ഒത്തിരി സ്നേഹത്തോടെ ചെയ്തിരുന്ന വിശുദ്ധ?
9. മൊബൈലിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം? പതിനഞ്ചു വാക്യങ്ങളിൽ കുറയാതെ എഴുതുക.

## കഴിഞ്ഞ ലക്കത്തിലെ ചോദ്യങ്ങൾക്ക് ശരിയുത്തരം അയച്ചവർ

1. മെഡോണ മാർട്ടിൻ, കണ്ണാന്തുറ
2. നെക്സൺ സി.എ., പൂന്തുറ
3. റോമിയോ എക്സ്. എൽ., വെള്ളയമ്പലം
4. ബൈജുദാസ്, കൊച്ചുതുറ
5. മേരി അലക്സ്, കൊച്ചുതുറ
6. ജിഷ അലക്സ്, കൊച്ചുതുറ
7. ശാലിനി, വലിയതുറ

ചിത്രവും ചരിത്രവും
അഗസ്റ്റിൻ

# പ്രൊഫ : എസ്. റെയ്മണ്ട്



മാതാപിതാക്കളിൽ നിന്ന് പൈതൃകമായി പകർന്നു കിട്ടിയ വിശ്വാസവും അവരുടെ മാതൃകയുമാണ് തന്റെ തിളക്കമാർന്ന ജീവിത വിജയത്തിന് നിദാനമായതെന്ന് വിശ്വസിക്കാൻ ഇഷ്ടപ്പെടുന്ന ഒരു വ്യക്തിത്വത്തിന് ഉടമയാണ് പ്രൊഫ: എസ്. റെയ്മണ്ട്. സാമൂഹ്യ - സാംസ്കാരിക - സഭാപ്രവർത്തനങ്ങളിൽ പിന്നാക്കം നിൽക്കുന്നവരോടു പക്ഷം ചേരാൻ പ്രാപ്തമാക്കിയ തിരുവനന്തപുരം അതിരൂപതാദ്ധ്യക്ഷൻ സൂസപാക്യം തിരുമേനിയുടെ സ്വാധീനത്തെ കുറച്ചു കാണാനും പ്രൊഫ: എസ്. റെയ്മണ്ട് തയ്യാറല്ല. താൻ കൂടി ഉൾപ്പെടുന്ന ലത്തീൻ സമുദായം അനുഭവിച്ചുപോരുന്ന സാക്ഷര-സാമ്പത്തിക-സാമൂഹ്യ ദാരിദ്ര്യത്തിൽ നിന്ന് അവരെ കൈ പിടിച്ചുയർത്താൻ തന്നാലാവുന്നത് ചെയ്യണമെന്നാഗ്രഹിക്കുന്ന പ്രൊഫ: റെയ്മണ്ട് അതിനായി ഇനിയുള്ള കാലം നീക്കിവയ്ക്കുകയാണ്. സഭാതനയരും, സഭാ നേതൃത്വവും തിളക്കമാർന്ന ജീവിതത്തിന് ഉടമകളാകണമെന്നും ആയതിനു വേണ്ടി ചർച്ചകളും സംഭാഷണങ്ങളും ഉണ്ടാകണമെന്നും അല്മായർക്ക് സഭാ ദൗത്യങ്ങളിൽ അർഹിക്കുന്ന പദവിയും പങ്കാളിത്തവും ലഭിക്കണമെന്നും പ്രൊഫ: എസ്. റെയ്മണ്ട് ആഗ്രഹിക്കുന്നു.

ഉദ്യോഗസ്ഥരായ മാതാപിതാക്കളുടെ മകനായി 1954 മെയ് 10ന് തിരുവനന്തപുരത്ത് ജനിച്ചു. അച്ഛൻ സുന്ദരൻ ഇലക്ട്രിസിറ്റി ബോർഡിൽ സൂപ്രണ്ടന്റും അമ്മ കമലമ്മ ടീച്ചറും ആയിരുന്നു. ഉച്ചക്കട സെന്റ് ജോസഫ്സ് സ്കൂളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസവും തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിൽ നിന്ന് പ്രിഡിഗ്രിയും യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ഡിഗ്രിയും ബിരുദാനന്തര ബിരുദവും, എംഫില്ലും കരസ്ഥമാക്കി. നിയമ പഠനവും പൂർത്തിയാക്കി ഇപ്പോൾ ഹിസ്റ്ററി ഓഫ് ദി ലാറ്റിൻ ഡയോസിസ് ഓഫ് ട്രിവാൻഡ്രം - 1937 - 1987 എന്ന വിഷയത്തിൽ ഗവേഷണം നടത്തി പി.എച്ച്.ഡിക്ക് തിസിസ്സ് സമർപ്പിച്ച് കാത്തിരിക്കുകയാണ്.

പട്ടാമ്പി ഗവൺമെന്റ് കോളേജിൽ ചരിത്ര അദ്ധ്യാപകനായിട്ടാണ് ജോലിയിൽ പ്രവേശിക്കുന്നത്. പിന്നീടങ്ങോട്ട് ഇതുവരെ 12 കോളേജിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. ഏറ്റവും ഒടുവിൽ ഇക്കഴിഞ്ഞ മാർച്ച് 31-ന് യൂണിവേഴ്സിറ്റി കോളേജിൽ നിന്നും റിട്ടയർ ചെയ്തു.

***സുകൃതങ്ങൾ***

***പൈതൃകമായി കിട്ടിയ വിശ്വാസം പരിപോഷിപ്പിക്കാൻ കഴിഞ്ഞത്.***

***സ്വസമുദായത്തോട് പുലർത്തിപ്പോരുന്ന സഹിഷ്ണുത.***

***ലത്തീൻ സമുദായം - രാഷ്ട്രീയമായും സാമൂഹ്യമായും വളരണമെന്ന അഭിവാഞ്ചയോടെയുള്ള പ്രവർത്തനം.***

അദ്ധ്യാപനത്തോടൊപ്പം ചരിത്രത്തേയും, പുരാവസ്തുക്കളേയും പ്രണയിച്ച എസ്.റെയ്മണ്ട് ഈ രംഗത്തും തന്റെ വ്യക്തിപ്രഭാവം പ്രകടമാക്കി. 28 വർഷത്തെ ഔദ്യോഗിക ജീവിതത്തിനിടയിൽ 16 വർഷവും അദ്ദേഹം കേരള സംസ്കാരത്തിന്റെയും ചരിത്രത്തിന്റേയും പുരാവസ്തുക്കളുടേയും പ്രണേതാവായിരുന്നു. കേരള ഗസറ്റിയേഴ്സ് വകുപ്പ്, പുരാവസ്തു വകുപ്പ് എന്നിവയുടെ ഡയറക്ടറായിരുന്നുകൊണ്ട് കേരള സംസ്കാരത്തിനും ചരിത്രത്തിനും വേണ്ടി നടത്തിയ സേവനങ്ങൾ നിസ്തുലവും പ്രശംസാർഹവുമായിരുന്നു. സാംസ്കാരികവും ചരിത്രപരവുമായ ഇരുപതിലേറെ പുസ്തകങ്ങൾ സർക്കാരിനുവേണ്ടി എഡിറ്റ് ചെയ്ത് പബ്ളിഷ് ചെയ്തിട്ടുണ്ട്. ഇതിനു പുറമേ ഒട്ടേറെ ഔദ്യോഗിക സമിതികളിലും കമ്മിറ്റികളിലും അംഗമായും സമിതി അദ്ധ്യക്ഷനായും പ്രവർത്തിച്ചു. കേരള സ്റ്റേറ്റ് ആർക്കേവ്സ് അഡ്വൈസറി കൗൺസിൽ കൺവീനർ, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് കൾചറൽ കമ്മിറ്റി കൺവീനർ, മലയാള ലിപി പരിഷ്കരണ സമിതി അംഗം, നാഷണൽ ആർക്കേവ്സ് ഓഫ് ഇന്ത്യ സെൻട്രൽ ഗ്രാന്റ് കമ്മിറ്റി അംഗം എന്നീ നിലകളിലും തന്റെ വ്യക്തി വൈഭവം പ്രകടിപ്പിക്കാൻ പ്രൊഫ: എസ്. റെയ്മണ്ടിനു കഴിഞ്ഞു. ഒട്ടേറെ അക്കാഡമിക് പ്രൊഫഷണൽ അസോസിയേഷനുകളിലും സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കാൻ പ്രൊഫ. റെയ്മണ്ടിന് കഴിഞ്ഞിട്ടുണ്ട്.

ഔദ്യോഗിക ജീവിതത്തിനിടയിലും സ്വസമുദായത്തെയും സഭയെയും നെഞ്ചോടു ചേർത്തു പിടിച്ചു നടന്ന പ്രൊ. എസ്. റെയ്മണ്ട്, വിദ്യാഭ്യാസ - സാമ്പത്തിക - സാമൂഹ്യ രംഗത്ത് പിന്നാക്കം നിൽക്കുന്ന ലത്തീൻ സമുദായാംഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയാണ്. കേരള റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിൽ സംസ്ഥാന ട്രഷറർ, കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ ട്രഷറർ, അതിരൂപതാ പാസ്ട്രൽ കൗൺസിൽ അംഗം എന്നീ നിലകളിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം ഇതിന് നിദാനമാണ്.